Draft

# ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (D.Ed)

എലിമെന്ററി അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി 2014

## അധ്യാപക സഹായി

## സെമസ്റ്റർ - III

**$S_3.P_{14}$ വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ**

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2014

## സെമസ്റ്റർ 3

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_3P_{14}$ | വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ |

| | | |
|---|---|---|
| സ്കോർ | : | നിരന്തര വിലയിരുത്തൽ ( CE) - 20<br>പൊതുപരീക്ഷ ( TE ) - 60 |
| ആകെ സമയം | : | 100 മണിക്കൂർ |
| ഒരു ആഴ്ചയിലെ സമയം | : | 5 മണിക്കൂർ |

## ഉള്ളടക്കം


യൂണിറ്റ് 1 : സാമൂഹിക ജീവിതവും വിദ്യാഭ്യാസവും (സമയം : 20 മണിക്കൂർ)

യൂണിറ്റ് 2 : വിദ്യാഭ്യാസ ദർശനങ്ങൾ (സമയം : 25 മണിക്കൂർ)

യൂണിറ്റ് 3 : ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ചരിത്ര പശ്ചാത്തലം (സമയം : 25 മണിക്കൂർ)

യൂണിറ്റ് 4 : വിദ്യാലയം ഒരു സാമൂഹികസ്ഥാപനം (സമയം 15 മണിക്കൂർ)

യൂണിറ്റ് 5 : വിദ്യാലയസംവിധാനവും മാനേജ്മെന്റും (സമയം : 15 മണിക്കൂർ)

# $S_3P_{14}$ വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ

## യൂണിറ്റ് - I

**സാമൂഹികജീവിതവും വിദ്യാഭ്യാസവും**

**ആമുഖം:**

അധ്യാപക വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനിക വുമായ അടിത്തറയെ കുറിച്ച് ധാരണയുണ്ടാക്കുന്നതിനായി ഡി.എഡ് പാഠ്യപദ്ധതിയിൽ ഉൾപ്പെ ടുത്തിയിരിക്കുന്ന പേപ്പറാണ് 'വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനിക വുമായ അടിത്തറ' എന്നത്.

സാമൂഹിക ജീവിതത്തിൽ വിദ്യാഭ്യാസം ചെലുത്തുന്ന സ്വാധീനവും വിദ്യാഭ്യാസത്തിൽ സമൂ ഹജീവിതത്തിനുള്ള പങ്കും സമഗ്രമായി വിദ്യാഭ്യാസസാമൂഹ്യശാസ്ത്രം കൈകാര്യം ചെയ്യു ന്നു. സമൂഹത്തിന്റെ ഭാഗമായ വിദ്യാർത്ഥി, അധ്യാപകൻ, രക്ഷാകർത്താവ് തുടങ്ങിയവർ തമ്മി ലുള്ള പരസ്പരബന്ധങ്ങളും പ്രവർത്തനങ്ങളും ശാസ്ത്രീയമായി വിവരിക്കുകയും പഠിക്കുക കയും അപഗ്രഥിക്കുകയും നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്യാൻ ഇതിലൂടെ കഴിയുന്നു. വിദ്യാഭ്യാസലക്ഷ്യം, പാഠ്യപദ്ധതി, പഠനതന്ത്രങ്ങൾ, മൂല്യനിർണ്ണയം തുടങ്ങിയ വിദ്യാഭ്യാസ ത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ച് സാമൂഹ്യമായ കാഴ്ചപ്പാട് വളർത്തിയെടുക്കാൻ വിദ്യാ ഭ്യാസത്തിന്റെ സാമുഹികാടിത്തറയെക്കുറിച്ചുള്ള പഠനം അധ്യാപക വിദ്യാർത്ഥികളെ സഹാ യിക്കുന്നു.

മനുഷ്യചിന്തയെ എക്കാലത്തും മഥിച്ചുക്കൊണ്ടിരുന്ന വിശാലമായ പ്രശ്നങ്ങളോട് വിദ്യാഭ്യാസം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന അന്വേഷണമാണ് വിദ്യാഭ്യാസത്തിന്റെ ദാർശനിക അടി ത്തറയുടെ പഠനത്തിലൂടെ ലക്ഷ്യമിടുന്നത്. ജ്ഞാനം, പഠനം, വിദ്യാഭ്യാസം, അധ്യാപകൻ തുട ങ്ങിയ സങ്കൽപ്പനങ്ങൾ ഉരുത്തിരിഞ്ഞത് വളരെ വിശാലമായ കാഴ്ചപ്പാടുകളിലൂടെയാണ് വിദ്യാ ഭ്യാസ ദർശനങ്ങളെക്കുറിച്ചുള്ള പഠനവും വ്യത്യസ്ത വിദ്യാഭ്യാസ ചിന്തകരുടെ വീക്ഷണങ്ങളെ അറിയലും അധ്യാപക വിദ്യാർത്ഥിയെ സംബന്ധിച്ച് പ്രധാനമാണ്.

സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹിക, സാംസ്കാരിക, സാമ്പത്തിക യാഥാർത്ഥ്യങ്ങളോടും വ്യത്യസ്ത കാലഘട്ടങ്ങളിൽ അവയിലൂണ്ടായ മാറ്റങ്ങളോടും പ്രതികരിച്ചുകൊണ്ടാണ് വിദ്യാ ഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും നയങ്ങളും ഉരുത്തിരിയുന്നത് എന്ന ധാരണയാണ് ഈ വിഷയത്തിലൂടെ ഉണ്ടാകേണ്ടത്. വിദ്യാഭ്യാസത്തിന്റെ ചരിത്രം സമകാലിക പ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന ധാരണ അധ്യാപക വിദ്യാർത്ഥിയിൽ ഉണ്ടാക്കാൻ ഈ മേഖ ലയുടെ വിനിമയത്തിലൂടെ കഴിയണം.

1. **(എ) സമൂഹശാസ്ത്രം എന്ത്?**

**സമൂഹശാസ്ത്രത്തിലെ അന്വേഷണ വിഷയങ്ങൾ**

കേരളസമൂഹത്തിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള ചർച്ചയിലൂടെ സമൂഹശാസ്ത്രത്തിന്റെ സവി ശേഷതകളിൽ എത്തിച്ചേരാൻ കഴിയും.

- കേരളീയർ ഉപഭോക്തൃ സമൂഹമാണ്

- കൃഷിയിൽ താത്പര്യം കുറവാണ്
- തൊഴിലില്ലായ്മ പ്രകടമാണ്
- പരിസരമലിനീകരണം വലിയ ഭീഷണിയാണ്
- ജീവിതശൈലീരോഗങ്ങൾ വ്യാപകമാണ്
- വെള്ളക്കോളർ ജോലിയോട് ആഭിമുഖ്യം കൂടുതലാണ്
- ഉയർന്ന സാക്ഷരതയുണ്ട്
- അഴിമതി വ്യാപകമാണ്
- സ്ത്രീപുരുഷ സമത്വം ഇല്ല
- നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ നേരിടുന്നു
- ഊർജപ്രതിസന്ധിയുണ്ട്
- സമുദായശക്തികളുടെ സ്വാധീനം ശക്തമാണ്
- എല്ലാ മേഖലയിലും കമ്പോളവൽക്കരണമുണ്ട്
-
-

പൊതുചർച്ചയിലൂടെ കേരളീയ സമൂഹത്തിന്റെ ഇത്തരം സവിശേഷതകളിൽ എത്തിച്ചേരാൻ കഴിയും. കേരളം ഇത്തരമൊരു സ്ഥിതിയിലെത്താനുള്ള കാരണം എന്താണ്? ഇപ്രകാരമുള്ള അവസ്ഥയുടെ പിന്നിലെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ അടിസ്ഥാനം എന്താണ്?

- കേരളത്തിന്റെ ഉയർന്ന സാക്ഷരത നിരക്ക്, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ഗവൺമെന്റ് നയങ്ങൾ, സാമുദായിക സംഘടനകൾ, പാരമ്പര്യ ഘടകങ്ങൾ, ഗൾഫ് പണം തുടങ്ങിയ ഘടകങ്ങളുടെ സ്വാധീനം എന്താണ്?

ഇത്തരത്തിലുള്ള അന്വേഷണങ്ങളിലൂടെ കേരളത്തെക്കുറിച്ചുള്ള സാമൂഹശാസ്ത്രപരമായ കാഴ്ചപ്പാട് രൂപീകരിക്കാൻ കഴിയും. സാമൂഹിക മാറ്റങ്ങളെ പഠനവിധേയമാക്കുക എന്നതും സമൂഹശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. ചർച്ചയിലൂടെ ഈ ധാരണയിലെത്തിയശേഷം ആധികാരികഗ്രന്ഥങ്ങൾ വായിച്ച് സമുഹശാസ്ത്രത്തെ കുറച്ച് വ്യക്തമായ ധാരണ കൈവരിക്കണം.

സമൂഹത്തെ സംബന്ധിക്കുന്ന ശാസ്ത്രമാണ് സമൂഹശാസ്ത്രം (സോഷ്യോളജി). മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവും ജീവശാസ്ത്രപരവുമായ ബന്ധങ്ങളെ സമഗ്രമായും ശാസ്ത്രീയമായും പഠിക്കുന്ന വിജ്ഞാനശാഖയാണ് ഇത്. സാമ്പത്തികശാസ്ത്രം, ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം മുതലായ സാമൂഹ്യശാസ്ത്രശാഖകൾ മനുഷ്യജീവിതത്തിന്റെ സവിശേഷമായ ചില മേഖലകളെക്കുറിച്ചു പഠിക്കുമ്പോൾ സമൂഹശാസ്ത്രം സാമൂഹ്യ ഇടപഴകലുകളെ (സോഷ്യൽ ഇന്ററാക്ഷൻസ്) സമഗ്രമായി പഠിക്കുന്നു. കുടുംബം, മതം, സംസ്കാരം, സമുദായം, സംഘടനകൾ, സ്ഥാപനങ്ങൾ, സദാചാരങ്ങൾ, സാമൂഹികചലനക്ഷമത തുടങ്ങിയ സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഈ വിജ്ഞാനശാഖ പഠനവിധേയമാക്കുന്നു.

**സമൂഹശാസ്ത്രത്തിന്റെ ഏതാനും നിർവചനങ്ങൾ**

- സമൂഹശാസ്ത്രം സമൂഹബന്ധത്തെക്കുറിച്ചുള്ള പഠനമാണ്

- സംഘങ്ങളും സമൂഹങ്ങളുമായി വർത്തിക്കുമ്പോഴുള്ള മനുഷ്യ വ്യവഹാരങ്ങളെക്കുറിച്ചുള്ള പഠനം
- സമൂഹഘടനകളെയും സമൂഹ പ്രതിഭാസങ്ങളെയും കുറിച്ചുള്ള പഠനം.
- വ്യത്യസ്തതരത്തിലുള്ള മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള പഠനം
- സാമൂഹിക പ്രക്രിയയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം.

ആധുനിക സമൂഹങ്ങൾ വളരെ ആസൂത്രിതമായി പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ്. സഹജവും സ്വാഭാവികവുമായ പുരോഗതിയല്ല, ബോധപൂർവ്വമായ ആസൂത്രണത്തിന്റെ ഫലമായുള്ള വികാസമാണ് ഇന്നത്തെ സമൂഹം ആഗ്രഹിക്കുന്നത്. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളുടെ ആധാരതത്വങ്ങൾ വിശകലനം ചെയ്ത് സാമൂഹ്യജീവിത പ്രതിഭാസത്തെ വ്യാഖ്യാനിക്കുകയാണ് സമൂഹശാസ്ത്രകാരൻമാർ ചെയ്യുന്നത്. ഇത് ജീവിതത്തിന്റെ ഓരോ മേഖലയിലും സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ച് സൂചന നൽകുന്നു. പുരോഗതി ലക്ഷ്യമാക്കി നൂതന മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സമൂഹജീവിതത്തെ സംബന്ധിച്ചുള്ള സമഗ്രമായ പഠനം സഹായിക്കുന്നു.

**സമൂഹശാസ്ത്രവും വിദ്യാഭ്യാസവും സമൂഹഘടനയും വിദ്യാഭ്യാസവും.**

ഇന്ന് അധ്യാപനമേഖല തൊഴിലിനായി തിരഞ്ഞെടുക്കുന്നതിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്? എന്തുകൊണ്ടാണ് ആൺകുട്ടികൾ ഈ തൊഴിലിൽ നിന്നും അകലുന്നത്? പെൺകുട്ടിയ്ക്ക് ഈ മേഖലയിൽ എന്തെങ്കിലും സൗകര്യം കൂടുതലുണ്ടോ? ഇത്തരത്തിലുള്ള ചർച്ചയിലൂടെ ഇതിന്റെ കാരണങ്ങൾ ചുരുളഴിക്കാൻ കഴിയും.

- പെൺകുട്ടികൾക്ക്  അധ്യാപനം സൗകര്യപ്രദമാണെന്ന് പൊതുധാരണയുണ്ട്
- വീടിനടുത്ത് ജോലികിട്ടാനുള്ള സാധ്യത
- ഒഴിവുദിവസം കൂടുതൽ
- താരതമ്യേന എളുപ്പത്തിൽ ജോലി സമ്പാദിക്കാം (എയിഡഡ് മേഖലയിൽ)
- മെച്ചപ്പെട്ട വേതനം
- കുട്ടികളെ സ്നേഹിക്കുന്നതിന് കൂടുതൽ കഴിവുള്ളതിനാൽ
- സമൂഹം ആദരിക്കുന്ന ജോലി ആയതിനാൽ

**ആൺകുട്ടികൾ**

- അകലെപ്പോയി ജോലി സമ്പാദിക്കാൻ സന്നദ്ധതയുണ്ട്. അതിനാൽ ഏതു തൊഴിലും തെരഞ്ഞെടുക്കുന്നു
- പുതിയ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട കോഴ്സുകൾ തിരഞ്ഞെടുക്കുന്നു.
- എൻജിനിയറിംഗ് കോളേജുകൾ കൂടുതലുള്ളതിനാൽ അവിടെ ചേരുന്നു.
- കുടുതൽ മെച്ചപ്പെട്ട വേതനം ആഗ്രഹിക്കുന്നതിനാൽ
- കുട്ടികളെ കൈകാര്യം ചെയ്യുന്നത് വിഷമമാണെന്നു തോന്നുന്നതിനാൽ
- മറ്റു തൊഴിലവസരങ്ങൾ ഉള്ളതിനാൽ
- അധ്യാപന മേഖലയിൽ തൊഴിലവസരങ്ങൾ കുറവായതിനാൽ
- അടിസ്ഥാനയോഗ്യതാപരീക്ഷയിൽ മാർക്ക് കുറവായതിനാൽ

•

സാമൂഹികമായ കാഴ്ചപ്പാടുകളാണ് അധ്യാപനം ഒരു തൊഴിലായി തിരഞ്ഞെടുക്കുന്നതിന് സ്വാധീനിക്കുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. വിദ്യാഭ്യാസ രീതിയും വിദ്യാലയവും സമൂഹത്തിന്റെ സൃഷ്ടിയാണ്. വിദ്യാലയം സാമൂഹ്യ സ്ഥാപനമാണ്. സമൂഹത്തിന്റെ അല്ലെങ്കിൽ രാഷ്ട്രത്തിന്റെ ഇച്ഛകളും കാഴ്ചപ്പാടുകളും വിദ്യാഭ്യാസ രീതിയിൽ പ്രതിഫലിക്കുന്നു. ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതിയും വിഷയ മേഖലകളും ഓരോ കാലത്തും തീരുമാനിക്കുന്നത്. രാഷ്ട്രത്തിനുവേണ്ട മനുഷ്യവിഭവത്തെ വാർത്തെടുക്കുന്ന പ്രക്രിയയാണ് പൊതുവിദ്യാഭ്യാസത്തിലൂടെ നിർവഹിക്കപ്പെടുന്നത്. സാമൂഹിക ശാസ്ത്രപരമായ ഒരു കാഴ്ചപ്പാട് വിദ്യാഭ്യാസരീതി രൂപപ്പെടുത്തുന്നതിന്റെ അടിത്തറയായി വർത്തിക്കുന്നുണ്ടെന്ന് സാരം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നിർണ്ണയിക്കുന്നതു മുതൽ പാഠപുസ്തകങ്ങളുടെ രൂപകല്പന, വിലയിരുത്തൽ രീതി, ബോധനരീതി, വിദ്യാലയങ്ങളുടെ നടത്തിപ്പ് എന്നിവയിലെല്ലാം സമൂഹശാസ്ത്രകാഴ്ചപ്പാടുകളുടെ സ്വാധീനമുണ്ടായിരിക്കും.

സമൂഹശാസ്ത്രത്തിന്റെ പ്രയുക്ത മേഖലകളിൽ ഒന്നാണ് വിദ്യാഭ്യാസ സമൂഹസാസ്ത്രം (Educational Sociology) വിദ്യാഭ്യാസം വ്യക്തിയുടെ സർവതോമുഖമായ വികാസം ലക്ഷ്യം വെയ്ക്കുന്നു. ഇത് സമൂഹജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സമൂഹത്തിലാണ് വ്യക്തി വളരുകയും വികസിക്കുകയും ചെയ്യുന്നത്. ഭാഷ, പെരുമാറ്റ രീതികൾ, വിട്ടുവീഴ്ചചെയ്ത് പൊരുത്തപ്പെട്ടു ജീവിക്കാനുള്ള കഴിവ് എന്നിവയെല്ലാം ഓരോരുത്തരും നേടുന്നത് സാമൂഹിക ജീവിതത്തിന്റെ ഫലമായാണ്. വ്യക്തിത്വ വികസനം നടക്കുന്നത് അതാതു സമൂഹത്തിന്റെ പാരമ്പര്യം അനുസരിച്ചാണ്. ഭാഷ, മതം, സംസ്കാരം, ആചാരങ്ങൾ, ജീവിതരീതികൾ മുതലായവയാണ് സമൂഹത്തിന്റെ പാരമ്പര്യത്തെ നിർണ്ണയിക്കുന്നത്.

വ്യക്തിത്വ വികാസത്തിനുള്ള ഉപാധിയാണ് വിദ്യാഭ്യാസം. ഓരോ സമൂഹത്തിലെയും വിദ്യാഭ്യാസ സംവിധാനങ്ങളും രീതികളും തീരുമാനിക്കപ്പെടുന്ന അവിടങ്ങളിലെ സാമൂഹ്യക്രമങ്ങളെയും രീതികളെയും അടിസ്ഥാനമാക്കിയാണ്. സമൂഹത്തിന്റെ മൂല്യബോധവും ഭാവിയെ കുറിച്ചുള്ള സങ്കല്പങ്ങളും വിദ്യാഭ്യാസരീതിആസൂത്രണം ചെയ്യുന്നതിനെ സ്വാധീനിക്കുന്നു. സമൂഹജീവിതത്തിന്റെ വിവിധ ആശയങ്ങളെക്കുറിച്ചും സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ആവശ്യമായ മനുഷ്യവിഭവത്തെ കുറിച്ചും വ്യക്തമായ ധാരണരൂപപ്പെട്ടെങ്കിൽ മാത്രമേ ദീർഘവീക്ഷണത്തോടുകൂടി വിദ്യാഭ്യാസ രംഗത്ത് ആസൂത്രണം നടത്തുന്നതിന് കഴിയുകയുള്ളൂ.

**വിദ്യാഭ്യാസ സമൂഹശാസ്ത്രത്തിന്റെ ലക്ഷ്യങ്ങൾ**

**വിദ്യാലയത്തിൽ പാലിക്കപ്പെടുന്നതും അല്ലാത്തതുമായ ചില ക്രമങ്ങളും ചിട്ടകളും - സാമ്പിൾ സൂചകങ്ങൾ**

1. കുട്ടികൾ കൃത്യനിഷ്ഠ/സമയനിഷ്ഠ പാലിക്കേണ്ടതാണ്
2. അധ്യാപകർ സ്കൂളിൽ താമസിച്ചു വരുന്നതിൽ തെറ്റില്ല
3. കുട്ടികൾ കളികളിൽ പങ്കെടുത്ത് സമയം കളയേണ്ടതില്ല
4. കലാകായിക മികവുകൾ വളർത്തുന്നതിന് സ്കൂളിൽ അവസരങ്ങളുണ്ട്
5. അധ്യാപകനും വിദ്യാർത്ഥിയും സുഹൃത്തുക്കളെപ്പോലെ പെരുമാറണം
6. ക്ലാസിനകത്തിരുന്നു ലൈബ്രറിപ്പുസ്തകങ്ങൾ വായിക്കുന്നു
7. കുട്ടികളെ സ്കൂളിൽ ചേർത്തുകഴിഞ്ഞാൽ അവരുടെ പഠനത്തിന്റെ പൂർണ്ണ ഉത്തരവാദി

അധ്യാപകനാണ്

8. കുട്ടികൾ ഗൃഹപാഠം കൃത്യമായി ചെയ്യേണ്ടതാണ്
9. അധ്യാപകരെ ബഹുമാനിക്കുന്നു
10. സ്കൂളിൽ അധ്യാപക രക്ഷാകർതൃസമിതി പ്രവർത്തിക്കുന്നുണ്ട്
11. പ്രഥമാധ്യാപകനൊഴിച്ച് മറ്റൊരാളും അധ്യാപകരുടെ ക്ലാസ് നിരീക്ഷിക്കരുത്
12. അധ്യാപകൻ വിദ്യാർത്ഥികളെ ഇടയ്ക്കിടയക്ക് ശിക്ഷിക്കണം
13. ക്ലാസിലെ കുട്ടികളിലാരും പ്രത്യേക പരിഗണന അർഹിക്കുന്നില്ല
14. അധ്യാപിക നിർബന്ധമായും ക്ലാസിൽ ടീച്ചിങ് മാന്വൽ കരുതേണ്ടതാണ്..
15. നിരന്തരവിലയിരുത്തൽ നിർബന്ധമായും നടത്തേണ്ടതാണ്.

- 
- 
- 
- വിദ്യാലയത്തിൽ പാലിക്കേണ്ടതും അല്ലാത്തുമായ കാര്യങ്ങളടങ്ങിയ സൂചകങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സ്വന്തം ധാരണയനുസരിച്ച് അധ്യാപക വിദ്യാർത്ഥികൾ ഇവയോട് പ്രതികരിക്കട്ടെ. ഇതിൽ നിന്നും വിദ്യാലയത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണങ്ങൾ മനസ്സിലാക്കാം. വിദ്യാലയം ഒരു സാമൂഹിക സ്ഥാപനമായതുകൊണ്ട് ഓരോ സമൂഹത്തിനും അതിനെക്കുറിച്ച് ചില സങ്കല്പങ്ങൾ ഉണ്ട്. വിദ്യാലയത്തിന്റെയും പൊതുവിൽ വിദ്യാഭ്യാസത്തിന്റെയും സാമൂഹിക തലത്തെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ വിദ്യാഭ്യാസ സമൂഹശാസ്ത്രം (Educational Sociology) ത്തിൽ അറിവുണ്ടാകുന്നത് അത്യന്താപേക്ഷിതമാണ്.

സമൂഹശാസ്ത്രത്തിന്റെ ശാസ്ത്രീയ രീതികളും തത്വങ്ങളും അവലംബിച്ച് വിദ്യാഭ്യാസത്തെക്കുറിച്ച് നടത്തുന്ന പഠനമാണ് വിദ്യാഭ്യാസ സമൂഹശാസ്ത്രം.

- വിദ്യാഭ്യാസത്തിന് കുടുംബം, പ്രാദേശിക സമൂഹം, രാഷ്ട്രം എന്നിവയുമായുള്ള ബന്ധത്തെക്കുറിച്ച്
- വിദ്യാലയത്തിൽ അധ്യാപകാധ്യേതാക്കൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച്

ഇങ്ങനെ പ്രധാനമായും രണ്ടുതരം പഠനങ്ങൾ വിദ്യാഭ്യാസ സമൂഹശാസ്ത്രത്തിൽ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ സാമൂഹിക തലത്തെക്കുറിച്ച് അല്ലെങ്കിൽ പ്രക്രിയയെക്കുറിച്ച് പഠിക്കുമ്പോൾ ഇനിപ്പറയുന്ന ഘടകങ്ങളെക്കുറിച്ച് അന്വേഷണങ്ങൾ നടത്തുന്നതായിക്കാണാം.

- അധ്യാപകവിദ്യാർത്ഥികൾ തമ്മിലുള്ള ബന്ധം
- സമൂഹത്തിലുള്ള അധ്യാപകന്റെ സ്ഥാനം
- സാമൂഹ്യപ്രശ്നങ്ങൾ, ആവശ്യങ്ങൾ, ആഗ്രഹങ്ങൾ
- സ്കൂളും പ്രാദേശിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം
- സ്കൂളിൽ സാമൂഹിക ജീവിതത്തിന്റെ സ്വാധീനം
- സമൂഹത്തിലെ ചെറുയൂണിറ്റുകളും അവ തമ്മിലുള്ള ബന്ധങ്ങളും
- വിദ്യാലയത്തിലെ ജനാധിപത്യബോധത്തിന്റെ വളർച്ച

- വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയക്കു വേണ്ടി പാഠ്യപദ്ധതിയിൽ വരുത്തേണ്ട മാറ്റങ്ങൾ
- വിമർശനാത്മക ചിന്തയുടെ പ്രോത്സാഹനം
- മാധ്യമപഠനം
- കുട്ടിയുടെ വികാസത്തിന് .പര്യാപ്തമായ ബോധനരീതികൾ
- സാമൂഹ്യ നിയന്ത്രണങ്ങളെയും സാമൂഹ്യപുരോഗതിയെയും കുറിച്ചുള്ള അന്വേഷണങ്ങൾ
-

ആകെക്കൂടി വിദ്യാലയവും സമൂഹവും, അധ്യാപകനും വിദ്യാർത്ഥിയും, അധ്യാപകനും സമൂഹവും വിദ്യാലയ പ്രക്രിയകൾ എന്നിവയെക്കുറിച്ചു പഠനം നടത്തുകയും വിദ്യഭ്യാസരീതിയും വിദ്യാലയ പ്രക്രിയകളും രൂപപ്പെടുത്തുന്നതിന് ആവശ്യമായ ആശയങ്ങൾ പ്രദാനം ചെയ്യുകയുമാണ് വിദ്യാഭ്യാസ സമൂഹശാസ്ത്രത്തിന്റെ ലക്ഷ്യം.

**സാമൂഹികഘടകങ്ങളുടെ സ്വാധീനം വ്യക്തിയിൽ**

**ചെക്ക് ലിസ്റ്റ് - സാമ്പിൾ പ്രസ്താവനകൾ**

1. ദിവസവും കൃത്യമായ പത്രങ്ങൾ വായിക്കാറുണ്ട്
2. അടുത്തുള്ള ഗ്രന്ഥശാലയിൽ അംഗമാണ്. അതിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്.
3. ആഴ്ചയിൽ കുറഞ്ഞത് ഒരു പുസ്തകമെങ്കിലും വായിക്കാറുണ്ട്
4. സന്നദ്ധസംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കാറുണ്ട്
5. അയൽവീടുകളിലും മറ്റും സന്ദർശിക്കാറുണ്ട്.
6. സുഹൃത്തുക്കളെയും അയൽക്കാരെയും ആവശ്യഘട്ടങ്ങളിൽ സഹായിക്കാറുണ്ട്
7. നാട്ടിൽ നടക്കുന്ന ചടങ്ങുകളിലും മറ്റും സംബന്ധിക്കുകയും നേതൃത്വപരമായ പങ്കു വഹിക്കുകയും ചെയ്യാറുണ്ട്.
8. രാഷ്ട്രീയ/മതസംഘടനകളിൽ പ്രവർത്തിക്കുന്നു
9. കൂട്ടുകാരോടൊപ്പം വിനോദങ്ങളിൽ ഏർപ്പെടാറുണ്ട്
10. നടന്ന കാര്യങ്ങൾ അച്ഛനമ്മമാരുമായി പങ്കുവെക്കാറുണ്ട്
11. കലാസാംസ്കാരിക പരിപാടികളിൽ/ഉത്സവങ്ങളിൽ പങ്കെടുക്കാറുണ്ട്, ആസ്വദിക്കാറുണ്ട്
12. സമീപപ്രദേശത്തെ ക്ലബിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്. സംഘാടനത്തിൽ നേതൃത്വം വഹിക്കാറുണ്ട്
13. അച്ഛനമ്മമാർ, മുതിർന്നവർ തുടങ്ങിയവരെ ബഹുമാനിക്കുന്നു.

14. വീട്ടിൽവെച്ചു ശ്രദ്ധയോടെ പഠിക്കാൻ ശ്രമിക്കാറുണ്ട്

15. സംശയങ്ങൾ അറിവുള്ളവരോട് ചോദിച്ചു മനസ്സിലാക്കാൻ ശ്രമിക്കാറുണ്ട്

### സാമൂഹികഘടകങ്ങൾ വ്യക്തിയിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നു

മുകളിൽ കൊടുത്ത പ്രസ്താവനകളോടുള്ള സത്യസന്ധമായ പ്രതികരണങ്ങൾ ചർച്ചയ്ക്കു വിധേയമാക്കുക വഴി അധ്യാപക വിദ്യാർത്ഥികളുടെ നേതൃപാടവം, പഠനാഭിമുഖ്യം എന്നിവ കണ്ടെത്താൻ കഴിയും. സാമൂഹ്യബന്ധം, വായന എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് പോസിറ്റീവായി പ്രതികരിക്കുന്നുണ്ടെങ്കിൽ ആ വിദ്യാർത്ഥി നേതൃപാടവവും പഠനനിലവാരവും ഉള്ള കുട്ടിയായിരിക്കാൻ സാധ്യതയുണ്ട്. കുട്ടിയുടെ സാമൂഹ്യബന്ധം നേതൃപാടവം വളർത്തുന്നതിനും വായന പഠനനിലവാരം ഉയർത്തുന്നതിനും കാരണമാകുന്നു.

സാമൂഹ്യഇടപഴകലുകൾ വ്യക്തിയെ സ്വാധീനിക്കുകയും വ്യക്തിത്വം രൂപപ്പെടുത്തുന്നതിന് കാതലായ പങ്ക് വഹിക്കുകയും ചെയ്യുന്നു. കുട്ടി ജനിച്ചു വീഴുന്ന കുടുംബം, മതം, സംസ്കാരം, സമ്പദ് വ്യവസ്ഥ, രാഷ്ട്രീയ സ്ഥിതി എന്നിവയാണ് വ്യക്തിയെ സ്വാധീനിക്കുന്ന പ്രധാനപ്പെട്ട സാമൂഹിക ഘടകങ്ങൾ

കുടുംബത്തിൽ അച്ഛനമ്മമാർ, സഹോദരങ്ങൾ, മറ്റു ബന്ധുക്കൾ എന്നിവർ കുട്ടിയെ ഏറ്റവുമധികം സ്വാധീനിക്കുന്നു. ആരോഗ്യകരമായ കുടുംബ സാഹചര്യത്തിൽ വളരുന്ന കുട്ടി ആത്മവിശ്വാസവും നേതൃപാടവവും ഉള്ള കുട്ടിയായി മാറുമ്പോൾ മോശം സാഹചര്യത്തിൽ വളരുന്നവർ നിഷേധവും തിന്മയും പ്രകടിപ്പിക്കുന്നവരായിത്തീരുന്നു. ഓരോ വ്യക്തിയെയും രൂപപ്പെടുത്തുന്നതിൽ കുടുംബത്തിനു സുപ്രധാനമായ പങ്കുണ്ട് എന്ന് ഇതു കാണിക്കുന്നു.

മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ മതത്തിന് വളരെയധികം സ്വാധീനമുണ്ട്. വ്യക്തിയിൽ ഭയം, ഭക്തി, സ്നേഹം, ആദരവ് എന്നിവ ജനിപ്പിക്കുവാൻ മതവിശ്വാസം പര്യാപ്തമാണ്. മതവും സംസ്കാരവും തമ്മിലും മതവും വിദ്യാഭ്യാസവും തമ്മിലും വളരെയധികം ബന്ധമുണ്ട്. ജനങ്ങളുടെ മൂല്യബോധം വിദ്യാഭ്യാസ രീതിയെയും ഉള്ളടക്കത്തെയും സ്വാധീനിക്കുന്നുണ്ട്.

സംസ്കാര സംരക്ഷണവും സംസ്കാരത്തിന്റെ പ്രേഷണവും രൂപാന്തരീകരണവും വിദ്യാഭ്യാസത്തിന്റെ ചുമതലകളാണ്. ഒരു പ്രത്യേക സമുഹിത്തലെ അംഗങ്ങൾ സ്വീകരിക്കുന്നതും പിൻതലമുറകളിലേക്ക് കൈമാറ്റം ചെയ്യുന്നതുമായ പെരുമാറ്റരീതികളെന്ന് സംസ്കാരത്തെക്കുറിച്ചു പറയാം. സമൂഹജീവിതത്തിലെ ആവശ്യങ്ങളും ധർമ്മങ്ങളും നിറവേറ്റാൻ സ്വീകരിക്കപ്പെടുന്ന ജീവിതരീതിയാണ് ഇത്. ഇത് സമൂഹപാരമ്പര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. സമൂഹം വിലമതിക്കുന്നതും ആദരിക്കുന്നതുമായ വിജ്ഞാനമാണ് വിദ്യാഭ്യാസത്തിലൂടെ പകർന്നു നൽകേണ്ടത്. സമൂഹത്തിലെ ജീവിതരീതികൾ, സംസ്കാരമൂല്യങ്ങൾ എന്നിവരും തലമുറയിലേക്ക് കൈമാറ്റം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിജ്ഞാനം തീരുമാനിക്കുന്നത്.

സമ്പദ്‌വ്യവസ്ഥ സാമൂഹ്യഘടനയെയും ജീവിതരീതിയെയും നിർണ്ണയിക്കുന്ന സുപ്രധാന ഘടകമാണ്. ഓരോ നാട്ടിലെ വിദ്യാഭ്യാസവും ആ നാട്ടിലെ സമ്പദ്‌വ്യവസ്ഥയ്ക്ക് അനുസൃതമായിരിക്കും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമൂഹങ്ങൾ ജീവിക്കുന്ന നാട്ടിൽ വിദ്യാഭ്യാസം സൗജന്യമായിരിക്കണം എന്നും തീരുമാനിക്കപ്പെടാം. വ്യവസായവൽക്കരണം അതിദ്രുതം വളർന്നുകൊണ്ടിരിക്കുന്നിടത്ത് സാങ്കേതിക വിദ്യാഭ്യാസത്തിനും വ്യവസായത്തൊഴിലുകൾ പഠിപ്പിക്കുന്നതിനും പര്യാപ്തമായ കോഴ്സുകൾ തുടങ്ങും. കാർഷിക രംഗത്തിന്റെ വികസനം നടക്കണമെങ്കിൽ അതിനുതകുന്ന ശേഷിയും ധാരണയും വളർത്തുന്ന ഉള്ളടക്കം വിദ്യാഭ്യാസത്തിന് ഉണ്ടാകണം. സോഷ്യലിസ്റ്റ് സാമൂഹികക്രമം കെട്ടിപ്പടുക്കണം എന്നാഗ്രഹിക്കുന്ന

രാജ്യത്ത് അതിനാവശ്യമായ ബോധവൽക്കരണം നടത്തുന്ന ഉള്ളടക്കം വേണം. നിലവിലുള്ള സമ്പദ്‌വ്യവസ്ഥയെ നിലനിർത്താനും മെച്ചപ്പെടുത്താനും മാറ്റിത്തീർക്കാനും കരുത്തുള്ള സുപ്രധാനമായ പ്രവർത്തനമേഖലയാണ് വിദ്യാഭ്യാസം.

രാഷ്ട്രീയ സ്ഥിതി വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ്. ഒരു രാജ്യത്ത് നിലനിൽക്കുന്ന രാഷ്ട്രീയ വ്യവസ്ഥിതി അവിടുത്തെ വിദ്യാഭ്യാസത്തിലും നിഴലിക്കും. ജനാധിപത്യ രാജ്യത്തെപ്പോലെ വ്യക്തിസ്വാതന്ത്ര്യം ഒരു ഏകാധിപത്യ സമൂഹത്തിൽ ഉണ്ടായിരിക്കില്ല. ജനാധിപത്യക്രമത്തിൽ അധ്യാപകവിദ്യാർത്ഥിബന്ധവും പാഠ്യപദ്ധതിയും അതിനനുസൃതമായിരിക്കും. വിദ്യാഭ്യാസലക്ഷ്യങ്ങളും രീതികളും തെരഞ്ഞെടുക്കപ്പെടുന്നത് ഓരോ വ്യവസ്ഥിതിയിലും അതിനനുസരിച്ച രീതിയിലായിരിക്കും.

### 1. ബി. വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളും ഏജൻസികളും

കുടുംബം, മതം, എന്നിവയായിരുന്നു ആദ്യകാലത്ത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നത്. ഇന്നാകട്ടെ സാർവത്രികവിദ്യാഭ്യാസം സമൂഹവും രാഷ്ട്രവും ഒരു പ്രധാനലക്ഷ്യമായി അംഗീകരിച്ചതോടെ സ്വകാര്യവ്യക്തികളും ഗവൺമെന്റും ഈ മേഖലയിലെ പ്രധാനപ്പെട്ട ഏജൻസികളായി തീർന്നിരിക്കുന്നു.

- അധ്യാപക വിദ്യാർത്ഥികൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏജൻസികളുടെ പട്ടിക തയ്യാറാക്കട്ടെ. ഔപചാരികവും അനൗപചാരികവുമായ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളെ കണ്ടെത്താൻ ശ്രദ്ധിക്കണം. വിദ്യാഭ്യാസ രംഗത്ത് ഇവർ നടത്തുന്ന സേവനങ്ങൾ ചർച്ച ചെയ്യുക.

| വിദ്യാഭ്യാസ ഏജൻസികൾ/ സ്ഥാപനങ്ങൾ | സ്വഭാവം (ഔപചാരിക/അനൗപചാരിക) | നടത്തുന്ന സേവനങ്ങൾ |
|---|---|---|
| | | |

ഇന്ത്യയിലെ സംസ്ഥാനങ്ങൾ. കേന്ദ്രഭരണപ്രദേശങ്ങൾ എന്നിവിടങ്ങളിലെ സാക്ഷരതാനിരക്കു കാണിക്കുന്ന പട്ടിക പ്രദർശിപ്പിക്കുന്നു. (അവലംബം : സെൻസസ് റിപ്പോർട്ട് 2011) ഇതിന്റെ അടിസ്ഥാനത്തിലുള്ള പൊതുചർച്ച.

കേരളത്തിന്റെ ഉയർന്ന സാക്ഷരതാനിരക്കിന്റെ കാരണങ്ങൾ എന്താണ്?

- പൊതുവിദ്യാലയങ്ങളുടെ വ്യാപനം
- സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ
- ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനങ്ങൾ
- ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായത്തിന്റെ ആരംഭം 1817 ൽ തിരുവിതാംകൂറിലെ റാണി ഗൗരി പാർവതി ഭായിയുടെ വിളംബരം - ഭരണകൂടം വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു.
- ദേശീയ പ്രസ്ഥാനങ്ങളുടെ ഇടപെടൽ
- സ്വകാര്യമേഖലയുടെ സംഭാവനകൾ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിൽ സേവനസന്നദ്ധതയ്ക്കായിരുന്നു അന്നു മുൻതൂക്കം.
- 1940 കളോടെ ഉച്ചഭക്ഷണപരിപാടി

ഇപ്രകാരം കേരളത്തിലെ വിദ്യാഭ്യാസ വ്യാപനത്തിന് സഹായകമായിത്തീർന്ന ചരിത്രപ്രാധാന്യമുള്ള ഒട്ടേറെ സംഭവങ്ങളുണ്ട്. സ്കൂൾ വിദ്യാഭ്യാസം ഇന്ന് സൗജന്യമാണ്. എല്ലാ വിഭാഗം കുട്ടികളും സ്കൂളുകളിലെത്തുകയും ചെയ്യുന്നുണ്ട്.

വിദ്യാഭ്യാസത്തിൽ ഔപചാരികവും അനൗപചാരികവുമായ ഏജൻസികൾക്ക് ഒരുപോലെ പ്രാധാന്യമുണ്ട്. സ്കൂൾ, ലൈബ്രറികൾ, ടി.വി, റേഡിയോ തുടങ്ങിയവയിലെ വിദ്യാഭ്യാസ പരിപാടികൾ, പിക്ചർ ഗാലറികൾ മുതലായവ വിദ്യാഭ്യാസ ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. അതുകൊണ്ട് ഇവയെ വിദ്യാഭ്യാസത്തിനുള്ള ഔപചാരിക ഏജൻസികൾ എന്നു വിളിക്കുന്നു.

കുടുംബം, സമുദായം, മതം, പ്രദർശനങ്ങൾ, ആഘോഷങ്ങൾ, കളികൾ എന്നിവയിൽ നിന്നും കുട്ടികൾ നേരിട്ടല്ലാതെ, പരോക്ഷമായി മൂല്യങ്ങളും മനോഭാവങ്ങളും ശേഷികളും നൈപുണികളും ആർജ്ജിക്കുന്നുണ്ട്. കുട്ടിയുടെ വളർച്ചയിലും വികാസത്തിലും ഇവ പങ്കു വഹിക്കുന്നുണ്ട്. അതുകൊണ്ട് ഇവയെ വിദ്യാഭ്യാസത്തിനുള്ള അനൗപചാരിക ഏജൻസികൾ എന്നു വിളിക്കാം.

ഔപചാരിക ഏജൻസികൾ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ളവയാണ്. ചരിത്രം, ഓരോ കാലത്തെയും സാംസ്കാരിക മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവയെല്ലാം തീരുമാനിച്ചുറപ്പിച്ച് അവയ്ക്കുള്ള അനുഭവങ്ങൾ നൽകുന്നവയാണ് ഇവ. അനൗപചാരിക ഏജൻസികളായ കുടുംബം, സമുദായം മുതലായവ കേവലം വിദ്യാഭ്യാസ ലക്ഷ്യങ്ങളോടെയല്ല പ്രവർത്തിക്കുന്നത്. എന്നാൽ പരോക്ഷമായി ഇവ അതിലെ അംഗങ്ങളെ സാമൂഹികവൽക്കരിക്കുന്നവയാണ്. ഇവ അംഗങ്ങളിൽ നേതൃപാടവം, ആസൂത്രണശേഷി സംഘബോധം, സഹകരണമനോഭാവം മുതലായ ശേഷികളും മനോഭാവങ്ങളും വളർത്തുന്നു.

## 1.സി സമൂഹവും വിദ്യഭ്യാസവും - കേരളീയ സമൂഹത്തിലെ സമകാലിക പ്രവണതകൾ

- എങ്ങനെയുള്ള കോഴ്സുകളോടാണ് കുട്ടികൾക്ക് താൽപര്യം കൂടുതൽ?
- ഏതു മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് കൂടുതലായി ഉണ്ടാകുന്നത്?
- പുതിയ പഠനവിഷയങ്ങൾ ഏതൊക്കെയാണ്?

പൊതുചർച്ചയിലൂടെ വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ പ്രവണതയിൽ എത്തിച്ചേരാൻ കഴിയും

- പ്രൊഫഷണൽ കോളേജുകൾ പെരുകുന്നു. ഏൻജിനിയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകൾ
- ഐ.ടി അധിഷ്ഠിത കോഴ്സുകൾ
- ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ വിഷയങ്ങളിൽ കോഴ്സുകൾ- ഐ.ടി അധിഷ്ഠിത കോഴ്സുകൾ, ബിസിനസ് അഡ്മിനിസ്ട്രേഷൻ ഡിഗ്രികൾ മുതലായവ തുടങ്ങുന്നു.
- പരമ്പരാഗത ഡിഗ്രികോഴ്സുകളോട് ആഭിമുഖ്യം കുറഞ്ഞു വരുന്നു.
- കൂടുതൽ പണം കിട്ടുന്ന തൊഴിലുകൾ അന്വേഷിച്ചു പോകുന്നു. ഗൾഫ്, മറ്റു വിദേശനാടുകൾ മുതലായ ഇടങ്ങളിലേക്ക് പോകണമെന്ന് ആഗ്രഹിക്കുന്നു.
-

ചർച്ചയിലൂടെ ലഭിക്കുന്ന ആശയങ്ങൾ ക്രോഡീകരിച്ച് കുറിപ്പു തയ്യാറാക്കട്ടെ.

### സമൂഹവും വിദ്യാഭ്യാസവും

1.എ യിൽ കൊടുത്ത ഉള്ളടക്കവുമായി ബന്ധപ്പെടുത്തി സമൂഹവും വിദ്യാഭ്യാസവും, വിദ്യാഭ്യാസവും സമൂഹവും, വിദ്യാഭ്യാസവും സാമൂഹ്യമാറ്റവും തുടങ്ങിയ ആശയങ്ങൾ ചർച്ച ചെയ്യപ്പെടണം.

- ജാതി, മത, വർഗപരമായ അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ തുടങ്ങി സാമൂഹ്യവൽക്കരണത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളെ തട്ടിമാറ്റുക എന്നത് വിദ്യാഭ്യാസം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനമാണ്.
- ജീവനശേഷി (ലൈഫ് സ്കിൽ) യുടെ ആർജ്ജനം വഴി ജീവിതത്തിൽ സ്വയം വികാസവും പരസ്പരാടിസ്ഥാനത്തിലുള്ള സാമൂഹ്യപുരോഗതിയും ഉറപ്പിക്കാൻ കഴിയുന്നു.
- മനുഷ്യൻ ഒരു സാമൂഹ്യജീവി ആണ്. ജീവിതനിലവാരമുയർത്താൻ തൊഴിൽ ആവശ്യമാണ്. തൊഴിൽ നേടാൻ വിദ്യാഭ്യാസവും. അങ്ങനെ വിദ്യാഭ്യാസം സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നു.
- സാംസ്കാരിക പുരോഗതി, സംസ്കാരസംരക്ഷണം, സാംസ്കാരിക വിനിമയം.... തുടങ്ങിയവ വിദ്യാഭ്യാസത്തിന്റെ ധർമ്മമാണ്.

**1. ഡി. സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ - സർവ്വേ ഫോറം**

**സാമ്പിൾ**

കുട്ടിയുടെ പേര് - ----------------------------------------

പഠിക്കുന്ന ക്ലാസ് - ----------------------------------------

സ്കൂളിന്റെ പേര് - ----------------------------------------

നേടിയ അംഗീകാരങ്ങളുടെ വിവരം - ----------------------------------------

(എ) മാതാപിതാക്കളെ സംബന്ധിച്ച വിശദാംശങ്ങൾ

| പിതാവ് | മാതാവ് | |
|---|---|---|
| • പേര്<br>• തൊഴിൽ<br>• വരുമാനം<br>• വിദ്യാഭ്യാസ യോഗ്യത<br>•<br>• | | |

(ബി) വീടിനെക്കുറിച്ച് - • ഓല/ഓട്/ടെറസ്

• ഒറ്റനില/ഇരുനില

• സിമന്റ് തറ/മാർബിൾ/മൊസൈക്കേ/ഗ്രാനൈറ്റ്/ടെയിൽസ്/ വെറും തറ

(സി) വീട്ടിലെ ഉപകരണങ്ങൾ - ഫ്രിഡ്ജ്/കുക്കർ/വാഷിങ് മെഷീൻ/എയർ കണ്ടീഷണർ/ ഫോൺ/കാർ/മോട്ടോർ ബൈക്ക്

(ഡി) വീട്ടിലെ അംഗങ്ങളുടെ എണ്ണം -

• അവർ ആരൊക്കെ -

• എന്ത് ചെയ്യുന്നു -

• സർവ്വെ ഫലങ്ങൾ കുട്ടികളുടെ പ്രകടനങ്ങളെ എത്രത്തോളം സാധൂകരിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

## 1.ഡി ഇന്ത്യൻ വിദ്യാഭ്യാസത്തിലെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ

സർവെ ഫലങ്ങൾ ക്രോഡീകരിച്ചതിനുശേഷം വിദ്യാഭ്യാസ പ്രക്രിയയെ സ്വാധീനിക്കുന്ന സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ ധാരണ കൈവരിക്കുന്നതിനുവേണ്ടി വായനയും ചർച്ചയും നടത്തണം.

സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇന്ത്യ വിദ്യാഭ്യാസരംഗത്ത് വളരെയധികം വളർച്ച കൈവരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും ഉയർന്ന സാക്ഷരതാ നിരക്കുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. എങ്കിലും സ്ത്രീ സാക്ഷരത. വിദ്യാഭ്യാസ ഗുണമേന്മ എന്നിവയിൽ നാം വളരെ പിന്നിലാണ്. പല സംസ്ഥാനങ്ങളിലും സ്കൂളിലെത്താത്ത കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്.

ഇന്ത്യയിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വലിയൊരു വിഭാഗം കുട്ടികൾ ഭാഷയിലും ഗണിതത്തിലും അടിസ്ഥാനശേഷികൾ കൈവരിക്കാത്തവരാണെന്ന് പഠനങ്ങൾ കാണിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ ജീവിതപുരോഗതി കൈവരിക്കാൻ ഇങ്ങനെയുള്ളവർക്ക് കഴിയില്ല. ഇതിന്റെ കാരണങ്ങൾ എന്താണ്?

ഇന്ത്യയിലെ 27 കോടി ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 23.95 ലക്ഷം (ഇരുപത്തിമൂന്നു ലക്ഷത്തി തൊണ്ണൂറ്റമ്പതിനായിരം) ജനങ്ങളുണ്ട്. കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് അവരുടെ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് അയയ്ക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളിൽ കുട്ടികൾ തൊഴിലിന് അയയ്ക്കപ്പെടുകയോ പെൺകുട്ടികൾ ഇളയ കുട്ടികളെ പരിചരിച്ചുകൊണ്ട് വീട്ടിലിരിക്കുകയോ ചെയ്യാൻ ഇടയുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പണം ചെലവഴിക്കാനുള്ള ശേഷി ഇത്തരം കുടുംബങ്ങൾക്കില്ല. ദാരിദ്ര്യത്തിനുള്ള ഒരു പ്രധാന കാരണം തൊഴിലില്ലായ്മയാണ്. സ്വന്തമായി ഭൂമിയോ കാർഷിക വരുമാനമോ ഇല്ലാത്തതുകൊണ്ട് കൂലിപ്പണിയെടുത്തു ജീവിക്കേണ്ടി വരുന്നവർ വളരെയധികമുള്ള രാജ്യമാണ് ഇന്ത്യ. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ തൊഴിൽ ലഭിക്കാതാകുമ്പോൾ ജീവിതം വഴി മുട്ടുന്നു. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം എന്നിവയെല്ലാം സ്വപ്നം മാത്രമായി മാറുന്നു.

കുടുംബങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്നുണ്ട്. കൂട്ടുകുടുംബങ്ങളായി ജീവിച്ചിരുന്ന കാലത്ത് മുത്തശ്ശന്റെയും മുത്തശ്ശിയുടെയും സ്നേഹവും വാത്സല്യവും പരിചരണവും കുട്ടികൾക്ക് ലഭിച്ചിരുന്നു. വിദ്യാഭ്യാസത്തിനുള്ള അനൗപചാരിക ഏജൻസി എന്ന നിലയിൽ കുടുംബം അതിന്റെ കടമകൾ നന്നായി നിർവഹിച്ചിരുന്നത് കൂട്ടുകുടുംബങ്ങളിലായിരുന്നു. കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ത്യാഗത്തിന്റെയും പാഠങ്ങൾ കൂട്ടുകുടുംബങ്ങളിൽ നിന്നും കുട്ടികൾ സ്വാംശീകരിച്ചു. കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി മാറിയതോടെ ഇതിനുള്ള അവസരം കുട്ടിയ്ക്കു കുറഞ്ഞു. അച്ഛനമ്മമാർ തൊഴിലിനു പോകുമ്പോൾ കുട്ടികളെ ശ്രദ്ധിക്കുന്നതിന് ആളില്ലാതാകുന്നത് അണുകുടുംബങ്ങൾ നേരിടുന്ന വലിയ പ്രശ്നമാണ്.

സാമ്പത്തികമായി വ്യത്യസ്ത തട്ടുകളിലുള്ള സമൂഹമാണ് നമ്മുടേത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഗവൺമെന്റ് സ്കൂളുകളുടെ സ്ഥിതി ശോചനീയമാണ്. യോഗ്യരായ അധ്യാപകരോ വേണ്ടത്ര സൗകര്യങ്ങളോ അവിടെയില്ല. രക്ഷിതാക്കളുടെയും കുടുംബത്തിന്റെയും നിരക്ഷരത കാരണം കുട്ടികളെ പഠനകാര്യത്തിൽ സഹായിക്കാൻ അവർക്കു കഴിയില്ല. നിരക്ഷരരായ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അറിയാത്തതുകൊണ്ട് കുട്ടികളെ സ്കൂളിലേയ്ക്ക് അയക്കാതിരിക്കുന്ന സ്ഥിതിയും ഉണ്ട്. വിദ്യാഭ്യാസപരമായി പിന്നിൽ നിൽക്കുന്ന പല സംസ്ഥാനങ്ങളിലെയും പിന്നാക്കാവസ്ഥയ്ക്കു കാരണം ദാരിദ്ര്യവും നിരക്ഷരതയും ആണ്.

കേരളം പോലുള്ള സംസ്ഥാനങ്ങൾ വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ മറ്റു ചിലതാണ്. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം മുഖ്യമായ ഒരു വിഷയമാണ്. സ്കൂൾ

വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും ഏറെക്കുറെ സൗജന്യമായിരുന്നതിനാൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കു പോലും പഠിച്ചുയരാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. എന്നാൽ പൊതു വിദ്യാലയങ്ങളും പൊതുവിദ്യാഭ്യാസവും അനാകർഷകമായ ഒരവസ്ഥയിലാണ് ഇപ്പോൾ. കഴിഞ്ഞ ഇരുപത്തഞ്ചു വർഷത്തിനിടയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുത്തൻ കോഴ്സുകളുമായി ഉയർന്നു വന്ന കോളേജുകൾ ഭൂരിഭാഗവും സ്വകാര്യ സ്വാശ്രയമേഖലയിലാണ്. പണമുള്ളവർക്ക് പഠിച്ചുയരാൻ കഴിയുന്ന അവസ്ഥയും പാവപ്പെട്ടവർക്ക് പ്രവേശനം നേടാൻ കഴിയാത്ത അവസ്ഥയുമാണ് കാണാൻ കഴിയുന്നത്. ഈ പ്രവണത വിദ്യാഭ്യാസ മേഖലയിൽ രണ്ടു തരം പൗരൻമാരെ സൃഷ്ടിക്കുന്നതിന് കാരണമാകുന്നു.

- സ്ത്രീകൾ, ദുർബലവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർ അനുഭവിക്കുന്ന വിവേചനം.
- ഭാഷ, സംസ്കാരം, തനിമ, ആചാരങ്ങൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ തുടങ്ങിയവയിൽ അന്യവൽക്കരണത്തിനും അപമാനവീകരണത്തിനും വിധേയമാകുന്നവരുടെ വിദ്യാഭ്യാസം.
- ഈ വിഭാഗങ്ങൾ വിദ്യാലയത്തിൽ വിവേചനം അനുഭവിക്കുന്നുണ്ടോ? സംവാദം, സംഘടിപ്പിയ്ക്കാം. സംവാദത്തിനു മുമ്പായി അതിനുള്ള തയ്യാറെടുപ്പ് നടത്തണം. വായന, സ്ഥിതി വിവരക്കണക്കുകളുടെ പരിശോധന എന്നിവ നടത്തി വിവരശേഖരണം നടത്തണം. അതിനുശേഷമായിരിക്കണം സംവാദം.

സ്ത്രീകൾ, ദുർബലവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർ സമൂഹത്തിൽ വിവേചനം നേരിടുന്നുണ്ട്. സമൂഹത്തിലെ മറ്റു വിഭാഗങ്ങളെപ്പോലെ ഇവർക്ക് തുല്യമായ അവസരം ലഭിക്കുന്നില്ല. സ്വന്തം പിന്നാക്കാവസ്ഥ കാരണം പഠനനേട്ടങ്ങൾ ആർജിക്കാനോ വിദ്യാഭ്യാസത്തിലൂടെ ഉയരാനോ കഴിയുന്നില്ല. പുരുഷമേധാവിത്വ സമൂഹമായതിനാൽ പെൺകുട്ടികൾക്ക് ആൺകുട്ടികൾക്കു ലഭിക്കുന്ന പരിഗണന ലഭിക്കുന്നില്ല. പെൺകുട്ടികളോടുള്ള അവഗണന ഗർഭകാലം മുതൽ തന്നെ ആരംഭിക്കുന്നതായി കാണാം. പെൺകുട്ടികളാണ് ജനിക്കാൻ പോകുന്നതെന്നറിഞ്ഞാൽ ഭ്രൂണഹത്യ നടത്തുന്ന പ്രവണത നമ്മുടെ നാട്ടിലുണ്ട്. ജനിച്ചു കഴിഞ്ഞാൽ എല്ലാ കാര്യത്തിനും പെൺകുട്ടി അവഗണിക്കപ്പെടുന്നു. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയവയിലും അവൾ ആൺകുട്ടിക്കു പിന്നിലാണ്. വിദ്യാലയത്തിലും അവൾ ആൺകുട്ടികൾക്കു പിന്നിൽ രണ്ടാം കിടക്കാരിയായി സ്വയം ഒതുങ്ങിക്കൂടുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിൽ വിദ്യാഭ്യാസ കാര്യത്തിൽ ആൺകുട്ടികൾക്കു നൽകുന്ന പരിഗണന പെൺകുട്ടികൾക്കു ലഭിക്കുന്നില്ല. സാമ്പത്തികപ്രയാസം കൊണ്ടു പഠനം നിർത്തേണ്ടി വരുമ്പോൾ അത് ആദ്യം ബാധിക്കുന്നത് പെൺകുട്ടികളെയാണ്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മെച്ചപ്പെട്ട വിദ്യഭ്യാസം നൽകുന്നതിനു വേണ്ട ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണം ലഭിക്കുന്ന കുട്ടികൾ വളരെ കുറവാണ്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു വേണ്ടി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യമുള്ള അധ്യാപകർ വളരെ കുറവാണ്.

വ്യത്യസ്തങ്ങളായ ഭാഷ, ആചാരം, വിശ്വാസം, സംസ്കാരം എന്നിവയുള്ള ജനവിഭാഗങ്ങൾ അധിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. ഓരോ സംസ്ഥാനത്തും പൊതുവായി ഉണ്ടാക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അവിടുത്തെ എല്ലാ വിഭാഗങ്ങളുടെയും സാംസ്കാരികസ്വത്വത്തെ പ്രതിനിധാനം ചെയ്യുന്നില്ല. ആദിവാസികൾ, ഭാഷാന്യൂനപക്ഷങ്ങൾ മുതലായ വിഭാഗങ്ങളുടെ ഭാഷയോ സംസ്കാരമോ. ജീവിതമോ പൊതുസമൂഹത്തിന് അപരിചിതമാണ്. സ്വന്തം സ്വത്വം അംഗീകരിക്കപ്പെടാതെ സമൂഹത്തിൽ അന്യവൽക്കരിക്കപ്പെട്ടും അപമാനവീകരിക്കപ്പെട്ടും

ജീവിക്കുന്നവരാണ് ഇവർ. സ്വന്തം അനുഭവങ്ങൾക്കോ ഭാവനയ്ക്കോ യാതൊരു വിധത്തിലുള്ള അംഗീകാരവും ലഭിക്കാതെ, കുടുതൽ അധികാരവും സമ്പത്തുള്ള വിഭാഗങ്ങളുടെ ഭാഷയും സംസ്കാരവും ജീവിതരീതിയും ചിന്തകളും വിദ്യാഭ്യാസത്തിലൂടെ ഇവരുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. ഇപ്രകാരം സ്വന്തം സംസ്കാരത്തിനുപകരം മറ്റുള്ളവരുടേത് സ്വീകരിക്കുന്നതിനു നിർബന്ധിതരാകുന്ന അവസ്ഥയെയാണ് അന്യവൽക്കരണം, അപമാനവീകരണം എന്നീ പ്രയോഗങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത്. ജനാധിപത്യപരമായ ഒരു സാമൂഹിക ക്രമത്തിലെ വിദ്യാഭ്യാസത്തിൽ ഈ പ്രവണത ഇല്ലാതാവുകയും എല്ലാ വിഭാഗത്തിന്റെയും സാംസ്കാരിക സ്വത്വത്തിന് ഒരു പേലെ പ്രാധാന്യം ലഭിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രാദേശിക പാഠ്യപദ്ധതി (ലോക്കൽ കരിക്കുലം) കൊണ്ടു മാത്രമേ വിദ്യാഭ്യാസത്തിലെ ഈ അന്യവൽക്കരണത്തെയും അപമാനവീകരണത്തെയും ഇല്ലായ്മ ചെയ്യാൻ കഴിയൂ. സമൂഹത്തിലെ ദുർബലരെയും ന്യൂനപക്ഷങ്ങളെയും വളരെ ചെറുതെങ്കിലും സാംസ്കാരികമായി വ്യത്യസ്തത പുലർത്തുന്ന എല്ലാ വിഭാഗങ്ങളെയും അംഗീകരിക്കുന്ന ഒരു പാഠ്യപദ്ധതിയും വിദ്യാഭ്യാസ ക്രമവുമാണ് ഉണ്ടാകേണ്ടത്.

- സംവാദത്തിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കട്ടെ.

**വിദ്യാഭ്യാസവും സാമൂഹികവൽക്കരണവും**

അധ്യാപകൻ, ഡോക്ടർ, എൻജിനിയർ, സാമൂഹിക പ്രവർത്തകൻ, കൃഷിക്കാരൻ, രാഷ്ട്രീയ നേതാവ്, പോസ്റ്റ്മാൻ, നഴ്സ്, കച്ചവടക്കാരൻ എന്നിവരിൽ ആരാണ് ഏറ്റവും കൂടുതൽ സാമൂഹികവൽക്കരിക്കപ്പെട്ട ആൾ? പൊതുചർച്ചയിലൂടെ കണ്ടെത്തുക.

സാമൂഹികവൽക്കരിക്കപ്പെടുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

- വ്യക്തിക്ക് സമൂഹത്തിൽ ഇടപെടുന്നതിനുള്ള ശേഷി
- സമൂഹത്തിന്റെ ആചാരങ്ങൾ, നിയമങ്ങൾ, സമ്പ്രദായങ്ങൾ മുതലായവ അംഗീകരിച്ചു പെരുമാറാനുള്ള സന്നദ്ധത
- സഹകരണ മനോഭാവം
- സൗഹൃദം
- കൂട്ടായി പ്രവർത്തിക്കാനുള്ള കഴിവ്
- നേതൃപാടവം
- മറ്റുള്ളവരെ സഹായിക്കാനുള്ള സന്നദ്ധത
- സഹിഷ്ണുത

ഇങ്ങനെയുള്ള ഗുണവിശേഷങ്ങളുള്ള വ്യക്തിയെ സാമൂഹികവൽക്കരിക്കപ്പെട്ട ആൾ എന്നു പറയാം. ജീവിതകാലം മുഴുവൻ തുടരുന്ന പ്രക്രിയയാണ് സാമൂഹികവൽക്കരണം. സാമൂഹികവും സാംസ്കാരികവുമായ തുടർച്ച കൈവരിക്കുന്നതിനുവേണ്ടിയുള്ള മാർഗം എന്ന് സാമൂഹികവൽക്കരണത്തെ നിർവചിക്കാം. സമൂഹത്തിന്റെ ആദർശങ്ങൾ, നിയമങ്ങൾ, ആചാരങ്ങൾ മുതലയാവ സ്വാംശീകരിക്കുന്ന പ്രക്രിയയാണ് ഇത്.

ഒരു കുട്ടിയുടെ ജനനം മുതൽ സാമൂഹികവൽക്കരണ പ്രക്രിയയും ആരംഭിക്കുന്നു. കുടുംബം, മതം, സമസംഘങ്ങൾ, സാമ്പത്തികക്രമം, നിയമവ്യവസ്ഥ, ഭാഷ, മാധ്യമങ്ങൾ മുതലായവ സാമൂഹികവൽക്കരണത്തെ സഹായിക്കുന്നു. വ്യക്തിയുടെ ജീവിതത്തിൽ സഹിഷ്ണതയുടെ ഒരു തലം ഉണ്ടാക്കുന്നത് സാമൂഹികവൽക്കരണ പ്രക്രിയയാണ്.

വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ലക്ഷ്യം സാമൂഹികവൽക്കരണമാണ്. വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ്. സമൂഹത്തിന്റെ ഇച്ഛകളും ആദർശവുമാണ് വിദ്യാഭ്യാസത്തിലൂടെ സാക്ഷാത്ക്കരിക്കുന്നത്. നിലനിൽക്കുന്ന സാമൂഹിക ക്രമത്തിന്റെ നിയമങ്ങളും ക്രമങ്ങളും വിദ്യാലയങ്ങളിൽ നിന്നും കുട്ടി സ്വാംശീകരിക്കുന്നു. സമസംഘങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുന്ന കുട്ടി സ്നേഹവും സഹിഷ്ണതയും ഉള്ള ഒരാളായി മാറുന്നു. രാഷ്ട്രവും, സമൂഹവും വിലയേറിയതെന്നു കരുതുന്ന മൂല്യങ്ങൾ, മനോഭാവങ്ങൾ മുതലായവ സ്വാംശീകരിക്കുകയും രാഷ്ട്രത്തിന്റെ മെച്ചപ്പെട്ട ഭാവിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

സാമൂഹികവൽക്കരണത്തിനു സഹായകമായ ധാരാളം പ്രവർത്തനങ്ങൽ ക്ലാസ്സ് മുറിയ്ക്കകത്തും പുറത്തും സംഘടിപ്പിക്കാൻ കഴിയും. പ്രോജക്ടുകൾ, ഫീൽഡ്ട്രിപ്പുകൾ, ദിനാഘോഷങ്ങൾ, ക്ലബ്ബുപ്രവർത്തനങ്ങൾ, കലാമേള, കായികമേള മുതലായ പ്രവർത്തനങ്ങളെല്ലാം സാമൂഹികവൽക്കരണത്തെ സഹായിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ സജീവമായ കുട്ടികൾക്ക് സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനും പ്രതിസന്ധികളെ നേരിടുന്നതിനും ആത്മവിശ്വാസം ഉണ്ടായിരിക്കും.

- **ജനാധിപത്യം, ദേശീയത, ദേശിയോദ്ഗ്രഥനം, അന്തർദേശീയ ധാരണ ജീവനശഷി എന്നിവ വളർത്തുന്നതിനുവേണ്ടിയുള്ള വിദ്യാഭ്യാസം.**

'വിദ്യാഭ്യാസം രാഷ്ട്രവികസനത്തിന്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുക. അധ്യാപകവിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കി തിരിച്ചു വിവരശേഖരണം നടത്തി സെമിനാർ പ്രബന്ധം തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുക. ഈ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട പ്രധാനപ്പെട്ട ഏതാനും ആശയങ്ങൾ ചുവടെകൊടുക്കുന്നു.

- ഇന്ത്യ ഒരു ജനാധിപത്യരാഷ്ട്രമാണ്. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളാണ്. ഈ തത്വങ്ങൾക്കു അനുസരണമായി ജനാധിപത്യം സംരക്ഷിക്കുവാൻ ജനങ്ങൾ ബാധ്യസ്ഥരാണ്.
- പ്രാദേശിക സാംസ്കാരികഭേദങ്ങൾക്ക് അതീതമായ ചിന്ത വളർത്തുന്നതിന് വിദ്യാഭ്യാസത്തിലൂടെ കഴിയണം.
- അഭിപ്രായവ്യത്യാസങ്ങൾ, അസമത്വങ്ങൾ, വിവേചനങ്ങൾ ഇവയെല്ലാം ബലപ്രയോഗം കൊണ്ടല്ല,. സഹകരണം കൊണ്ടാണ് അവസാനിപ്പിക്കേണ്ടത് എന്ന ബോധം വളർത്തണം.
- മതത്തിന്റെയും പ്രദേശത്തിന്റെയും ഭാഷയുടെയും ജീവിതരീതിയുടെയും അടിസ്ഥാനത്തിൽ വ്യത്യാസങ്ങളുണ്ടെങ്കിലും ഭാരതീയർ ഒറ്റ ജനതയാണ് എന്ന ബോധം വളർത്താൻ വിദ്യാഭ്യാസത്തിനു കഴിയണം.
- വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടത്തിലും സാമൂഹിക സേവനപരിപാടികൾ നിർബന്ധിതമാക്കണം.
- വിദ്യാഭ്യാസം ജീവനശേഷി (ലൈഫ് സ്കിൽ) വളർത്തുന്നതായിരിക്കണം.

**വിദ്യാഭ്യാസം സുസ്ഥിര വികസനത്തിന്**

നാളിതുവരെ തുടർന്നു വന്ന വികസന നയത്തിന്റെ ഫലമായി മനുഷ്യവംശത്തിന്റെ നിലനിൽപ്പു തന്നെ അപകടത്തിലായിരിക്കുന്നു. പരിസ്ഥിതിനാശം, ആഗോളതാപനം, മലിനീകരണം, മഹാരോഗങ്ങൾ, പകർച്ചവ്യാധികൾ, കുടിവെള്ളക്ഷാമം എന്നിങ്ങനെ നാമിപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഈ ഭൂമി വരും തലമുറയ്ക്കുകൂടി വേണ്ടിയുള്ളതാണ്

എന്ന ബോധമില്ലാതെ സ്വാർത്ഥലാഭത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമാണ് ഇത്. ഭൂമിയുടെയും മനുഷ്യസമൂഹത്തിന്റെയും സുസ്ഥിതിക്കു കോട്ടം തട്ടാത്ത ഒരു വികസന സങ്കല്പത്തെക്കുറിച്ച് ഇന്ന് ലോകമെമ്പാടും ചിന്തിച്ചു തുടങ്ങിയിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ പരിപാടികളും പ്രവർത്തനങ്ങളും നയങ്ങളും രൂപപ്പെടുത്തുന്നത് സുസ്ഥിര വികസന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഈ കാഴ്ചപ്പാടിന്റെ സവിശേഷതകൾ എന്തൊക്കെയായിരിക്കണം?

- ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണ് ഭാവിയിൽ മനുഷ്യവംശത്തെ ഏറ്റവുമധികം സഹായിക്കുക എന്ന കാഴ്ചപ്പാടനുസരിച്ചുള്ളതായിരിക്കണം.
- എല്ലാതരത്തിലുള്ള വിവേചനങ്ങൾക്കും എതിരായിരിക്കണം.
- ചുറ്റുപാടുമുള്ള പ്രശ്നങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനുള്ള കഴിവു വളർത്തുന്നതായിരിക്കണം.
- ചരിത്രപുരോഗതിയെയും മാറ്റങ്ങളെയും പരിചയപ്പെടുത്തുന്നതായിരിക്കണം
- സർഗ്ഗാത്മകത, വിമർശനാത്മകചിന്ത, ആജീവനാന്ത പഠനം എന്നിവയെ പ്രോത്സാഹിപ്പിക്കണം.
- പ്രകൃതി വിഭവങ്ങളുടെയും ഊർജ്ജത്തിന്റെയും മിതമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കണം.
- 

`നമ്മുടെ വിദ്യാലയത്തെ എങ്ങനെയാണ് ഒരു സുസ്ഥിര കാമ്പസ് ആക്കി മാറ്റുക? അധ്യാപക വിദ്യാർത്ഥികൾ ഇതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് ആസൂത്രണം ചെയ്യട്ടെ. ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താം?

- മഴവെള്ള സംഭരണി സ്ഥാപിക്കൽ
- വെള്ളത്തിന്റെ പുനുരുപയോഗ രീതികൾ നടപ്പാക്കുക
- പൂന്തോട്ടം, പച്ചക്കറിത്തോട്ടം (Roof garden), കാമ്പസ് ഹരിതവൽക്കരണം
- സോളാർ പാനലുകൾ സ്ഥാപിക്കുക, ഊർജഉപഭോഗം കുറയ്ക്കുക.
- പരിസ്ഥിതിവിദ്യാഭ്യാസം നൽകുക
- സുസ്ഥിരവികസന കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കുക
- 
- 

ഇങ്ങനെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താം? ചർച്ച നടത്തി കണ്ടെത്തുക.

**റഫറൻസ്**


1. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യഭൂമിക‌ - ജെ.ജോസഫ് (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

2. *Sociology - Principles of Sociology with an introduction to Social thought - C.N.Shankar Rao S.Chand & Company Ltd)*

3. *Sociology - Making sense of the social world - Barbara Marliene Scott & Mary Ann Schwartz (Allyn and Bacon)*

4. *Sociology - Introductory readings - Edited by - Anthony Giddens (Polity press-Cambridge)*

5. *An introduction to Sociology - Vidya Bhushan & D.R.Sachdeva (Kitab Mahal)*

6. *Guideliness and Recommendations for reorienting teachers education to address sustainability (Education for sustainable development in Action Technical paper NC -2005 - UNESCO Education sector)*

## Statement 23(1)

**Ranking of States and Union Territories by literacy rate: 2011**



| Rank | Persons | |
|---|---|---|
| | India/State/ Union Territory [1] | Literacy rate |
| 1 | 2 | 3 |
| 1 | Kerala | 93.91 |
| 2 | Lakshadweep # | 92.28 |
| 3 | Mizoram | 91.58 |
| 4 | Tripura | 87.75 |
| 5 | Goa | 87.40 |
| 6 | Daman & Diu # | 87.07 |
| 7 | Puducherry # | 86.55 |
| 8 | Chandigarh # | 86.43 |
| 9 | NCT of Delhi # | 86.34 |
| 10 | Andaman & Nicobar Islands # | 86.27 |
| 11 | Himachal Pradesh | 83.78 |
| 12 | Maharashtra | 82.91 |
| 13 | Sikkim | 82.20 |
| 14 | Tamil Nadu | 80.33 |
| 15 | Nagaland | 80.11 |
| 16 | Manipur | 79.85 |
| 17 | Uttarakhand | 79.63 |
| 18 | Gujarat | 79.31 |
| 19 | Dadra & Nagar Haveli # | 77.65 |
| 20 | West Bengal | 77.08 |
| 21 | Punjab | 76.68 |
| 22 | Haryana | 76.64 |
| 23 | Karnataka | 75.60 |
| 24 | Meghalaya | 75.48 |
| 25 | Orissa | 73.45 |
| 26 | Assam | 73.18 |
| 27 | Chhattisgarh | 71.04 |
| 28 | Madhya Pradesh | 70.63 |
| 29 | Uttar Pradesh | 69.72 |
| 30 | Jammu & Kashmir | 68.74 |
| 31 | Andhra Pradesh | 67.66 |
| 32 | Jharkhand | 67.63 |
| 33 | Rajasthan | 67.06 |
| 34 | Arunachal Pradesh | 66.95 |
| 35 | Bihar | 63.82 |

**Notes**

1. See notes behind 'Figures at a Glance'.

Statement 23(2)

## Ranking of States and Union Territories by literacy rate and sex : 2011

| Rank | Males: India/State/ Union Territory # | Literacy rate | Rank | Females: India/State/ Union Territory # | Literacy rate |
|---|---|---|---|---|---|
| 1 | 4 | 5 | 1 | 6 | 7 |
| 1 | Lakshadweep # | 96.11 | 1 | Kerala | 91.98 |
| 2 | Kerala | 96.02 | 2 | Mizoram | 89.40 |
| 3 | Mizoram | 93.72 | 3 | Lakshadweep # | 88.25 |
| 4 | Goa | 92.81 | 4 | Tripura | 83.15 |
| 5 | Tripura | 92.18 | 5 | Goa | 81.84 |
| 6 | Puducherry # | 92.12 | 6 | Andaman & Nicobar Islands # | 81.84 |
| 7 | Daman & Diu # | 91.48 | 7 | Chandigarh # | 81.38 |
| 8 | NCT of Delhi # | 91.03 | 8 | Puducherry # | 81.22 |
| 9 | Himachal Pradesh | 90.83 | 9 | NCT of Delhi # | 80.93 |
| 10 | Chandigarh # | 90.54 | 10 | Daman & Diu # | 79.59 |
| 11 | Andaman & Nicobar Islands # | 90.11 | 11 | Nagaland | 76.69 |
| 12 | Maharashtra | 89.82 | 12 | Himachal Pradesh | 76.60 |
| 13 | Uttarakhand | 88.33 | 13 | Sikkim | 76.43 |
| 14 | Sikkim | 87.29 | 14 | Maharashtra | 75.48 |
| 15 | Gujarat | 87.23 | 15 | Tamil Nadu | 73.86 |
| 16 | Tamil Nadu | 86.81 | 16 | Meghalaya | 73.78 |
| 17 | Manipur | 86.49 | 17 | Manipur | 73.17 |
| 18 | Dadra & Nagar Haveli # | 86.46 | 18 | Punjab | 71.34 |
| 19 | Haryana | 85.38 | 19 | West Bengal | 71.16 |
| 20 | Nagaland | 83.29 | 20 | Gujarat | 70.73 |
| 21 | Karnataka | 82.85 | 21 | Uttarakhand | 70.70 |
| 22 | West Bengal | 82.67 | 22 | Karnataka | 68.13 |
| 23 | Orissa | 82.40 | 23 | Assam | 67.27 |
| 24 | Punjab | 81.48 | 24 | Haryana | 66.77 |
| 25 | Chhattisgarh | 81.45 | 25 | Dadra & Nagar Haveli # | 65.93 |
| 26 | Madhya Pradesh | 80.53 | 26 | Orissa | 64.36 |
| 27 | Rajasthan | 80.51 | 27 | Chhattisgarh | 60.59 |
| 28 | Uttar Pradesh | 79.24 | 28 | Madhya Pradesh | 60.02 |
| 29 | Assam | 78.81 | 29 | Andhra Pradesh | 59.74 |
| 30 | Jharkhand | 78.45 | 30 | Arunachal Pradesh | 59.57 |
| 31 | Jammu & Kashmir | 78.26 | 31 | Uttar Pradesh | 59.26 |
| 32 | Meghalaya | 77.17 | 32 | Jammu & Kashmir | 58.01 |
| 33 | Andhra Pradesh | 75.56 | 33 | Jharkhand | 56.21 |
| 34 | Arunachal Pradesh | 73.69 | 34 | Bihar | 53.33 |
| 35 | Bihar | 73.39 | 35 | Rajasthan | 52.66 |

## Table 2

### Number and Percentage of Population below poverty line by states - 2011-12
### (Tendulkar Methodology)

| S.No. | States | Rural | | Urban | | Total | |
|---|---|---|---|---|---|---|---|
| | | %age of Persons | No. of Persons (lakhs) | %age of Persons | No. of Persons (lakhs) | %age of Persons | No. of Persons (lakhs) |
| 1 | Andhra Pradesh | 10.96 | 61.80 | 5.81 | 16.98 | 9.20 | 78.78 |
| 2 | Arunachal Pradesh | 38.93 | 4.25 | 20.33 | 0.66 | 34.67 | 4.91 |
| 3 | Assam | 33.89 | 92.06 | 20.49 | 9.21 | 31.98 | 101.27 |
| 4 | Bihar | 34.06 | 320.40 | 31.23 | 37.75 | 33.74 | 358.15 |
| 5 | Chhattisgarh | 44.61 | 88.90 | 24.75 | 15.22 | 39.93 | 104.11 |
| 6 | Delhi | 12.92 | 0.50 | 9.84 | 16.46 | 9.91 | 16.96 |
| 7 | Goa | 6.81 | 0.37 | 4.09 | 0.38 | 5.09 | 0.75 |
| 8 | Gujarat | 21.54 | 75.35 | 10.14 | 26.88 | 16.63 | 102.23 |
| 9 | Haryana | 11.64 | 19.42 | 10.28 | 9.41 | 11.16 | 28.83 |
| 10 | Himachal Pradesh | 8.48 | 5.29 | 4.33 | 0.30 | 8.06 | 5.59 |
| 11 | Jammu & Kashmir | 11.54 | 10.73 | 7.20 | 2.53 | 10.35 | 13.27 |
| 12 | Jharkhand | 40.84 | 104.09 | 24.83 | 20.24 | 36.96 | 124.33 |
| 13 | Karnataka | 24.53 | 92.80 | 15.25 | 36.96 | 20.91 | 129.76 |
| 14 | Kerala | 9.14 | 15.48 | 4.97 | 8.46 | 7.05 | 23.95 |
| 15 | Madhya Pradesh | 35.74 | 190.95 | 21.00 | 43.10 | 31.65 | 234.06 |
| 16 | Maharashtra | 24.22 | 150.56 | 9.12 | 47.36 | 17.35 | 197.92 |
| 17 | Manipur | 38.80 | 7.45 | 32.59 | 2.78 | 36.89 | 10.22 |
| 18 | Meghalaya | 12.53 | 3.04 | 9.26 | 0.57 | 11.87 | 3.61 |
| 19 | Mizoram | 35.43 | 1.91 | 6.36 | 0.37 | 20.40 | 2.27 |
| 20 | Nagaland | 19.93 | 2.76 | 16.48 | 1.00 | 18.88 | 3.76 |
| 21 | Odisha | 35.69 | 126.14 | 17.29 | 12.39 | 32.59 | 138.53 |
| 22 | Punjab | 7.66 | 13.35 | 9.24 | 9.82 | 8.26 | 23.18 |
| 23 | Rajasthan | 16.05 | 84.19 | 10.69 | 18.73 | 14.71 | 102.92 |
| 24 | Sikkim | 9.85 | 0.45 | 3.66 | 0.06 | 8.19 | 0.51 |
| 25 | Tamil Nadu | 15.83 | 59.23 | 6.54 | 23.40 | 11.28 | 82.63 |
| 26 | Tripura | 16.53 | 4.49 | 7.42 | 0.75 | 14.05 | 5.24 |
| 27 | Uttarakhand | 11.62 | 8.25 | 10.48 | 3.35 | 11.26 | 11.60 |
| 28 | Uttar Pradesh | 30.40 | 479.35 | 26.06 | 118.84 | 29.43 | 598.19 |
| 29 | West Bengal | 22.52 | 141.14 | 14.66 | 43.83 | 19.98 | 184.98 |
| 30 | Puducherry | 17.06 | 0.69 | 6.30 | 0.55 | 9.69 | 1.24 |
| 31 | Andaman & Nicobar Islands | 1.57 | 0.04 | 0.00 | 0.00 | 1.00 | 0.04 |
| 32 | Chandigarh | 1.64 | 0.004 | 22.31 | 2.34 | 21.81 | 2.35 |
| 33 | Dadra & Nagar Haveli | 62.59 | 1.15 | 15.38 | 0.28 | 39.31 | 1.43 |
| 34 | Daman & Diu | 0.00 | 0.00 | 12.62 | 0.26 | 9.86 | 0.26 |
| 35 | Lakshadweep | 0.00 | 0.00 | 3.44 | 0.02 | 2.77 | 0.02 |
| | All India | 25.70 | 2166.58 | 13.70 | 531.25 | 21.92 | 2697.83 |

Notes:
1. Population as on 1st March 2012 has been used for estimating number of persons below poverty line. (2011 Census population extrapolated)
2. Poverty line of Tamil Nadu has been used for Andaman and Nicobar Island.
3. Urban Poverty Line of Punjab has been used for both rural and urban areas of Chandigarh.
4. Poverty Line of Maharashtra has been used for Dadra & Nagar Haveli.
5. Poverty line of Goa has been used for Daman & Diu.
6. Poverty Line of Kerala has been used for Lakshadweep.

planningcommission.nic.in
Press note on Poverty Estimates, 2011-12
Government of India, planning Commission
July 2013

# യൂണിറ്റ് - 2

## വിദ്യാഭ്യാസദർശനങ്ങൾ

**എന്താണ് ദർശനം?**

ക്ലാസ്സിൽ നടക്കുന്ന പൊതുചർച്ചയുടെ ക്രോഡീകരണത്തിനുശേഷം ആധികാരികമായ വിവരങ്ങൾ നൽകേണ്ടതുണ്ട്. ഇതിനു ഉപയോഗപ്പെടുത്താവുന്ന ആശയങ്ങൾ.

■ പ്രകൃതിയുടേയും ജീവിതത്തിന്റെയും പൂർണതയെക്കുറിച്ചും ശാശ്വതമായ സത്യത്തെക്കുറിച്ചുമൊക്കെ മനുഷ്യൻ എന്നും അന്വേഷിച്ചിരുന്നു. വസ്തുക്കളെ മുഖവിലക്കെടുക്കാതെ അവയുടെ യഥാർത്ഥമൂല്യം കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. പ്രപഞ്ചം, അസ്തിത്വം, ജീവിതലക്ഷ്യം, മുതലായവയെപ്പറ്റിയുള്ള അടിസ്ഥാനപരമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാനായി നടത്തുന്ന ഗൗരവമാർന്ന, ക്രമീകൃതമായ അന്വേഷണമാണ്. ദർശനം.

- സുവ്യക്തമായി ചിന്തിക്കാനുള്ള സാധാരണവും അനുസ്യൂതവുമായ പരിശ്രമം.
- മനുഷ്യന് അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള ഏറ്റവും വിഷമകരങ്ങളായ പ്രശ്നങ്ങളെ നിഷ്കൃഷ്ടവും ക്രമീകൃതവുമായ രീതിയിൽ അപഗ്രഥിക്കുകയാണ് ദർശനം.
- ജ്ഞാനം, യാഥാർത്ഥ്യം, നിലനിൽപ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രപഞ്ചസ്വഭാവത്തെക്കുറിച്ചുള്ള പഠനം.
- സത്യത്തെക്കുറിച്ചും വിജ്ഞാനത്തെക്കുറിച്ചും നിലനിൽപ്പിനെക്കുറിച്ചുമുള്ള യുക്തിയുക്തമായ അന്വേഷണം.
- ഏതെങ്കിലും വിജ്ഞാനശാഖയുടെ അടിസ്ഥാനത്തിൽ തത്വങ്ങളെക്കുറിച്ചുള്ള പഠനം.

എന്നൊക്കെ ദർശനത്തെ നിർവചിക്കാം. ഒരാളുടെ ദർശനം അയാളുടെ ലോകവീക്ഷണമാണ്. ചിന്തയുടെയും അറിവിന്റേയും അടിസ്ഥാനമാണ്. ഒരാൾക്ക് ഒരു ദർശനമില്ലെങ്കിൽ അയാൾ മറ്റുള്ളവരുടെ ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അടിമപ്പെട്ടു ജീവിക്കേണ്ടിവരും. ദർശനം അവ്യക്തതകളിൽ നിന്നും വൈവിധ്യങ്ങളിൽ നിന്നും മോചിപ്പിക്കുകയും വ്യക്തതയിലേക്കുംവിജയത്തിലേക്കും ആഹ്ളാദത്തിലേക്കും നയിക്കുകയും ചെയ്യുന്നു. ദർശനമില്ലെങ്കിൽ അവ്യക്തതയും പരാജയവുമായിരിക്കും ഫലം.

**ദർശനത്തിന്റെ പ്രയോജനങ്ങൾ**

- വിമർശനാത്മകമായി ചിന്തിക്കുന്നതിന് സഹായിക്കുന്നു.
- പ്രശ്നങ്ങൾക്ക് അടിസ്ഥാനപരവും ക്രിയാത്മകവുമായ പരിഹാരം കണ്ടെത്തുന്നതിന്.
- ഫലപ്രദമായ ആശയവിനിമയത്തിന് സഹായിച്ചിട്ടുണ്ട്.
- കാഴ്ചപ്പാടുകളെ യുക്തിയുക്തമായി അവതരിപ്പിക്കുന്നതിന്.
- സങ്കീർണ്ണമായ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിന്.
- പ്രയാസമേറിയ ചോദ്യങ്ങൾക്ക് യുക്തിയുക്തമായ മറുപടി പറയുന്നതിന്.

**ദാർശനികതയുടെ പിന്നിലെ പ്രേരണകൾ**

കുട്ടികളുടെ ചിന്തകളിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളെ പൂർത്തീകരിക്കുന്നതിനും ആധികാരികമാക്കുന്നതിനും അധ്യാപകന്റെ ഇടപെടലും കൂട്ടിച്ചേർക്കലും ആവശ്യമാണ്. ദാർശനികതയുടെ പിന്നിലെ പ്രേരണകളുമായി ബന്ധപ്പെട്ട ഏതാനും ആശയങ്ങൾ ചുവടെ കൊടുക്കുന്നു. ആവശ്യമായ റഫറൻസ് നടത്തി വേണ്ട കൂട്ടിച്ചേർക്കലുകൾ നടത്തേണ്ടതാണ്.

മനുഷ്യൻ ദാർശനികനാവുന്നതിന് പല പ്രേരണകളുണ്ട്.

1. **ജിജ്ഞാസ** :- മനുഷ്യൻ അന്വേഷണ കുതുകിയാണ്. അയാൾ തന്നെക്കുറിച്ചും ചുറ്റുപാടിനെക്കുറിച്ചും നിരന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കും.

2. **പ്രശ്നപരിഹാരം : –** സങ്കീർണ്ണവും വിഷമം പിടിച്ചതുമായ പരിത:സ്ഥിതികളിലകപ്പെടുന്ന മനുഷ്യൻ തത്വചിന്താപരങ്ങളായ അന്വേഷണങ്ങൾ ആരംഭിക്കുന്നു.

3. **അനുഭവങ്ങളുടെ വിടവു നികത്തൽ : –** മനുഷ്യൻ നാളിതുവരെ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി നിർമിച്ച അറിവുകൾ പൂർണമല്ല. അവയ്ക്ക് വിടവുകളുണ്ട്. ഈ വിടവുകൾ നികത്തുന്നതിന് മനുഷ്യൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം അന്വേഷണങ്ങൾ ദർശനത്തിന്റെ പരിധിയിൽ വരുന്നു.

4. **പൊരുൾ തേടൽ : –** (എന്താണ് ജീവിതം) എന്തുകൊണ്ടാണ് ചിലർക്ക് ദു:ഖവും ചിലർക്ക് സന്തോഷവും? ഇങ്ങനെയുള്ള ഒട്ടനേകം പ്രശ്നങ്ങൾ ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള അന്വേഷണത്തിലേക്കു നയിക്കുന്നു.

5. **പ്രതീകങ്ങളിലുള്ള താൽപര്യം : –** മനുഷ്യൻ പ്രതീകപ്രിയനാണ്. ഓർമ്മിക്കാനും വിഭവനം ചെയ്യാനും കാര്യകാരണവിചാരം ചെയ്യാനും ഒട്ടനവധി പ്രതീകങ്ങൾ അവൻ സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതീകസൃഷ്ടി പ്രാവീണ്യത്തെ പ്രദർശിപ്പിക്കുവാൻ ദർശനം അവസരം നൽകുന്നു.

6. **പ്രചോദനം : –** ഋഷിമാർക്ക് ആന്തരികജ്ഞാനം വഴി ആത്യന്തികസത്യത്തെക്കുറിച്ച് അറിവു ലഭിച്ചു എന്നു പറയുന്നതുപോലെ ആധുനിക ചിന്തകൾക്കും യുക്ത്യതീതമായ അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം പ്രചോദനങ്ങൾ തത്വചിന്തകൾക്ക് ആനന്ദം നൽകുന്നു.

**വിദ്യാഭ്യാസവും ദർശനവും : –**

അധ്യാപകവിദ്യാർത്ഥികൾ അവരവരുടെ കാഴ്ചപ്പാടനുസരിച്ച് എന്താണ് വിദ്യാഭ്യാസമെന്ന് നിർവചിക്കട്ടെ. ഏതാനും നിർവചനങ്ങൾ നോക്കാം.

- ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും ആത്മീയവും ആയ ഉത്തമാംശങ്ങളെ പുറത്തുകൊണ്ടുവരലാണ് വിദ്യാഭ്യാസം.
- അറിവ്, നൈപുണികൾ, മനോഭാവങ്ങൾ എന്നിവ ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.
- കുട്ടിക്കാലത്തും കൗമാരത്തിലും അറിവുനേടുന്നതിനുവേണ്ടി നടത്തുന്ന ചിട്ടയായ പ്രവർത്തനം
- ചുറ്റുപാടുകളെ മുഴുവൻ നിയന്ത്രിച്ചുകൊണ്ട് കഴിവുകൾ പരമാവധി വികസിപ്പിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നത് യാതൊന്നാണോ അതാണ് വിദ്യാഭ്യാസം.
- ശരിയും തെറ്റും തിരിച്ചറിയുന്നതിനുള്ള കഴിവുനേടലാണ് വിദ്യാഭ്യാസം
- വ്യക്തിയുടെ വികസനത്തിനാവശ്യമായ പരിത:സ്ഥിതികൾ കൈവരിക്കാനുള്ള മാർഗമാണ് വിദ്യാഭ്യാസം.
- നിലവിലുള്ള വിജ്ഞാനശേഖരത്തിൽ അതിപ്രധാനമെന്നു കരുതപ്പെടുന്ന എല്ലാം സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും എത്തിച്ചുകൊടുക്കാനുള്ള വ്യവസ്ഥ.
- സമൂഹത്തെ സജീവമായി നിലനിർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ.
- പരിപൂർണ്ണ ജീവിതത്തിനുള്ള തയ്യാറെടുപ്പാണ് വിദ്യാഭ്യാസം.

ഇത്തരത്തിലുള്ള നിർവചനങ്ങൾ അധ്യാപകവിദ്യാർത്ഥികൾ ശേഖരിക്കട്ടെ. അവയെ അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കാവുന്നതാണ്. ഇതിനായി.

- സാമൂഹ്യധർമപരം
- ഭാവിയിലേക്കുള്ള തയ്യാറെടുപ്പ്
- വികസനം
- വളർച്ച

എന്നീ മേഖലകളിൽ ഉൾപ്പെടുത്താവുന്നതാണ്.

**ആശയവാദം - (Idealism) പൊതു കാഴ്ചപ്പാടുകൾ**

- ആശയങ്ങളും മാനസിക ഘടകങ്ങളും ഭൗതികവസ്തുക്കളേക്കാൾ യഥാർത്ഥങ്ങളാണ് എന്ന് കരുതുന്നു.
- മനസ്സിന്റെ സ്വഭാവമാണ് യഥാർത്ഥം എന്നു സമർത്ഥിക്കുന്നു.
- ജ്ഞാനം മനുഷ്യനിൽ അന്തർലീനമായിരുന്നു. യാതൊരു ജ്ഞാനവും പുറത്തുനിന്നു ലഭിക്കുന്നില്ല.
- വിദ്യാഭ്യാസം മനുഷ്യനിൽ ആവശ്യമുള്ള ശ്രേഷ്ഠതയെ പ്രത്യക്ഷീകരിക്കലാണ്.
- മനുഷ്യനിലുള്ള ശ്രേഷ്ഠമായതിനെ വെളിപ്പെടുത്തലാണ് - ഗാന്ധിജി
- മനസ്സിന്റെ ഉറവിടത്തിൽ ഒളിഞ്ഞിരിക്കുന്ന വെള്ളത്തെ ഒഴിച്ച് പുറത്തുകൊണ്ടുവരൽ. (തിരുവള്ളുവർ)
- വിദ്യാഭ്യാസം എന്നത്
  - സ്വഭാവസംസ്കരണമാണ്.
  - മാനസികശക്തിയെ വളർത്തലാണ്.
  - വ്യക്തിപ്രഭാവം വളർത്തലാണ്.
  - ആത്മസാക്ഷാത്കാരമാണ്.
- ഓരോ കുട്ടിക്കും മനുഷ്യനെന്ന നിലയിലുള്ള സാംസ്കാരിക പുനർജന്മം നൽകുവാൻ സാധിക്കണമെങ്കിൽ പ്രചോദനാത്മകമായ പരിത:സ്ഥിതി സംജാതമാക്കേണ്ടതാണ്.
- ആദർശവാദിയായ അധ്യാപകൻ സ്വന്തം പെരുമാറ്റത്തിലൂടെയും പ്രവൃത്തിയിലൂടെയും മറ്റുള്ളവരുടെ ആദരവ് നേടിയെടുക്കും.
- വിദ്യാർത്ഥിക്ക് കടുത്ത വിജ്ഞാനദാഹവും സ്ഥിരോത്സാഹവും ഉണ്ടായിരിക്കണം.
- ഗുരുവിനെ ദൈവത്തെപ്പോലെ ആരാധിക്കണം.
- ഏകാഗ്രത ഒന്നുമാത്രമാണ് ജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗം.
- കുട്ടിയെ സ്വയം പഠിക്കാൻ അനുവദിക്കുക. നിങ്ങൾക്ക് ഒരു ചെടി വളർത്തുമ്പോൾ ചെയ്യുവാൻ കഴിയുന്നതിലുപരിയായി ഒരു കുട്ടിയെ പഠിപ്പിക്കുമ്പോൾ ഒന്നും നിർവഹിക്കാൻ സാധ്യമല്ല. - വിവേകാനന്ദൻ
- ചെടിയെ നാം വളരാൻ സഹായിക്കുക മാത്രമാണ്. കുട്ടിയാകട്ടെ തന്നത്താൻ പഠിക്കുകയും. അതിനാൽ കുട്ടി സ്വയം കണ്ടുപിടിക്കുന്ന രീതിയെ പ്രോത്സാഹിപ്പിക്കണം.

പ്രധാനപ്പെട്ട ആശയവാദികൾ - ഹെഗൽ, ക്രോച്ചെ, കാന്റ്, വിവേകാനന്ദൻ.

**പ്രകൃതിവാദം (Naturalism)**

അധ്യാപകർ പ്രകൃത്യാനുസാരിയായ രീതികൾ പാലിക്കണം. ഇതര സാമൂഹ്യസ്ഥാപനങ്ങളിലെ വിദ്യാഭ്യാസത്തിലും ഔപചാരികത അതിരുകവിയുമ്പോൾ പ്രകൃതിവാദം മുമ്പോട്ട് വന്ന് അതിനെ നിയന്ത്രിക്കുന്നു.

പഠനത്തിന് അനുകൂലമായ സാഹചര്യം തിക്കും തിരക്കും ഇല്ലാത്ത നാട്ടിൻപുറമാണ്. അനാർഭാടവും സ്വാഭാവികവുമായ അന്തരീക്ഷത്തിലാണ് സ്കൂളുകൾ സ്ഥാപിക്കേണ്ടത്.

കുട്ടിയെ അച്ചടക്കം പഠിപ്പിക്കുന്ന രീതിയെ പ്രകൃതിവാദികൾ എതിർക്കുന്നു. കുട്ടികളുടെ ചല നങ്ങളെ അസാധ്യമാക്കുമാറ് അവരെ നിയന്ത്രിക്കുവാൻ പാടില്ല. പ്രകൃതി വാദികൾ സ്വാതന്ത്ര്യ ത്തിന്റെ വക്താക്കളാണ്.

വിദ്യാഭ്യാസ പ്രക്രിയയിൽ മുഖ്യസ്ഥാനം കുട്ടിക്കാണെന്ന് കരുതുന്നു. പ്രായമാകുന്നതിനു മുമ്പ് പഠിപ്പിക്കുന്നത് ഗുണത്തെക്കാളേറെ ദോഷമാണ്. കുട്ടിയുടെ പ്രായത്തിനനുസരിച്ച് പാഠങ്ങൾ ക്രമപ്പെടുത്തിയാൽ ഏറ്റവും മെച്ചപ്പെട്ട ഫലമുളവാകുമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രവൃത്തികളുടെ ഫലം മനസ്സിലാക്കി കുട്ടി കാര്യം ഗ്രഹിക്കുന്നുവെന്നും ശിക്ഷ, സമ്മാനം മുതലായവ കൃത്രിമോപാധികൾ അനാശാസ്യമാണെന്നും പ്രകൃതിവാദികൾ കരുതുന്നു.

ഫ്രാൻസിസ് ബേക്കൺ, തോമസ് ഹോബ്സ്, റുസ്സോ എന്നിവർ പ്രസിദ്ധരായ പ്രകൃതി വാദികളാണ്.

**പ്രയോഗവാദം (Pragmatism)**

- സാമൂഹ്യസ്ഥാപനങ്ങൾക്കിടയിൽ വിദ്യാലയം സുപ്രധാനമാണെന്നും അത് സമൂഹത്തിന്റെ ആദർശപരമായ സംഗ്രഹമായിരിക്കണമെന്നും പ്രയോഗവാദികൾ കരുതുന്നു.
- വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അനുഭവങ്ങളുടെ പുനർനിർമ്മാണമാണ്. നാം നേടിയ സംസ്കാരം കൈമാറിയാൽ മാത്രം പോര; അതിനെ വികസിപ്പിക്കുക കൂടി വേണം.
- വിദ്യാഭ്യാസം ഒരു സാമൂഹ്യവൃത്തിയാണ്. അതിന് സ്വയം നിർണയത്വം വേണം. വിദ്യാ ഭ്യാസ പ്രവർത്തകർക്ക് അവരുടെ ലക്ഷ്യങ്ങൾ നിർണയിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്ക ണം.
- പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ യഥാർത്ഥപഠനസാഹചര്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന തിനാൽ എക്കാലത്തേക്കുമുള്ള ഉദ്ദേശ്യങ്ങൾ നിശ്ചയിക്കാൻ കഴിയില്ല. ഉദ്ദേശ്യനിർമാണ ത്തിൽ വിദ്യാർത്ഥികൾക്ക് പങ്കുണ്ടായിരിക്കണം.
- വിജ്ഞാനത്തെ വിവിധ വിഷയങ്ങളായി വിഭജിച്ച് അവതരിപ്പിക്കുന്നത് ശാസ്ത്രീയമല്ല. ജീവിതവുമായി ബന്ധമുള്ള സാമൂഹ്യസാഹചര്യങ്ങളിൽ നിന്നു വേർപെടുത്തിക്കൊണ്ട് പഠിപ്പിക്കുന്നത് ശരിയല്ല. ഒരു ജീവിതപ്രശ്നത്തെ മുൻനിർത്തി വിഷയങ്ങളെ ഉദ്ഗ്രഥിച്ച് അവതരിപ്പിക്കുകയാണ് വേണ്ടത്.
- സാമൂഹ്യക്ഷമതയ്ക്കും ജനാധിപത്യമൂല്യങ്ങൾക്കും വിന്യാസത്തിൽ പ്രാധാന്യം നൽക ണം. വിദ്യാഭ്യാസത്തിൽ അഭിരുചി അഥവാ താൽപര്യം പ്രധാനപ്പെട്ടതാണ്. താൽപര്യത്തെ അകറ്റി നിർത്തി ബുദ്ധിയെമാത്രം ആസ്പദമാക്കിയുള്ള വിദ്യാഭ്യാസം അപ്രായോഗികമാ യതിനാൽ മനസ്സിനെ പ്രവൃത്തിയിൽ നിന്നും മാറ്റിനിർത്താൻ സമ്മാനം, ശിക്ഷ എന്നി വയെ പ്രയോഗവാദികൾ ആശ്രയിക്കുന്നു.

പ്രയോഗവാദിയായ അധ്യാപകൻ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തലുകൾ നടത്തുന്ന സ്വഭാവക്കാരനാണ്. പ്രശ്നങ്ങൾ ഓരോന്നായി പരിഹരിച്ചുകൊണ്ട് അയാൾ അടുത്തതിലേക്ക് നീങ്ങുന്നു. അറിവ് സമ്പാദിക്കുക എന്നതിലുപരി അനുഭവങ്ങൾ ആർജ്ജിക്കുക എന്നതിലാണ് കുട്ടികൾ ശ്രദ്ധിക്കേണ്ടതെന്ന് അവർ കരുതുന്നു.

സഹകരണാത്മക പഠനത്തെ പ്രോത്സാഹിപ്പിക്കുന്നവരാണ് പ്രയോഗവാദികൾ.
അന്യോന്യം ചർച്ച ചെയ്യാനും ആസൂത്രണം ചെയ്യാനും തീരുമാനങ്ങളെടുക്കാനും ഇവർ പ്രോത്സാഹനം നൽകുന്നു. കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനും യോജിച്ച പഠനവിഷയങ്ങളും സാമഗ്രികളും പ്രയോഗവാദികളായ അധ്യാപകൻ തയ്യാറാക്കുന്നു. അയാൾ ഒരിക്കലും ഒരു ഏകാധിപതിയല്ല; ജനാധിപത്യവാദിയായ സംഘത്തലവൻ മാത്രമാണ്.

**മാനവികതാവാദം (Humanism)**

നവോത്ഥാനകാലത്തെ ചിന്തകളുടേയും സാഹിത്യകൃതികളുടേയും സ്വാധീനത്തിൽ നിന്നും ഉയിർക്കൊണ്ട ദർശനമാണിത്. ഇറാസ്മസ് (1466 – 1536) റൂസ്സോ, പെസ്റ്റലോസി എന്നിവരുടെ കാഴ്ച്ചപ്പാടുകൾ മാനവികതാദർശനത്തെ വളർത്തുകയും വികസിപ്പിക്കുകയും ചെയ്തു. ആധുനിക കാലത്ത് അബ്രഹാം മാസ്‌ലോ, കാൾ റോജേഴ്സ് എന്നിവരുടെ മന:ശാസ്ത്ര കാഴ്ച്ചപ്പാടുകൾ മാനവികതാവാദത്തെ ഗണനീയമായ ഒരു വിദ്യഭ്യാസദർശനമാക്കി മാറ്റി.

- വൈജ്ഞാനികവികാസത്തോടൊപ്പം കുട്ടിയുടെ സാമൂഹികവും വൈകാരികവുമായ ക്ഷേമത്തിനും മാനവികതാവാദം ഊന്നൽ നൽകുന്നു.
- ഭയത്തിൽ നിന്നുള്ള മോചനം, വൈകാരിക സുരക്ഷിതത്വം, പഠനപ്രക്രിയ, ആത്മസാക്ഷാത്കാരം എന്നിവയ്ക്ക് മാനവികതാവാദം പ്രത്യേകം പ്രാധാന്യം കല്പിക്കുന്നു.
- പഠിതാവിന് പൂർണ്ണമായ സ്വയം നിർണയാധികാരം ഉണ്ടായിരിക്കണം. വിദ്യാഭ്യാസംപ്രക്രിയയിൽ കുട്ടികളുടെ താൽപര്യത്തിനും അഭിരുചിക്കുമാണ് മുൻതൂക്കം നൽകേണ്ടത്. കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും, പ്രചോദിപ്പിക്കുകയും, പഠനസാഹചര്യം ഒരുക്കുകയും ചെയ്യുന്ന ഫെസിലേറ്റർ ആണ് അധ്യാപകർ.
- പഠിതാവിന്റെ വ്യക്തിസ്വാതന്ത്ര്യം, തിരഞ്ഞെടുക്കാനുള്ള അവകാശം, ഉത്തരവാദിത്വം എന്നിവയെ മാനിക്കുകയും വികസിപ്പിക്കുകയും ചെയ്യണം.

## B. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും ദർശനവും

## C. പാശ്ചാത്യവും പൗരസ്ത്യവുമായ വിദ്യാഭ്യാസചിന്തകൾ – കാഴ്ചപ്പാടുകളും സംഭാവനകളും

ദാർശനികത മുന്നോട്ടു വയ്ക്കുന്ന വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ഉള്ളടക്കം, പഠനരീതി, അധ്യാപക വിദ്യാർത്ഥിബന്ധം, അച്ചടക്കം, എന്നിവ മനസ്സിലാക്കുന്നതിന് റഫറൻസിങ്ങ് ഉപയോഗിക്കേണ്ടതാണ്.

ഉദാഹരണമായി

റൂസോയുടെ വിദ്യാഭ്യാസവീക്ഷണങ്ങൾ ഇവിടെ നൽകുന്നു.

- സ്വാതന്ത്ര്യം പഠനത്തിൽ പരമപ്രധാനമാണ്. (സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യനെ അസ്വതന്ത്രനാക്കുകയാണ് എവിടെയും)
- സാധാരണക്കാരന് വിദ്യാഭ്യാസം നിഷേധിക്കപ്പെടരുത്. വിദ്യാഭ്യാസം അവന്റെ ജന്മാവകാശമാണ്.

- മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി ജീവിക്കണം. പ്രകൃതിയെ പിന്തുടരണം
- മനുഷ്യാവകാശത്തിനുവേണ്ടി നിലകൊള്ളണം. അധികാരം ദൈവദത്തമല്ല.
- വിദ്യാഭ്യാസം വികാസമാണ്. പ്രകൃതിക്കനുസരിച്ചായിരിക്കണം കുട്ടികൾ വിദ്യാഭ്യാസം നടത്തേണ്ടത്.
- വിദ്യാഭ്യാസം വിദ്യാർത്ഥികേന്ദ്രിതമാകണം. പ്രായത്തിനനുയോജ്യമല്ലാത്ത ഒന്നും കുട്ടികളെ പഠിപ്പിക്കരുത്.
- ഉപയോഗക്ഷമതയ്ക്കാണ് മുൻതൂക്കം നൽകേണ്ടത്.
- കുട്ടിയുടെ സ്വാതന്ത്ര്യവും സന്തോഷവുമാണ് വിദ്യാഭ്യാസലക്ഷ്യം.
- അനുഭവത്തിൽ നിന്നായിരിക്കണം വിദ്യാഭ്യാസം നേടേണ്ടത്.
- നേരത്തെ തയ്യാറാക്കിയ പാഠ്യപദ്ധതി ആവശ്യമില്ല.
- പ്രവൃത്തിയിലൂടെ കാര്യം മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കാത്തപ്പോൾ മാത്രം വാക്കിനെ അവലംബിക്കണം;
- വ്യക്തിത്വവികസനമാണ് വിദ്യാഭ്യാസ ലക്ഷ്യം.
- സമൂഹത്തിനുവേണ്ടിയായിരിക്കണം വിദ്യാഭ്യാസം.
- റൂസ്സോയുടെ വിദ്യാഭ്യാസവീക്ഷണങ്ങൾ നിലവിലുള്ള പാഠ്യപദ്ധതിയിൽ എത്രമാത്രം പ്രതിഫലിച്ചിട്ടുണ്ട് എന്ന് പരിശോധിക്കണം.

■ ഇതുപോലെ മറ്റ് വിദ്യാഭ്യാസ ചിന്തകരുടെയും വീക്ഷണങ്ങൾ കണ്ടെത്തി നിലവിലുള്ള പാഠ്യപദ്ധതിയിൽ അവ എത്രത്തോളം പ്രതിഫലിക്കുന്നുവെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- <u>സെമിനാർ</u>

  തയ്യാറാക്കിയ കുറിപ്പ് പ്രയോജനപ്പെടുത്തിക്കൊണ്ട് സെമിനാർ സംഘടിപ്പിക്കുക.

- <u>ലഘുജീവചരിത്രക്കുറിപ്പ്</u>

  വിദ്യാഭ്യാസ ചിന്തകരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബരൂപത്തിൽ ലഘുജീവചരിത്രം തയ്യാറാക്കണം.

> - പ്രധാനപ്പെട്ട വിദ്യാഭ്യാസ ചിന്തകരുടെ ലിസ്റ്റ് കരിക്കുലത്തിൽ ചേർത്തിട്ടുള്ളത്. പരിശോധിക്കണം.
> - ജിദ്ദുകൃഷ്ണ മൂർത്തി, അല്ലാമ മുഹമ്മദ് ഇക്ബാൽ എന്നിവരുടെ വിദ്യാഭ്യാസ ചിന്തകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## അനുബന്ധം – 1

### ജിദ്ദുകൃഷ്ണമൂർത്തി (1895 – 1986)

വർത്തമാനകാലത്തെ മത്സരാധിഷ്ഠിതമായ വിദ്യാഭ്യാസരീതി കുട്ടികളെ നശിപ്പിക്കുകയാണ്. ഇന്നത്തെ ലോകം സംഘർഷങ്ങളുടേയും നിരാശയുടേതുമാണ്. സാങ്കേതികമായി സമ്പൂർണ്ണനായ വ്യക്തികളെ വാർത്തെടുക്കുമ്പോൾ നാം വ്യക്തിയുടെ വളർച്ചയുടെ ഒരു വശത്തെ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. വ്യക്തിയുടെ മാനസികവികാസവും പ്രധാനമാണ്. ജിദ്ദുകൃഷ്ണമൂർത്തിയുടെ കാഴ്ചപ്പാടുകളാണ്. ഇത്.

സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെ ജിദ്ദുകൃഷ്ണമൂർത്തി ഊന്നിപ്പറയുന്നു. എല്ലാ വിധത്തിലുള്ള അനുബന്ധന (Conditioning) ത്തിൽ നിന്നും മനുഷ്യനു മോചനം വേണം. വിദ്യാഭ്യാസത്തിലൂടെ ഇതു സാധിക്കണം. ജ്ഞാനത്തിന്റെ പ്രാധാന്യവും അതിന്റെ പരിമിതിയും ബോധ്യപ്പെടുത്തുന്ന സ്ഥലമായിരിക്കണം. വിദ്യാലയം.

വ്യക്തിയുടെ സമ്പൂർണ്ണമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആന്തരികപരിവർത്തനത്തിനും മോചനത്തിനും അത് ഉതകണം.

- Educating the whole person (All parts of the person)
- Educating the person as a whole
- Educating the person within a whole

ഇപ്രകാരമുള്ള സമഗ്രമായ ഒരു കാഴ്ചപ്പാടാണ് കൃഷ്ണമൂർത്തിയുടേത്. വിദ്യാഭ്യാസത്തിലൂടെ കുട്ടിയെ തീവ്രസംവേദനത്തിന് ഉടമയാക്കണമെന്ന് അദ്ദേഹം വിഭാവനം ചെയ്യുന്നു. ആരെയെങ്കിലും സംസാരിക്കാൻ പഠിപ്പിക്കുകയല്ല, ഒരു വ്യക്തിയെ അയാളായിത്തന്നെ ജീവിക്കാൻ പഠിപ്പിക്കുകയാണ് വേണ്ടത്.

## അനുബന്ധം – 2

### അല്ലാമ മുഹമ്മദ് ഇക്ബാൽ (1877 – 1938)

ഉറുദു സാഹിത്യത്തിലെ അതികായനായ മുഹമ്മദ് ഇക്ബാൽ വിദ്യാഭ്യാസത്തെക്കുറിച്ച് തനതായ കാഴ്ചപ്പാടുകൾ പുലർത്തിയ മഹാനായിരുന്നു.

ഓരോ വ്യക്തിക്കും വളരാനും വികസിക്കാനും കഴിയണമെങ്കിൽ അവരുടെ വ്യക്തിത്വത്തെ ശക്തിപ്പെടുത്തണം. വ്യക്തിയ്ക്ക് വളരാനും വികസിക്കാനും തുല്യ അവസരങ്ങൾ വേണം. ഒരാൾ ജീവിക്കുന്ന സാഹചര്യവുമായി ബന്ധപ്പെടുത്തി വേണം അയാളുടെ സ്വത്വത്തിന്റെ ധർമവും പ്രവൃത്തിയും മനസ്സിലാക്കാൻ എന്ന് ഇക്ബാൽ പറയുന്നു.

വ്യക്തിയുടെയും സമൂഹത്തിന്റെയും ക്ഷേമത്തെക്കുറിച്ച് വിദ്യാഭ്യാസത്തിനു പരിഗണന വേണം. വ്യക്തിക്കു സമൂഹത്തിലെ ശരിയായ ഇടം കാണിച്ചു കൊടുക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം.

പ്രകൃതിവാദിയായ റുസ്സോവിനെപ്പോലെ ഇക്ബാലും  പഠിതാവിന്റെ ഇന്ദ്രിയ സംവേദന ശേഷി വർധിപ്പിക്കേണ്ടതിന്റെ  പ്രാധാന്യത്തെക്കുറിച്ചു പറയുന്നു. എന്നാൽ പ്രകൃതിവാദികളിൽ നിന്ന് വ്യത്യസ്തമായി കർശനമായ അച്ചടക്കം ആവശ്യമാണ് എന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. ജിവിതത്തിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനു കരുത്തുണ്ടാകണമെങ്കിൽ ഇതു വേണം.

ആശയവാദികളെപ്പോലെ ഇക്ബാൽ ശാസ്ത്രത്തിന്റെ പരിമിതിയെക്കുറിച്ച് ബോധവാനായിരുന്നു. ബുദ്ധി, അവബോധം, സംസ്കാരം, കല, മതം, സദാചാരം എന്നിവയുടെ രൂപത്തിൽ പ്രകടിപ്പിക്കപ്പെടുന്ന മനുഷ്യന്റെ പ്രത്യേക കഴിവുകൾ ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾക്ക് അപ്പുറമാണ്.

**റഫറൻസ്**


| | | |
|---|---|---|
| 1. വിദ്യാഭ്യാസത്തിന്റെ ദാർശനിക ഭൂമിക | - | ഡോ. വേദമണിമാനുവൽ<br>ടി.കെ.ഡി.നായർ |
| 2. Philosophers on Education | - | Broumbaugh , Robert. S& Lawrence |
| 3. The Educational theory of Jean Jacques Rousseau | - | Boyd William |
| 4. വിദ്യാഭ്യാസം | - | Dr.K.Sivadasan Pillai |
| 5. The Secret of childhood | - | Maria Montessorie |
| 6. Modern Philosophers of Education | - | John.S |
| 7. പുരോഗമന വിദ്യാഭ്യാസ ചിന്തകർ | - | പി.വി.പുരുഷോത്തമൻ |
| 8. Philosophies of Education | - | A.S.Seetharamu<br>(Ashish Publishing House)<br>Punjabi Bagh - New Delhi |

# യൂണിറ്റ് - 3
# ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ചരിത്രപശ്ചാത്തലം

**(എ) വിദ്യാഭ്യാസം വിവിധ കാലഘട്ടങ്ങളിൽ**

വിവിധ കാലഘട്ടങ്ങളിലെ വിദ്യാഭ്യാസവുമായ ബന്ധപ്പെട്ട സവിശേഷ സംജ്ഞകൾ അധ്യാപിക ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഗുരു, സൂത്രം, നിദിധ്യാസനം, ഉപജ്ജയൻ, മക്ത്തബ, ഗ്രാന്റ് ഇൻ എയ്ഡ് (grand in aid), അടിസ്ഥാന വിദ്യാഭ്യാസപദ്ധതി, പള്ളിക്കൂടം എന്നിവ ഇതിനുപയോഗിക്കാം. ഇവ ഓരോന്നും എന്താണ്? ഏതു കാലഘട്ടവുമായാണ് ഈ പ്രയോഗങ്ങൾക്ക് ബന്ധം. അറിയാത്തവ അന്വേഷിച്ചു കണ്ടെത്തട്ടെ. ഇതിന് റഫറൻസ് ഗ്രന്ഥങ്ങൾ നിർദ്ദേശിക്കാം.

- വിദ്യാഭ്യാസം ഭാരതത്തിൽ
- ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ എന്നീ പുസ്തകങ്ങൾ റഫറൻസിന് ഉപയോഗിക്കാവുന്നതാണ്. കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. വായനയിലൂടെ ഓരോ കാലത്തെയും വിദ്യാഭ്യാസ ലക്ഷ്യങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായം, അധ്യാപനരീതി, ഉള്ളടക്കം, അധ്യാപകവിദ്യാർത്ഥി ബന്ധം എന്നിവ കണ്ടെത്തി പട്ടിക തയ്യാറാക്കി അവതരിപ്പിക്കട്ടെ.

## വേദകാലവിദ്യാഭ്യാസം

വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ മുതലായവയിൽ നിന്നും ഭാരതത്തിന് പ്രാചീന കാലം മുതൽക്കു തന്നെ മഹത്തായ വിദ്യാഭ്യാസചരിത്രം ഉണ്ടെന്നു മനസ്സിലാക്കാം. വ്യക്തിയുടെ ശാരീരികവും മാനസികവും ആത്മീയവുമായ വികസനം ലക്ഷ്യം വെച്ചുള്ളതായിരുന്നു പ്രാചീന ഭാരതത്തിലെ വിദ്യാഭ്യാസം. അന്ന് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ ജീവിതകാലത്തെ നാല് ഘട്ടങ്ങളായി-ആശ്രമങ്ങൾ-തിരിക്കുകയും അതിലൂടെ വ്യക്തിയുടെ ഘട്ടം ഘട്ടമായുള്ള സമഗ്രവികാസം വിഭാവനം ചെയ്യുകയും ചെയ്തിരുന്നു.

- **വിദ്യാഭ്യാസ ലക്ഷ്യങ്ങൾ**

ജീവിതത്തെ സഫലമാക്കാനും ആത്മാവിന് മോക്ഷം കൈവരിക്കാനും ഉതകുന്ന വിദ്യാഭ്യാസമായിരുന്നു ആസൂത്രണം ചെയ്തിരുന്നത്. വിജ്ഞാനം ആത്മസാക്ഷാത്ക്കാരത്തിന് ഉതകുന്നതായിരിക്കണം. വിജ്ഞാനസമ്പാദനം ഭൗതികമായ നേട്ടങ്ങൾ കൈവരിക്കുന്നതിനെക്കാളുപരി ആത്മാവിന്റെ ഉന്നമനമായിരിക്കണം ലക്ഷ്യമാക്കേണ്ടതെന്ന് പ്രാചീനഭാരതീയർ വിശ്വസിച്ചിരുന്നു. ഭൗതികസുഖങ്ങളിൽ ആണ്ടു കിടക്കുന്നവർക്ക് മുക്തി ലഭിക്കുകയില്ല. ലൗകിക ജീവിതത്തിൽ നിന്നുള്ള ആത്മാവിന്റെ മോചനമാണ് മുക്തി. ജീവിതത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള മോചനമാണ് അത്. ആകെപ്പാടെ വ്യക്തികളുടെ മനസ്സിനെ വിജ്ഞാനം കുത്തിനിറച്ച് വീർപ്പുമുട്ടിക്കുകയോ, അതിനെ സംസ്കരിക്കുകയും പ്രവർത്തനക്ഷമമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമെന്ന് പ്രാചീനഭാരതീയർ വിശ്വസിച്ചു.

**വിദ്യാഭ്യാസസമ്പ്രദായം, അധ്യാപനരീതി**

ഇന്നത്തെ മട്ടിലുള്ള ക്ലാസ്റൂം സമ്പ്രദായം പ്രാചീന ഭാരതത്തിൽ ഉണ്ടായിരുന്നില്ല. ശിഷ്യൻ

ഗുരുവിനോടൊപ്പം ഗുരുവിന്റെ വീട്ടിലെ ഒരംഗത്തെപ്പോലെ ജീവിച്ചുകൊണ്ടു വിദ്യാഭ്യാസം ചെയ്തിരുന്ന അന്നത്തെ സമ്പ്രദായത്തെ 'ഗുരുകുലവിദ്യാഭ്യാസം' എന്നു വിളിച്ചിരുന്നു. ഗുരുകുലത്തിൽ നിന്നും ഒരു വ്യക്തിയുടെ വിജയകരമായ ജീവിതത്തിനാവശ്യമായ എല്ലാ കാര്യങ്ങളിലും പരിശീലനം ലഭിച്ചിരുന്നു.

സംവാദരീതിയിലായിരുന്നു അധ്യാപനം. ശിഷ്യന്മാർ ഗുരുവിനോട് ചോദ്യങ്ങൾ ചോദിക്കുകയും ഗുരു അവയ്ക്ക് ഉത്തരങ്ങൾ നൽകുകയും ചെയ്തിരുന്നു. വിവരണങ്ങൾ, കഥകൾ, സന്മാർഗ കഥകൾ (Parables) മുതലായ രീതികൾ ഉപയോഗിച്ചാണ് വിജ്ഞാനം പകർന്നിരുന്നത്.

**ഉള്ളടക്കം**

വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, വ്യാകരണം, ജീവശാസ്ത്രം, ഗണിതം, തർക്കം, രാജ്യതന്ത്രം, ശബ്ദശാസ്ത്രം, ഛന്ദസ്സ്, സംഗീതം, നൃത്തം, ശില്പവിദ്യ എന്നിങ്ങനെ വിവിധ വിഷയങ്ങൾ അന്ന് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കമായിരുന്നു.

**അധ്യാപകവിദ്യാർത്ഥി ബന്ധം**

ആചാര്യന്മാർക്ക് സമൂഹത്തിൽ ഉന്നതമായ സ്ഥാനമുണ്ടായിരുന്നു. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം ആദർശപരമായിരുന്നു. ശിഷ്യന്മാരെ ഗുരു ആത്മീയമായ പൂർണതയിലേക്കും ആത്മസാക്ഷാത്ക്കാരത്തിലേക്കും നയിച്ചു. വിജ്ഞാനം പകർന്നു കൊടുക്കുകയും സന്മാർഗ കാര്യങ്ങളിലും ജീവിത മൂല്യങ്ങളിലും ആത്മീയകാര്യങ്ങളിലും മാർഗദർശിയും ഉപദേശകനും കൂടിയായിരുന്നു പ്രാചീന ഭാരതത്തിലെ ഗുരുക്കന്മാർ.

## ബുദ്ധമതകാല വിദ്യാഭ്യാസം

ബുദ്ധമത വിദ്യാഭ്യാസവും പ്രധാനമായും ബുദ്ധമത വിഹാരങ്ങളിലാണ് നടന്നിരുന്നത്. ബുദ്ധവിഹാരങ്ങൾ ബുദ്ധഭിക്ഷുക്കളുടെ താമസസ്ഥലമായിരുന്നു. സാന്മാർഗിക ജീവിതത്തിലും ധ്യാനത്തിലും വിജ്ഞാനസമ്പാദനത്തിലും മുഴുകിക്കൊണ്ടിരുന്ന ജീവിതമാണ് ഭിക്ഷുക്കൾ നയിച്ചിരുന്നത്. എല്ലാ ജാതിയിലും പെട്ടവർക്ക് ബുദ്ധവിഹാരങ്ങളിൽ നിന്നും വിദ്യ അഭ്യസിക്കാമായിരുന്നു ബ്രാഹ്മണമേധാവിത്വത്തിൽ നിന്നും വിദ്യാഭ്യാസത്തിന്റെ കുത്തക എടുത്തുമാറ്റി വിദ്യാഭ്യാസം ജനകീയമാക്കി മാറ്റിയതാണ് ബുദ്ധമതവിദ്യാഭ്യാസത്തിലെ വിപ്ലവകരമായ അംശം.

**വിദ്യാഭ്യാസ ലക്ഷ്യങ്ങൾ**

വ്യക്തിയുടെ സർവോതമുഖവികസനമായിരുന്നു പ്രധാന ലക്ഷ്യം. മാനസികവും ശാരീരികവും ബൗദ്ധികവും സാന്മാർഗികവുമായ ലക്ഷ്യങ്ങൾക്ക് ഇവർ പ്രാധാന്യം നൽകിയിരുന്നു. ജീവിതത്തിന്റെ പരമമായ ലക്ഷ്യം നിർവാണപ്രാപ്തിയായിരുന്നതുകൊണ്ട് വിദ്യാഭ്യാസവും ഇതേ ലക്ഷ്യം വെച്ചുള്ളതായിരുന്നു. ആദ്ധ്യാത്മിക കാര്യങ്ങളോടൊപ്പം ഭൗതിക കാര്യങ്ങളിലും വിദ്യാഭ്യാസം നൽകിയിരുന്നു.

**വിദ്യാഭ്യാസ സമ്പ്രദായം/അധ്യാപന രീതി**

ഓരോ നവഭിക്ഷുവും ആചാര്യനെ സ്വയം തിരഞ്ഞെടുക്കുകയാണ് ചെയ്തിരുന്നത്. ആചാര്യൻ 'ഉപജ്ജയ' എന്ന പേരിലും ശിഷ്യൻ 'സിദ്ധിവിഹാരിക' എന്ന പേരിലും അറിയപ്പെട്ടിരുന്നു. ശിഷ്യൻ ആചാര്യനെ സ്വന്തം പിതാവിനെപ്പോലെയായിരുന്നു കണ്ടിരുന്നത്. ചുരുങ്ങിയത് 10 വർഷമെങ്കിലും ഭിക്ഷുവായി ജീവിച്ചയാളാണ് ഉപജ്ജയ പദവിയിൽ എത്തിയിരുന്നത്. അധ്യാപനം വിവരണം, പ്രഭാഷണം, ചർച്ച എന്നിവയിലൂന്നിയായിരുന്നു വിദ്യാർത്ഥികളുടെ

പ്രഭാഷണശേഷി വളർത്തുന്നതിനുവേണ്ടി ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക പതിവായിരുന്നു. പ്രഗത്ഭരായ പ്രഭാഷകരെ ക്ഷണിച്ചു വരുത്തി മതം, തത്വശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രഭാഷണം നടത്തിക്കുകയും ചെയ്തിരുന്നു.

### ഉള്ളടക്കം

മതതത്വങ്ങൾ, കല, വായന, ഗണിതം, നൂൽനൂൽപ്പ്, നെയ്ത്ത്, തുന്നൽപ്പണി, കണക്കെഴുത്ത്, പെയിന്റിംഗ്, വൈദ്യം, മായാജാലം, ഗജശാസ്ത്രം, ശില്പവിദ്യ എന്നിവയെല്ലാം അന്ന് അഭ്യസിച്ചിരുന്നു. തക്ഷശില, നളന്ദ എന്നിവ അന്നത്തെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളായിരുന്നു.

### അധ്യാപക വിദ്യാർത്ഥി ബന്ധം

ഗുരുശിഷ്യന്മാർ ഒന്നിച്ചു വിഹാരങ്ങളിൽ താമസിച്ചിരുന്നു. അവർ തമ്മിൽ പരസ്പരസ്നേഹവും ബഹുമാനവും വിശ്വാസവും ഉണ്ടായിരുന്നു. ശിഷ്യൻ ഗുരുവിന് എല്ലാ വിധത്തിലുള്ള സേവനങ്ങളും ചെയ്യണം. ഗുരുവിന്റെ ദിനചര്യ, ഭിക്ഷാടനം, ഭക്ഷണം, വസ്ത്രധാരണം എന്നീ കാര്യങ്ങളെല്ലാം ശ്രദ്ധിക്കുകയും അദ്ദേഹത്തെ പരിചരിക്കുകയും ചെയ്യണം.

## മധ്യകാല വിദ്യാഭ്യാസം

എ.ഡി ആറാം നൂറ്റാണ്ടു മുതൽ എ.ഡി 18-ാം നൂറ്റാണ്ടുവരെയുള്ള ദീർഘമായ കാലത്തെ ഇന്ത്യാചരിത്രത്തിൽ മധ്യകാലമായി പരിഗണിക്കുന്നു. ഇസ്ലാമിക ഭരണകർത്താക്കളുടെ ആഗമനവും സാമ്രാജ്യസ്ഥാപനവും നടന്ന കാലമാണിത്. ഇക്കാലത്ത് ഭാരതത്തിലുണ്ടായിരുന്ന പരമ്പരാഗതമായ വിദ്യാഭ്യാസസമ്പ്രദായം ക്ഷയിക്കുകയും അറേബ്യൻ നാടുകളിൽ ഉണ്ടായ വിദ്യാഭ്യാസക്രമം ക്രമത്തിൽ ഇവിടെ നടപ്പാക്കുകയും ചെയ്തതായി കാണാം. അക്കാലത്ത് ധാരാളം മക്ത്തബകളും മദ്രസകളും സ്ഥാപിക്കപ്പെടുകയും അവയിലൂടെ ഇസ്ലാമിക വിദ്യാഭ്യാസം പ്രചരിപ്പിക്കപ്പെടുകയും ചെയ്തു.

### വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

ആത്മീയവും സാന്മാർഗികവുമായ ലക്ഷ്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണ് ഇസ്ലാമിന്റെ വിദ്യാഭ്യാസവീക്ഷണം. വിജ്ഞാനസമ്പാദനം, സ്വഭാവരൂപവൽക്കരണം, ഇസ്ലാമിക തത്വങ്ങൾക്കനുസൃതമായ പ്രായോഗിക ജീവിതം മുതലായവ ഇസ്ലാമിക വിദ്യാഭ്യാസത്തിന്റെ മറ്റുലക്ഷ്യങ്ങളാണ് സമൂഹത്തിന് വ്യക്തികളോടും വ്യക്തികൾക്ക് സമൂഹത്തോടും കർത്തവ്യങ്ങളുണ്ട്. ഓരോ വ്യക്തിക്കും സമൂഹത്തോടുള്ള കർത്തവ്യങ്ങൾ നിർവഹിക്കാൻ പ്രാപ്തരാക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ കർത്തവ്യമാണ്. സത്യസന്ധത. സ്നേഹം, സഹിഷ്ണുത, ധൈര്യം, ദേശസ്നേഹം, സഹജീവിസ്നേഹം, സൗന്ദര്യബോധം എന്നിവയ്ക്കെല്ലാം ഇസ്ലാമിക വിദ്യാഭ്യാസത്തിൽ പ്രാധാന്യം നൽകിയിരുന്നു.

### വിദ്യാഭ്യാസ സമ്പ്രദായവും ഉള്ളടക്കവും

ആജീവനാന്തവിദ്യാഭ്യാസം എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് മുസ്ലീം ലോകമായിരുന്നു. മുസ്ലീങ്ങൾ എപ്പോഴും ഒന്നിച്ചുകൂടുന്ന പള്ളികൾ വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങളായിരുന്നു. അവിടെവച്ച് പ്രാർത്ഥന, ഉദ്ബോധനം, മതപരിശീലനം, സാമൂഹിക പ്രശ്ന പരിഹാരത്തിനുള്ള ചർച്ചകൾ, നീതിനിർവ്വഹണസംരംഭങ്ങൾ എന്നിവ നടന്നിരുന്നു. പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ 'മക്ത്തബകൾ' എന്നും സെക്കണ്ടറി വിദ്യാലയങ്ങളെ 'മദ്രസകൾ' എന്നും വിളിച്ചു. എഴുത്ത്, വായന, ഖുർ ആൻ പാരായണം, പ്രവാചക വചനങ്ങൾ, ഇസ്ലാമികചരിത്രവും കഥകളും, പ്രാഥമികഗണിതം മുതലായ പ്രാഥമിക ഘട്ടത്തിൽ പഠിപ്പിച്ചിരുന്നു. വിവരണവും പ്രഭാഷണവുമായിരുന്നു അധ്യാപനരീതി.

സെക്കണ്ടറി വിദ്യാഭ്യാസം നൽകിയിരുന്നു മദ്രസകളിൽ ഗഹനമായ പല വിഷയങ്ങളും പഠിപ്പിച്ചിരുന്നു. ഖുർ ആൻ സൂക്തങ്ങളുടെ വ്യാഖ്യാനം, ഭാഷ, വ്യാകരണം, സാഹിത്യം, ഗണിതം, വാനശാസ്ത്രം, ഭൂമിശാസ്ത്രം, വൈദ്യം, തർക്കശാസ്ത്രം, ചരിത്രം, ശില്പവിദ്യ കയ്യെഴുത്തു കല എന്നിവയെല്ലാം ഇവയിൽ പെടുന്നു.

### അധ്യാപക വിദ്യാർത്ഥി ബന്ധം

പണ്ഡിതന്മാർക്കും അധ്യാപകർക്കും വളരെയധികം ആദരവും സാമൂഹികാംഗീകാരവും നൽകിയിരുന്നു. സമൂഹത്തിന് നേതൃത്വം നൽകേണ്ടത് പണ്ഡിതന്മാരെന്ന കാഴ്ചപ്പാടുണ്ടായിരുന്നു. അധ്യാപകർക്കും പണ്ഡിതന്മാർക്കും വേണ്ട സൗകര്യവും സംരക്ഷണവും സമൂഹത്തിന്റെയും ഭരണാധികാരികളുടെയും കർത്തവ്യമായി കണക്കാക്കിയിരുന്നു. പ്രഭാഷണങ്ങളും വിവരണങ്ങളും കൂടാതെ വ്യക്തിബോധനവും ചെറുസംഘങ്ങളായി തിരിച്ചുള്ള ബോധനവും അന്നു നടന്നിരുന്നു. ഒരു പാഠം പഠിക്കാത്ത വിദ്യാർത്ഥിക്ക് അടുത്ത പാഠം പഠിക്കുന്നതിനുള്ള അർഹതയുണ്ടായിരുന്നില്ല.

## ബ്രിട്ടീഷുകാല വിദ്യാഭ്യാസം

1498 ൽ വാസ്കോഡഗാമ ഇന്ത്യയിലെത്തിയതോടെ മതപ്രചാരണം ലക്ഷ്യമാക്കി ക്രൈസ്തവ മിഷനറിമാരും ഇന്ത്യയിലെത്തി. പോർത്തുഗീസുകാർ ഗോവ, ദാമൻ, ദിയു, കൊച്ചി മുതലായ ഇടങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു ഫ്രഞ്ചുകാർ പോണ്ടിച്ചേരി, മാഹി, ചന്ദ്രനഗർ എന്നിവിടങ്ങളിൽ സ്കൂളുകൾ തുടങ്ങി. തുടർന്ന് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്കൂളുകൾ സ്ഥാപിച്ചു. ക്രിസ്തുമത പ്രചാരണമായിരുന്നു ആരംഭത്തിൽ ഇവയുടെ ലക്ഷ്യം. ക്രമത്തിൽ ഇന്ത്യയിൽ വിദ്യാഭ്യാസം ശക്തമാക്കേണ്ടതിന്റെ ആവശ്യകത ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കു ബോധ്യപ്പെട്ടു.

### വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

മതപ്രചാരണലക്ഷ്യത്തോടെയാണ് വൈദേശിക ശക്തികൾ ഇന്ത്യയിൽ വിദ്യാഭ്യാസപ്രവർ, ത്തനം ആരംഭിച്ചതെങ്കിലും ക്രമത്തിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി ഇന്ത്യയിൽ ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണ് നൽകേണ്ടത് എന്നതിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങി. മെക്കാളെയുടെ 1835 ലെ മിനുട്സിൽ "ഭരണകർത്താക്കളായ നമ്മളും നാട്ടുകാരായ ഇന്ത്യക്കാരും തമ്മിൽ ആശയവിനിമയം ചെയ്യാൻ സഹായിക്കുന്ന ഒരു വർഗത്തെ-രക്തത്തിലും വർണത്തിലും ഇന്ത്യക്കാരാണെങ്കിലും അഭിരുചിയിലും വീക്ഷണത്തിലും ബുദ്ധിശക്തിയിലും സദാചാരബോധത്തിലും ഇംഗ്ലീഷുകാരായ ഒരു വർഗത്തെ സൃഷ്ടിക്കാൻ കഴിയുന്നതെല്ലാം നാം ചെയ്യേണ്ടിയിരിക്കുന്നു" എന്നു പ്രസ്താവിക്കുന്നുണ്ട്. ഇതിൽ നിന്നും ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അനാവരണം ചെയ്യുന്നുണ്ട്. ഇന്ത്യക്കാരുടെ ഇടയിൽ യൂറോപ്യൻ സാഹിത്യവും ശാസ്ത്രവും പ്രചരിപ്പിക്കുകയാണ് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നു അദ്ദേഹം പറയുന്നുണ്ട്.

ഇത്തരമൊരു കാഴ്ചപ്പാടോടെയാണ് ഇംഗ്ലീഷുകാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചതെങ്കിലും അവരുടെതന്നെ ഇടയിലുള്ള ആധുനിക കാഴ്ചപ്പാടുകളുടെയും ലിബറൽ മനോഭാവത്തിന്റെയും ഫലമായും ഇന്ത്യയിൽ ഉയർന്നു വന്ന ദേശീയബോധത്തിന്റെയും സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെയും സ്വാധീന ഫലമായും ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിക്കു നാന്ദി കുറിച്ച പല നടപടികളും സ്വീകരിക്കുന്നതിന് ഇടയായി.

- പ്രായോഗികജീവിതത്തിന് വിദ്യാർത്ഥികളെ തയ്യാറാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ
- സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകൽ

- അധ്യാപനരംഗത്ത് സമർത്ഥരായവർ കടന്നു വരുന്നതിനുള്ള നടപടികൾ
- പ്രാഥമികവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ
- ഉന്നതവിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ
- വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കണമെന്ന കാഴ്ചപ്പാട്.
- അധ്യയന മാധ്യമം മാതൃഭാഷയായിരിക്കണം എന്ന കാഴ്ചപ്പാട്
- പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണപരിപാടി എന്നിവ വേണം എന്ന കാഴ്ചപ്പാട്.
- അധ്യാപകപരിശീലനം മെച്ചപ്പെടുത്തണമെന്ന കാഴ്ചപ്പാട്.

ഇങ്ങനെ സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ വളർച്ചയെയടക്കം സ്വാധീനിച്ച പ്രധാനപ്പെട്ട കാൽവെയ്പ്പുകളുടെയെല്ലാം ഉത്ഭവം ബ്രിട്ടീഷ് ഭരണകാലത്തെ വിദ്യാഭ്യാസ കമ്മീഷനുകളിലും റിപ്പോർട്ടുകളിലുമാണെന്നു കാണാം.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തുടക്കം ബ്രിട്ടീഷ് ഭരണകാലത്തായിരുന്നു. ഉള്ളടക്കം, അധ്യാപനരീതി, വിലയിരുത്തൽ രീതി എന്നിവയുടെയെല്ലാം വേരുകൾ ബ്രിട്ടീഷു ഭരണകാലത്തെ സമ്പ്രദായത്തിലാണ് ഉള്ളത്.

## സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള വിദ്യാഭ്യാസം

സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഭാരതത്തിലെ 83.3% ജനങ്ങളും നിരക്ഷരരായിരുന്നു. ഭാരതീയന്റെ ശരാശരി ആയുസ്സ് 32 വർഷവും ആളോഹരി വരുമാനം 237.5 രൂപയുമായിരുന്നു സാമ്പത്തികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും ദയനീയമായ അവസ്ഥയിലായിരുന്നു ഭാരതം. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ നടന്ന ആസൂത്രിതമായ വികസനപ്രവർത്തനങ്ങളുടെ ഫലമായി വിദ്യാഭ്യാസരംഗത്ത് സ്വാതന്ത്ര്യാനന്തരം വമ്പിച്ച വളർച്ചയുണ്ടായതായി കാണാം. (ഒന്നാം യൂണിറ്റിന്റെ അനുബന്ധമായി നൽകിയ സാക്ഷരതാ നിരക്കിന്റെ പട്ടിക നോക്കുക) നമ്മുടെ ഭരണഘടനയുടെ 45-ാം വകുപ്പിനനുസരിച്ച് ഭരണഘടന നടപ്പിലാക്കി 10 വർഷത്തിനുള്ളിൽ പതിനാലു വയസ്സു പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ പ്രാഥമികവിദ്യാഭ്യാസം നൽകേണ്ടത് രാഷ്ട്രത്തിന്റെ കടമയാണ്. ഇതനുസരിച്ചുള്ള പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും വിദ്യാഭ്യാസമേഖലയിൽ വലിയ മുന്നേറ്റങ്ങൾ നടത്താൻ സ്വതന്ത്ര ഇന്ത്യയ്ക്കു കഴിഞ്ഞിട്ടുണ്ട്.

### വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

ജനാധിപത്യജീവിതശൈലിയും മൂല്യബോധവും വിശാലവീക്ഷണവും ശാസ്ത്രീയ മനോഭാവവുമുള്ള ബുദ്ധിപരവും ശാരീരികവും മാനസികവുമായ കരുത്തുള്ള ഒരു ജനതയെ വാർത്തെടുക്കുകയാണ് നമ്മുടെ പ്രധാന ലക്ഷ്യം. ജനാധിപത്യവ്യവസ്ഥയിൽ പൗരൻമാർക്കുണ്ടാകേണ്ട ബുദ്ധിപരവും സാമൂഹികവും സാംസ്കാരികവുവായ പല ഗുണങ്ങളുമുണ്ട്. വ്യക്തമായ ചിന്ത, ശരിയായ ധാരണ, വ്യക്തമായ ആശയപ്രകടനം, സഹകരണ മനോഭാവത്തിൽ അധിഷ്ഠിതമായ ജീവിതം, രാജ്യസ്നേഹം, ലോകപൗരനെന്ന ബോധത്തിന്റെ വികാസം, തൊഴിൽപരമായ കാര്യക്ഷമത, നേതൃത്വഗുണങ്ങൾ, സാങ്കേതികവൈദഗ്ദ്ധ്യം എന്നിവയെല്ലാം വ്യക്തിയിൽ വികസിച്ചു വരണമെന്ന കാഴ്ചപ്പാടോടെയാണ് സ്വതന്ത്രഭാരതത്തിൽ വിദ്യാഭ്യാസത്തിന്റെ ആസൂത്രണം നടത്തുന്നത്.

## ബി) കേരളവിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വളർച്ച

- സംഘകാലം മുതൽക്കു തന്നെ കേരളത്തിലെ ജനങ്ങൾക്കും ഭരണാധികാരികൾക്കും വിദ്യയോടും വിദ്യ നേടിയവരോടും ആദരവുണ്ടായിരുന്നു. "ശാസിക്കാൻ കഴിവുള്ള പണ്ഡിതൻമാരുടെ സംരക്ഷണമില്ലാത്ത രാജാവ് മറ്റാരും നശിപ്പിച്ചെങ്കിൽ തന്നെയും സ്വയം നശിക്കും" (തിരുക്കുറൾ പുറം 448)
- ബുദ്ധമതക്കാലത്ത് ദേവാലയങ്ങളായിരുന്ന പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടു വഞ്ചിനഗരവും അതിനോടടുത്ത തിരുക്കുണവായിൽ കോട്ടവും വലിയ വിദ്യാകേന്ദ്രങ്ങളായിരുന്നു. അവിടെ വിദേശവിദ്യാർത്ഥികൾ പോലും വിദ്യയഭ്യസിച്ചിരുന്നു.
- 1792– ഓടെ മലബാർ ബ്രിട്ടന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. വൈദേശികാധിപത്യം വ്യാപിച്ചു തുടങ്ങിയതും മിഷനറിപ്രവർത്തനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിക്കുന്നതിന് ഇടയാക്കി.
- 19–ാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിൽ സ്കൂളുകൾ വ്യാപിച്ചു തുടങ്ങി. അന്ന് മലബാർ മറ്റു പ്രദേശങ്ങളെക്കാൾ മുന്നിലായിരുന്നു. എന്നാൽ 19–ാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും മലബാർ ബ്രിട്ടന്റെ നേരിട്ടുള്ള ആധിപത്യത്തിൻ കീഴിൽ വരികയും വിദ്യാഭ്യാസപരമായി പിന്തള്ളപ്പെട്ടുപോവുകയും ചെയ്തു.
- തിരുവിതാംകൂറിൽ 1819 ൽ റാണിഗൗരിപാർവതിഭായി വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ചുമതലയായി പ്രഖ്യാപിച്ചു. ഇതോടെ വെർണാക്കുലർ (പ്രാദേശികഭാഷ) സ്കൂളുകൾ സ്ഥാപിതമായി.
- 1869 ൽ സ്വകാര്യ ഏജൻസികൾക്ക് സ്കൂളുകൾ നടത്തുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചു.
- 1894 ൽ സ്വകാര്യ ഏജൻസികൾക്ക് ഗ്രാന്റ് നൽകുന്ന രീതി പരിഷ്ക്കരിച്ചു. അതുപ്രകാരം പാഠ്യപദ്ധതി, അധ്യാപകരുടെ യോഗ്യത തുടങ്ങിയ ചില കാര്യങ്ങളിൽ സർക്കാർ നിയന്ത്രണമേർപ്പെടുത്തുകയും അത്തരം വ്യവസ്ഥകൾ അംഗീകരിക്കുന്നവർക്കു മാത്രം ഗ്രാന്റ് നൽകാൻ തീരുമാനിക്കുകയും ചെയ്തു.
- 1903 ൽ തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കൊച്ചിയിൽ 1818 ൽ ഒറ്റയടിക്ക് 33 വെർണാക്കുലർ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. എഴുത്തച്ഛൻമാർക്ക് സർക്കാർ ഖജനാവിൽ നിന്നും ശമ്പളം കൊടുക്കാൻ ആരംഭിച്ചു.
- മലബാറിൽ 1848 ൽ ബാസൽ മിഷൻ കോഴിക്കോട്ട് പ്രൈമറി സ്കൂൾ സ്ഥാപിച്ചതോടെയാണ് പാശ്ചാത്യവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്. 1862 ൽ എഡ്വേർഡ് ബ്രണ്ണൻ എന്ന നാവികന്റെ സഹായത്തോടെ ബ്രണ്ണൻ സ്കൂൾ സ്ഥാപിതമായി. 1877ൽ സാമൂതിരി രാജാവ് കോഴിക്കോട്ട് ഒരു സ്കൂൾ സ്ഥാപിച്ചു.
- 1920 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് സ്ഥാപിതമായി. ഇതോടെ ഡിസ്ട്രിക്റ്റ് വിദ്യാഭ്യാസ കൗൺസിലുകൾ രൂപം കൊണ്ടു. ഇത് മലബാറിലെ വിദ്യാഭ്യാസത്തിന് ഉത്തേജനം നൽകി.

വ്യത്യസ്ത രാഷ്ട്രീയ കാലാവസ്ഥയിൽ വളർന്ന തിരുവിതാംകൂർ കൊച്ചി, മലബാർ എന്നീ മൂന്നു പ്രദേശങ്ങൾ ചേർന്ന് 1956 ൽ കേരളം രൂപം കൊണ്ടു. വിദ്യാഭ്യാസ വളർച്ചയിൽ ഈ

മൂന്നു പ്രദേശങ്ങളും ഇന്ത്യയിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മുന്നിലായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ കൊടുത്തിരിക്കുന്ന കണക്കുകൾ നോക്കുക.

| സ്റ്റേറ്റ് | സാക്ഷരത-ആയിരത്തിൽ ഇത്ര എന്ന് | സ്ത്രീ സാക്ഷരത ആയിരത്തിൽ |
|---|---|---|
| കൊച്ചി | 138 | 45 |
| തിരുവിതാംകൂർ | 124 | 31 |
| ബറോഡ | 88 | -8 |
| മദിരാശിസംസ്ഥാനം | 63 | -9 |
| ബോംബെസംസ്ഥാനം | 70 | 11 |
| ഗ്വാളിയോർ | 24 | -1 |

1901 ൽ മലബാറിലെ വിദ്യാഭ്യാസനിലവാരം കൊച്ചിയിലെയും തിരുവിതാംകൂറിലെയും നിലവാരത്തിനോടൊപ്പമായിരുന്നു ജില്ലകളുടെ സാക്ഷരതയുടെ താരതമ്യപഠനം നോക്കുക.

| ജില്ല | 1901 | 1911 | 1931 | 1951 | 1971 |
|---|---|---|---|---|---|
| കണ്ണൂർ | 20 | 25 | 32 | 53 | 63 |
| കോഴിക്കോട് | 19 | 22 | 27 | 48 | 66 |
| തൃശ്ശൂർ | 22 | 28 | 45 | 59 | 66 |
| എറണാകുളം | 24 | 25 | 42 | 65 | 70 |
| കൊല്ലം | 19 | 23 | 39 | 64 | 70 |
| തിരുവനന്തപുരം | 23 | 28 | 38 | 46 | 69 |

*(അവലംബം : ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ-തായാട്ട് ശങ്കരൻ)*

സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ കേരളത്തിന്റെ സാക്ഷരതാനിലവാരം ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് മുന്നിലായിരുന്നു. ഈ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ കാരണങ്ങളെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ട്.

- കേരളീയർ പണ്ടു മുതൽക്കേ വിദ്യാഭ്യാസ കാര്യത്തിൽ തൽപരരായിരുന്നു. ഭരണാധികാരികൾ വിദ്യാഭ്യാസ വ്യാപനത്തിന് ശ്രമിച്ചിരുന്നു.
- മിഷണറിമാരുടെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസവ്യാപനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.
- കേരളത്തിലെ ജന്മിത്വം അയവുള്ളതായിരുന്നു. ഭൂമിയിൽ കൃഷിചെയ്യുന്നവർ ഉൽപ്പന്നങ്ങൾ ഭൂവുടയുമായി പങ്കിട്ടനുഭവിച്ചിരുന്നു. അതുകൊണ്ട് കുടിയാന്മാർക്കും മിച്ചം വെയ്ക്കാൻ കഴിഞ്ഞു. ഈ സാമ്പത്തികാടിസ്ഥാനം കീഴ്ത്തട്ടുകാരനും വിദ്യാഭ്യാസശേഷിയുണ്ടാക്കി. ജാതിശ്രേണിയിൽ പിന്നിലാണെങ്കിലും വിദ്യാഭ്യാസത്തിൽ പിന്നിലല്ലാത്ത ഒരു വിഭാഗം ഇവിടെയുണ്ടായിരുന്നു. ആശാരി, ഗണകൻ, വേലൻ, മലയൻ തുടങ്ങിയ ജാതിയ്ക്ക് സ്വന്തം തൊഴിലിന് അനുപേക്ഷണീയമായ വിദ്യാഭ്യാസം ഉണ്ടായിരുന്നു.
- കേരളത്തിലെ ജനങ്ങളുടെ ഇടത്തരം സാമ്പത്തിക സ്ഥിതിയോടൊപ്പം വിദ്യാഭ്യാസ വ്യാപനത്തിന് പ്രേരകമായ ഒട്ടേറെ മുന്നേറ്റങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്.

- ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം മൗലവി തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ
- ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായുണ്ടായ ബഹുജന രാഷ്ട്രീയ വിദ്യാഭ്യാസം
- കേരളത്തിൽ നടന്ന ഭൂപരിഷ്ക്കരണം

മുതലായവ പുരോഗമനചിന്തയും ജീവിതപുരോഗതിയും കൈവരിക്കുന്നതിന് സഹായകമായിത്തീർന്നു. കേരളത്തിലുണ്ടായ സാമൂഹിക പുരോഗതി വിദ്യാഭ്യാസവളർച്ചയെ സഹായിച്ചു. സാമൂഹിക പ്രസ്ഥാനങ്ങളും അവയുടെ നേതൃത്വത്തിൽ നടന്ന സാംസ്കാരിക നവോത്ഥാനവുമാണ് കേരളത്തിലെ വിദ്യാഭ്യാസവളർച്ചയെ നിർണ്ണായകമായി സ്വാധീനിച്ചത്.

1905 ൽ ശ്രീനാരായണ ധർമ്മയോഗം പ്രചരണത്തിനായി സജ്ജരാക്കിയ പ്രാസംഗികരായ പ്രവർത്തകർക്കായി ശ്രീനാരായണ ഗുരു ഏർപ്പെടുത്തിയ വ്യവസ്ഥകളിൽ ഒന്ന് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതായിരുന്നു.

"വിദ്യാഭ്യാസത്തിന്റെ അസാമാന്യമായ ഗുണത്തേയും ഇതിന്റെ അഭാവത്തിൽ ഉള്ള ദോഷത്തേയും പ്രതിപാദിക്കുകയും ഈഴവ സ്ത്രീ പുരുഷന്മാരിൽ പ്രാഥമിക വിദ്യാഭ്യാസം എങ്കിലും ഇല്ലാത്തവർ മേലാൽ ഉണ്ടായിരിക്കരുതെന്ന് അത്ര അഭിമാനവും അഭിരുചിയും തോന്നത്തക്കവണ്ണം അവരെ ഉത്സാഹിപ്പിക്കുകയും ചെയ്യുക. ആവശ്യമുള്ള സ്ഥലങ്ങളിൽ സമുദായം വകയായോ മറ്റോ പള്ളിക്കൂടങ്ങൾ, വായനശാലകൾ മുതലായവ ഏർപ്പെടുത്തുകയും മറ്റും ചെയ്യുന്നതിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ശ്രമിക്കുകയും ചെയ്യുക".

"നെയ്യാറ്റുങ്കര ഊരുട്ടമ്പലം എന്ന സ്ഥലത്തെ പെൺപള്ളിക്കൂടത്തിൽ കൊണ്ടുചെന്ന ഏതാനും പുലയരിൽ ചിലരെ നായന്മാരിൽ ചിലർ ചേർന്നു തല്ലാൻ തുടങ്ങി. ആ തല്ല് ഇപ്പോൾ വലിയ ലഹളയായി വർദ്ധിച്ച് ആ താലൂക്ക് മുഴുവൻ മാത്രമല്ല അടുത്ത താലൂക്കുകളിലും പടർന്നു പിടിച്ചതായും കാണുന്നു.

*(ഉദ്ധരണികൾ 'കേരളം-ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ' എന്ന പി.ഭാസ്കരനുണ്ണിയുടെ പുസ്തകത്തിൽ നിന്ന് - പ്രസാധകർ കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 2005).*

## (സി) വിദ്യാഭ്യാസ കമ്മീഷനുകളും വിദ്യാഭ്യാസനവീകരണ ശ്രമങ്ങളും

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഉണ്ടായ വിവിധ വിദ്യാഭ്യാസകമ്മീഷനുകൾ, അവയുടെ നിർദ്ദേശങ്ങൾ, കമ്മീഷനുകളുടെ സ്വാധീനം എന്നിവ റഫറൻസിലൂടെ കണ്ടെത്തി കുറിപ്പ് തയാറാക്കി അവതരിപ്പിക്കട്ടെ. പുസ്തകങ്ങളുടെ വായന, ഇന്റർനെറ്റ് എന്നിവ ഇതിനായി ഉപയോഗപ്പെടുത്തണം. ഗ്രൂപ്പുകൾക്ക് കമ്മീഷനുകളുടെ ഒരു ടൈംലൈൻ തയാറാക്കാവുന്നതാണ്.

### 1835 ലെ മെക്കാളെയുടെ മിനിട്സ്

ആധുനീക ഇന്ത്യയിൽ വിദ്യാഭ്യാസത്തിലെ പ്രഥമ നയരേഖയായി അറിയപ്പെടുന്നു. രക്തത്തിലും വർണത്തിലും ഇന്ത്യക്കാരാണെങ്കിലും അഭിരുചിയിലും വീക്ഷണത്തിലും ബുദ്ധിശക്തിയിലും സദാചാരബോധത്തിലും ഇംഗ്ലീഷുകാരായ ഒരു വർഗത്തെ സൃഷ്ടിക്കുന്നതിന് കഴിയുന്നതെല്ലാം ചെയ്യുക എന്ന പ്രസ്താവിച്ചുകൊണ്ടായിരുന്നു. മെക്കാളയുടെ മിനിട്സ് അതിന്റെ വിദ്യാഭ്യാസ ലക്ഷ്യം വ്യക്തമാക്കിയത്. ഇംഗ്ലീഷ് പഠനത്തിന്റെ മാധ്യമമായിരിക്കണമെന്നും ഇംഗ്ലീഷ് മാധ്യമമായ വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും പൗരസ്ത്യവിദ്യാഭ്യാസ കേന്ദ്രങ്ങൾ നിരുത്സാഹപ്പെടുത്തണമെന്നും മെക്കാളെ ശുപാർശചെയ്തു. "ഇന്ത്യയിലെയും അറേബ്യയിലെയും സക

ലസാഹിത്യത്തെക്കാളും വിലമതിക്കപ്പെട്ടതാണ് ഒരു അലമാരയിലൊതുങ്ങുന്ന യൂറോപ്യൻ സാഹിത്യം" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

### 1937 ലെ അബട്ട് ആന്റ് വുഡ് കമ്മിറ്റി.

എ. അബട്ട്, എസ്. എച്ച്. വുഡ് എന്നീ ബ്രിട്ടീഷ് വിദ്യാഭ്യാസ വിദഗ്ധരോട് ഇന്ത്യയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കാൻ ഗവണ്മെന്റ് ആവശ്യപ്പെട്ടു. സാമാന്യ വിദ്യാഭ്യാസത്തെ പോലെ പ്രാധാന്യമർഹിക്കുന്നതാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമെന്ന് റിപ്പോർട്ടിൽ എടുത്തുപറഞ്ഞു.

വിവിധ തരത്തിലുള്ള സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തു. അധ്യയനമാധ്യമമായി മാതൃഭാഷ നടപ്പാക്കണമെന്നും ഇംഗ്ലീഷ് ഒരു നിർബന്ധിതവിഷയമായിരിക്കണമെന്നും പ്രാഥമിക സെക്കണ്ടറി തലങ്ങളിൽ കൈത്തൊഴിലുകൾക്ക് പ്രാധാന്യം നൽകണമെന്നുമായിരുന്നു കമ്മിറ്റിയുടെ അഭിപ്രായം.

### 1944 ലെ സാർജന്റ് റിപ്പോർട്ട്

ഇന്ത്യയിലെ യുദ്ധാനന്തര വിദ്യാഭ്യാസനയങ്ങൾ എന്തായിരിക്കണമെന്നതിനെപ്പറ്റി അന്നത്തെ വിദ്യാഭ്യാസ ഉപദേഷ്ടാവായിരുന്ന സർ ജോൺസ് സാർജന്റ് ഒരു റിപ്പോർട്ട് സമർപ്പിച്ചു. അടുത്ത 40 വർഷത്തോടെ സ്വീകരിക്കാവുന്ന ഒരു സമഗ്രമായ റിപ്പോർട്ടായിരുന്നു അത്. ഇന്ത്യയിൽ ഒരു സമഗ്രവിദ്യാഭ്യാസപദ്ധതി വേണം എന്ന് അദ്ദേഹം ഊന്നിപറഞ്ഞു. ഇംഗ്ലണ്ടിൽ ആളോഹരി വിദ്യാഭ്യാസത്തിന് 33 രൂപ ചെലവാക്കിയപ്പോൾ ഇന്ത്യയിൽ ആളോഹരി 11 രൂപയെങ്കിലും ചെലവാക്കണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ബുദ്ധിപരവും ശാരീരികവും സാന്മാർഗികവുമായ സമഗ്രവികാസമായിരിക്കണമെന്ന് അദ്ദേഹം എടുത്തു പറഞ്ഞു.

### റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ

- വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമായിരിക്കണം. 3 മുതൽ 6 വയസുവരെയുള്ള കുട്ടികൾക്കുവേണ്ടി പ്രീപ്രൈമറി വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തണം. ഗ്രാമപ്രദേശങ്ങളിൽ ഇവ പ്രൈമറി സ്കൂളുകളുടെ കൂടെയായിരിക്കണം.
- സെക്കണ്ടറിഘട്ടത്തിൽ ശരാശരി കഴിവിൽ മികച്ചുനിൽക്കുന്നവർക്കു മാത്രം പ്രവേശനം നൽകുക. സാങ്കേതികവും അക്കാദമികവുമായ രണ്ടുതരം കോഴ്സുകൾ നടപ്പാക്കുക.
- അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണം.
- പാവപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുക.
- വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുക.
- ശാരീരികവും മാനസികവുമായ വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗകര്യമേർപ്പെടുത്തുക.
- അധ്യാപകപരിശീലനം മെച്ചപ്പെടുത്തുക.
- പ്രൈമറി ഘട്ടത്തിൽ ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസ ആശയങ്ങൾ നടപ്പാക്കുക.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ഒരു വിദ്യാഭ്യാസ കാര്യമന്ത്രാലയം സ്ഥാപിക്കപ്പെട്ടു. ഇന്ത്യൻയൂണിവേഴ്സിറ്റീസ് ഗ്രാന്റ്സ് കമ്മീഷൻ, ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, ജനറൽ ബ്യൂറോ ഓഫ് എഡ്യൂക്കേഷൻ എന്നിവയും രൂപംകൊണ്ടു.

**കോത്താരി കമ്മീഷൻ (1964 – 1966)**

സ്വതന്ത്രഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളെപ്പറ്റിയും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അന്നത്തെ യു.ജി.സി ചെയർമാനായിരുന്ന ഡോ. കോത്താരിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ 1966 ൽ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ നാനാവശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു. കോത്താരിയുടെ നേതൃത്വത്തിലുള്ള ഈ കമ്മീഷൻ ഇന്ത്യൻ 'വിദ്യാഭ്യാസ കമ്മീഷൻ' എന്നറിയപ്പെടുന്നു. കമ്മീഷൻ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മൂന്നു തലങ്ങളിലുള്ള ബൃഹത്തായ പദ്ധതികൾ നിർദ്ദേശിച്ചു.

1. വിദ്യാഭ്യാസത്തിന്റെ ആന്തരിക പുനഃസംഘടന.
2. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പടുത്തുക.
3. വിദ്യാഭ്യാസസൗകര്യങ്ങളുടെ വികസനം എന്നിവയായിരുന്നു അവ.

പ്രാഥമികവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള കാതലായ നിർദ്ദേശങ്ങൾ അടങ്ങിയതായിരുന്നു കമ്മീഷന്റെ റിപ്പോർട്ട്.

- ഏഴോ എട്ടോ വർഷം നീണ്ടുനിൽക്കുന്ന പ്രാഥമിക വിദ്യാഭ്യാസം നൽകണം.
- പ്രവേശനത്തിന് 6 വയസിൽ കുറയാൻപാടില്ല.
- ലോവർപ്രൈമറി ഘട്ടത്തിൽ ഭാഷയും ഗണിതവും പഠിപ്പിക്കണം. പഠനഭാരം പാടില്ല.

പഠനസൗകര്യങ്ങളുടെ സാർവർത്രിക ലഭ്യത മുഴുവൻ പഠിതാക്കൾക്കും പ്രവേശനം, വിദ്യാർത്ഥികളെ സ്കൂളിൽ നിലനിർത്തൽ (Universal retention) എന്നിവയ്ക്കുള്ള നയപരിപാടികൾ കമ്മീഷൻ നിർദ്ദേശിച്ചു.

- സ്കൂൾ കോംപ്ലക്സ് (School Complex) സമ്പ്രദായം മുന്നോട്ടുവച്ചത് കോത്താരിക്കമ്മീഷനാണ്.

**ദേശീയവിദ്യാഭ്യാസനയം (1986)**

1986–ൽ ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച ദേശീയവിദ്യാഭ്യാസനയം സമകാലികവിദ്യാഭ്യാസ വളർച്ചയെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. 1990 ൽ ഈ നയരേഖ റിവ്യു നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി ആചാര്യ രാമമൂർത്തിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ച് ദേശീയ വിദ്യാഭ്യാസനയത്തിൽ വരുത്തേണ്ട ഭേദഗതികൾക്ക് അന്തിമരൂപം നൽകുന്നതിന് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായിരുന്ന ജനാർദ്ദനറെഡ്ഡിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റി 1992 ൽ റിപ്പോർട്ടു സമർപ്പിച്ചു. ഇപ്രകാരമുള്ള ശുപാർശകൾ കൂടിചേർന്നതാണ് ദേശീയവിദ്യാഭ്യാസനയം 1986.

ദേശീയ വിദ്യാഭ്യാസയം 1986 ന്റെ കാതലായ കാഴ്ചപ്പാടുകളും ശുപാർശകളും ഇനിപ്പറയുന്നതാണ്.

- നമ്മുടെ ഭരണഘടന ഒരു ദേശീയ വിദ്യാഭ്യാസ സമ്പ്രദായം (National System of Education) വിഭാവനം ചെയ്യുന്നുണ്ട്. ഇതിനായി ഒരു പ്രത്യേകഘട്ടം വരെ എല്ലാ വിഭാഗം കുട്ടികൾക്കും നിശ്ചിത നിലവാരത്തിലുള്ള വിദ്യാഭ്യാസം ഗവൺമെന്റ് ഫണ്ടുപയോഗിച്ച് നൽകേണ്ടതുണ്ട്.

- 10 + 2 + 3 എന്ന ഘടനയാണ് നാം അംഗീകരിച്ചിട്ടുള്ളത്. ഇതിൽ ആദ്യത്തെ 10 വർഷം 5 + 3+ 2 എന്നിങ്ങനെയായിരിക്കണം.
- ദേശീയ വിദ്യാഭ്യാസസമ്പ്രദായം ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ചായിരിക്കണം.
- ലോകത്തെ മുഴുവൻ ഒരു കുടുംബമായി (വസുധൈവ കുടുംബകം)കാണുന്നതാണ് ഭാരതത്തിന്റെ കാഴ്ചപ്പാട്. അതുകൊണ്ട് യുവതലമുറയെ സമാധാനത്തിന്റെയും ശാന്തിയുടെയും അന്തർദേശീയസഹകരണത്തിന്റെയും പതാകവാഹകരാക്കി മാറ്റണം.
- വിദ്യാലയപ്രവേശനത്തിൽ എന്നപോലെ ഗുണമേന്മയിലും എല്ലാവർക്കും തുല്യത വേണം.

വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും ഈ രേഖയിൽ പ്രതിപാദിക്കുന്നുണ്ട്.

- തുല്യതയ്ക്കുവേണ്ടിയുള്ള വിദ്യാഭ്യാസം.
- സ്ത്രീ തുല്യതയ്ക്ക് വേണ്ടിയുള്ള വിദ്യാഭ്യാസം
- പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം.
- ന്യൂനപക്ഷങ്ങൾ, അംഗപരിമിതിതർ എന്നിവരുടെ വിദ്യാഭ്യാസം
- അനൗപചാരിക വിദ്യാഭ്യാസം.
- ആദ്യകാല ശിശുവിദ്യാഭ്യാസം.
- എലിമെന്ററി വിദ്യാഭ്യാസം.
- ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം
- സ്കൂളുകളിലുണ്ടായിരിക്കേണ്ട സൗകര്യങ്ങൾ.
- ഓപ്ഷൺയൂണിവേഴ്സിറ്റികളും വിദൂരവിദ്യാഭ്യാസവും
- വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പാക്കൽ

എന്നിങ്ങനെയുള്ള മേഖലകളെക്കുറിച്ച് ദേശീയവിദ്യാഭ്യാസനയത്തിൽ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു. നവോദയവിദ്യാലയങ്ങളും ഡയറ്റുകളും സ്ഥാപിതമായത് ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗമായാണ്. ഈ നയത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്.

## യശ്പാൽ കമ്മിറ്റി നിർദ്ദേശങ്ങൾ (1993)

സ്കൂൾ വിദ്യാർഥികളുടെ പഠനഭാരം കുറച്ചുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഏങ്ങനെ നൽകാം എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊ. യശ്പാലന്റെ നേതൃത്വത്തിലുള്ള നാഷണൽ അഡ്വൈസറി കമ്മിറ്റിയെ കേന്ദ്രമാനവശേഷി വികസന വകുപ്പ് 1992 ൽ നിയോഗിച്ചു. ഈ കമ്മിറ്റി 1993 ൽ 'Learning without burden' എന്ന റിപ്പോർട്ട് സമർപ്പിച്ചു.

കുട്ടികളുടെ സ്കൂൾബാഗിന്റെ ഭാരത്തെക്കുറിച്ച് പ്രസിദ്ധ എഴുത്തുകാരനായ ആർ. കെ. നാരായണൻ രാജ്യസഭയിൽ എല്ലാവരുടെയും ശ്രദ്ധക്ഷണിച്ചുകൊണ്ട് പ്രസംഗിക്കുകയുണ്ടായി. സ്കൂൾബാഗിന്റെ ഭാരം കുട്ടികളുടെ നടുവളയ്ക്കുക മാത്രമല്ല, ചെറുപ്പം മുതൽക്കുള്ള പഠനഭാരം ജീവിതത്തെ ദുസ്സഹമാക്കിമാറ്റുകകൂടി ചെയ്യുന്നു. ഹോംവർക്കുകളും ട്യൂഷനും പരീക്ഷകളും കാരണം കളിക്കാൻപോലും സമയം ലഭിക്കുന്നില്ല. പഠനം അങ്ങേയറ്റം സന്തോഷരഹിതമായ പ്രക്രിയയായി മാറുന്നു. ഇതിനെക്കുറിച്ച് പഠിച്ച കമ്മിറ്റി ഏതാനും പ്രധാനപ്പെട്ട ശുപാർശകൾ സമർപ്പിച്ചു.

- പ്രൈമറി ക്ലാസ്സുകളിൽ വിദ്യാഭ്യാസത്തിന്റെ മാധ്യമം മാതൃഭാഷയായിരിക്കണം.
- കുട്ടികളുടെ കഴിവുകൾ പരിശോധിക്കുന്നതിനും വളർത്തുന്നതിനും വേണ്ടി അനവധി ഏജൻസികൾ പലതരത്തിലുള്ള പരീക്ഷകൾ നടത്തുന്നുണ്ട്. ഇങ്ങനെ വ്യക്തിപരമായ കഴിവുകൾ കണ്ടെത്തുന്നതിനുള്ള പരീക്ഷകൾ നടത്തുന്നതിനുപകരം ഗ്രൂപ്പുപ്രവർത്തനങ്ങൾ നൽകി വിലയിരുത്തുന്നതിന് സഹകരണാത്മകപഠനത്തിനുള്ള മനോഭാവം വളർത്തും.
- പാഠപുസ്തകരചന വികേന്ദ്രീകരിക്കുകയും അതിൽ അധ്യാപകർക്ക് പങ്കാളിത്തം നൽകുകയും ചെയ്യുക.
- ആദ്യകാല ശിശുവിദ്യാഭ്യാസം സംബന്ധിച്ച് നിയമനിർമ്മാണം നടത്തണം. ഈ ഘട്ടത്തിൽ എഴുത്തും വായനയും പഠിപ്പിക്കുന്നതും പരീക്ഷകൾ നടത്തുന്നതും നിരോധിക്കണം.
- ഭാരമേറിയ പാഠപുസ്തകങ്ങൾ പേറിപ്പോകുന്നത് ഇല്ലാതാക്കുന്നതിന് കുട്ടികൾ അവ വ്യക്തിപരമായി വാങ്ങുന്നത് ഇല്ലാതാക്കണം. പുസ്തകങ്ങൾ സ്കൂളിന്റെ സ്വത്തായിരിക്കണം. അവ സ്കൂളിൽ സൂക്ഷിക്കുകയാണ് വേണ്ടത്.
- പ്രൈമറി ക്ലാസ്സുകളിൽ ഹോംവർക്കുകൾ നൽകേണ്ടതില്ല. അപ്പർപ്രൈമറി ക്ലാസ്സുകളിൽ ഹോംവർക്കുകൾ നിർബന്ധമാണെങ്കിൽ അവ പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ടതാകരുത്.
- അധ്യാപക വിദ്യാർഥി അനുപാതം 1 : 40 ൽ നിന്നും 1 : 30 ആക്കുക.
- പഠനത്തിന് ഇലക്ട്രോണിക് മീഡിയയുടെ സാധ്യത ഉപയോഗപ്പെടുത്തുക.
- അധ്യാപക പരിശീലനങ്ങൾ കാര്യക്ഷമമാക്കുക.
- സെക്കണ്ടറി, പ്രൈമറി, നഴ്സറി അധ്യാപകപരിശീലനത്തിനുവേണ്ടിയുള്ള BE.d പ്രോഗ്രാം ആരംഭിക്കുക.
- കേവലം ഓർമശക്തി പരിശോധിക്കുന്ന X, XII ക്ലാസ് പരീക്ഷകളുടെ സ്വഭാവത്തിൽ മാറ്റം വരുത്തുക.
- ഗണിതം, ഭാഷ, സയൻസ്, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങളുടെ പഠനരീതിയിൽ മാറ്റം വരുത്തുക.

**ദേശീയ പാഠ്യപദ്ധതിചട്ടക്കൂട് 2005 (NCF 2005)**

1986 ലെ ദേശീയ വിദ്യാഭ്യാസനയവും 1992 ലെ പ്രോഗ്രാം ഓഫ് ആക്ഷനും ഒരുപോലെ വിദ്യാഭ്യാസസമ്പ്രദായം (National System of Education) രൂപപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെയാണ് ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചത്. ഭൂമിശാസ്ത്രപരവും സംസ്കാരികവുമായ വൈജാത്യങ്ങളുള്ള ഇന്ത്യയെ ഏകീകരിക്കുന്ന ഒരു കാമ്പുകരിക്കുലം (Core Curriculum Component) അതു വിഭാവനം ചെയ്യുന്നു.

എൻ. സി. എഫ്. 2005 വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അഞ്ചുമാർഗനിർദ്ദശങ്ങൾ മുന്നോട്ടുവെയ്ക്കുന്നു.

- അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക.
- വെറും കാണാപ്പാഠം പഠിപ്പിക്കല്ല പഠനം എന്ന് ഉറപ്പുവരുത്തുക.
- പാഠപുസ്തക കേന്ദ്രിതമായ സമീപനത്തിൽ നിന്നുമാറി കുട്ടികളുടെ സർവതോമുഖമായ

വികസനത്തെ സഹായിക്കുന്നവിധം പാഠ്യപദ്ധതിശേഷികൾ നിർവചിക്കുക.

- പരീക്ഷകൾ കൂടുതൽ അയവുള്ളതും പഠനപ്രവർത്തനങ്ങളോട് ഉദ്ഗ്രഥിക്കപ്പെട്ടതും ആക്കുക.
- രാജ്യത്തെ ജനാധിപത്യരാഷ്ട്രീയത്തിനുള്ളിൽ പരസ്പരം താൽപര്യമെടുക്കുന്നതും വ്യത്യാസങ്ങൾക്കതീതവുമായ സ്വത്വം വളർത്തിക്കൊണ്ടുവരിക.

എന്നിവയാണ് തത്വങ്ങൾ. 5 അധ്യായങ്ങളിലായി പഠനത്തെ സംബന്ധിച്ച കാഴ്ചപ്പാട്, പഠനവും ജ്ഞാനവും, പാഠ്യപദ്ധതി മേഖലകളും വിലയിരുത്തലും സ്കൂളും ക്ലാസ്സന്തരീക്ഷവും, ഘടനാപരമായ മെച്ചപ്പെടുത്തലുകൾ എന്നിവ വിശദീകരിക്കുന്നു.

- പ്രൈമറി ക്ലാസ്സുകൾ ആദ്യകാല ശിശുവിദ്യാഭ്യാസത്തിന്റെ തുടർച്ചയാണ്. ആയതിനാൽ ആദ്യകാല ശിശുവിദ്യാഭ്യാസത്തിന്റെ തുടർച്ചയായിട്ടായിരിക്കണം പ്രൈമറിക്ലാസുകളിലെ പാഠ്യക്രമം തീരുമാനിക്കുന്നത്.
- പഠിതാവിന്റെ വികാസം, പഠനം എന്നിവയെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാടുണ്ടായിരിക്കണം.
- ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ (Inclusive Education) കാഴ്ചപ്പാട് വേണം.
- അറിവുനിർമാണത്തിനും സർഗാത്മകതയ്ക്കും അവസരം നൽകണം.
- നിരീക്ഷണം, കണ്ടെത്തൽ, അപഗ്രഥനം, വിമർശനാത്മകശേഷി എന്നിവ വളർത്തണം.
- സാമൂഹികയാഥാർഥ്യങ്ങളെയും പ്രശ്നങ്ങളെയും വിമർശനാത്മകമായി വിലയിരുത്തുന്നതിന് ശേഷി വളർത്തണം.
- പ്രാദേശികമായ അറിവുകൾക്കും അനുഭവങ്ങൾക്കും പാഠ്യപദ്ധതിയിൽ സ്ഥാനം നൽകണം.
- പരിസരബന്ധിതമായ പ്രോജക്ടുകളിൽ ഏർപ്പെടുന്നതിനും അതുവഴി അറിവുനിർമിക്കുന്നതിനും അവസരം വേണം.
- മാതൃഭാഷ ബോധനമാധ്യമമായിരിക്കണം.
- ഇന്ത്യയുടെ ബഹുഭാഷാസ്വഭാവത്തെ സ്കൂൾ വിദ്യാഭ്യാസത്തിലെ സമ്പത്തായി ഉപയോഗിക്കുക.
- ഗണിതപഠനത്തിൽ ചിന്തയുടെ ഗണിതവൽക്കരണത്തിന് ഊന്നൽ നൽകുക.
- ശാസ്ത്രപഠനത്തിന്റെ ഉള്ളടക്കം, പ്രക്രിയ, ഭാഷ എന്നിവ പഠിതാവിന്റെ പ്രായം ബൗദ്ധിക നിലവാരം എന്നിവയ്ക്ക് യോജിച്ചതാക്കുക.
- വസ്തുതകൾ പഠിച്ച് പരീക്ഷയെഴുതുന്നതിന് പ്രാപ്തനാക്കുന്നതിനുപകരം സാമൂഹ്യപർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനുള്ള കഴിവുണ്ടാക്കുകയായിരിക്കണം സാമൂഹ്യശാസ്ത്രപഠനത്തിന്റെ ലക്ഷ്യം.
- ഘടനാപരമായ പരിഷ്ക്കരണങ്ങളുടെ ലക്ഷ്യം വിദ്യാഭ്യാസഗുണമേന്മയായിരിക്കണം. എൻ. സി. എഫ് 2005 ന്റെ തുടർച്ചയായി കേരളത്തിൽ 2007 ൽ കേരളപാഠ്യപദ്ധതിചട്ടക്കൂട് തയാറാക്കുകയും പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണശ്രമം നടത്തുകയും ചെയ്തു.

2007 ൽ പരിഷ്ക്കരിച്ച പാഠ്യപദ്ധതിയുടെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 2013 – 14 ൽ

കേരളത്തിൽ വീണ്ടും പാഠ്യപദ്ധതി പരിഷ്ക്കണം ആരംഭിച്ചിരിക്കുന്നു. അഞ്ചുവർഷം കൂടുമ്പോൾ പാഠ്യപദ്ധതിയും പാഠപുസ്തകവും പരിഷ്ക്കരിക്കുന്നതാണ് കേരളത്തിന്റെ രീതി. 2013 – 14 പരിഷ്ക്കരണത്തിന്റെ അടിത്തറയായി വർത്തിക്കുന്നതും എൻ. സി. എഫ്. 2005 ആണ്. പഠനഭാരം കുറയ്ക്കുക ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കുക എന്നീ കാഴ്ചപ്പാടോടെയാണ് പാഠ്യപദ്ധതി പരിഷ്ക്കരണം ആരംഭിച്ചിട്ടുള്ളത്.

### കെ. സി. എഫ് 2007

എൻ. സി. എഫ് 2005 ന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾ നിർവഹിക്കാൻ ശ്രമിച്ചതിന്റെ ഫലമായി തയാറാക്കപ്പെട്ട രേഖയാണ് കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007. (Kerala Cuurriculum Framework 2007). സാർവത്രിക സ്കൂൾ പ്രവേശനം നടന്നുകഴിഞ്ഞ കേരളത്തിൽ സാർവത്രികഗുണനിലവാരം കൈവരിക്കുക എന്നതാണ് മുഖ്യപ്രശ്നം. ഇതോടൊപ്പം സമൂഹത്തിലെ ഭൂരിപക്ഷത്തിനും അവരുടെ തൊഴിൽ മേഖലയിൽ ഇടപെടുന്നതിനുള്ള അനുഭവം നൽകുക, ഭൂരിപക്ഷംവരുന്ന സാധാരണക്കാരന്റെ പക്ഷത്തുനിൽക്കുന്ന ഒരു പാഠ്യപദ്ധതി രൂപപ്പെടുത്തുക മുതലായ സാമൂഹികകാഴ്ചപ്പാടോടെ തയ്യാറാക്കപ്പെട്ടതാണ് കെ. സി. എഫ് 2007.

ഭാവിസമൂഹത്തെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടവതരിപ്പിക്കുകയും അതിനു പര്യാപ്തമാംവിധം എങ്ങനെയുള്ള പാഠ്യക്രമമാണ് വേണ്ടത് എന്ന് പറയാൻ ശ്രമിക്കുകയുമാണ് ഈ രേഖചെയ്യുന്നത്. കുട്ടി അറിവിന്റെ നിർമാതാവാണ്. ജ്ഞാനനിർമിതിയെത്തന്നെ സമൂഹവുമായും അതിന്റെ വൈരുധ്യങ്ങളുമായും സ്ഥിരമായ സംവാദമാക്കി മാറ്റുകയം പഠിതാവ് സമൂഹത്തിൽ ബോധപൂർവമായി ഇടപെടുകയും ചെയ്യണം എന്ന കാഴ്ചപ്പാട് കെ. സി. എഫ്. 2007 മുന്നോട്ടു വയ്ക്കുന്നു. സാമൂഹികപ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളുടെ ഭാഗമായി വിവരശേഖരണം നടത്തുകയും ക്രോഡീകരിക്കുകയും അപഗ്രഥിക്കുകയും നിഗമനങ്ങളിലെത്തുകയും ചെയ്യുന്നു. ഈ ശേഷികളുടെ അടിസ്ഥാനത്തിൽ വീണ്ടും സമൂഹത്തിൽ ബോധപൂർവം ഇടപെടുന്നതിനുള്ള നൈപുണികൾ ആർജിക്കുന്നു. പഠിതാവിനെ അറിവിന്റയും പ്രയോഗശേഷിയുടെയും വിമർശനാവബോധത്തിന്റെയും കാര്യത്തിൽ ഉയർന്ന ഒരു തലത്തിലെത്തിക്കുന്നു. ഇപ്രകാരമുള്ള സൈദ്ധാന്തികകാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നതാണ് ഈ രേഖ. ഇതിനായി സാമൂഹികപ്രശ്നമേഖലയിൽ ഊന്നിയുള്ള പാഠ്യപദ്ധതിയും പാഠപുസ്തകവും 2007 – 2008 അധ്യയന വർഷം മുതൽ തയാറാക്കപ്പെട്ടു.

### ആർ. ടി. ഇ 2009 (RTE 2009)

(സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ നിയമം 2009)

ജനാധിപത്യവ്യവസ്ഥയുടെ ഇഴകൾ ബലപ്പെടുത്തുന്നതിന് സാർവത്രിക പ്രാഥമികവിദ്യാഭ്യസത്തിന് പ്രധാനപ്പെട്ട പങ്കുണ്ടെന്ന് നമ്മുടെ ഭരണഘടനതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് ഇന്ത്യൻ റിപബ്ലിക്കിന്റെ 60-ാം വർഷത്തിൽ പാർലമെന്റിന്റെ ഇരുസഭകളും വിദ്യാഭ്യാസ അവകാശബില്ല് പാസ്സാക്കിയത്. ഈ ബില്ലിന് 2009 ആഗസ്റ്റ് 26 ന് പ്രസിഡണ്ടിന്റെ അംഗീകാരം ലഭിക്കുകയും 1.4.2010 മുതൽ ഈ നിയമം പ്രാബല്യത്തിൽ വരികയും ചെയ്തു.

- ഈ നിയമം ആറുമുതൽ പതിനാലുവയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം വ്യവസ്ഥചെയ്യുന്നു. പ്രാഥമിക വിദ്യാഭ്യാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാഭ്യാസമാണ് ഇതിനുള്ള എല്ലാ

സൗകര്യങ്ങളും ഒരുക്കുക എന്നത് സമുചിത ഗവൺമെന്റിന്റെ (അുുൃീുൃശമലേ ഴീ്ലൃിാലിേ) ചുമതലയാണ്.

- വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരുവിധത്തിലുള്ള തലവരിപ്പണവും സ്ക്രീനിംഗും പാടില്ല.
- സ്കൂളിന് ഒരു മാനേജ്മെന്റ് കമ്മിറ്റി ഉണ്ടായിരിക്കണം. അതുപോലെ എല്ലാ സ്കൂളുകൾക്കും ഒരു സ്കൂൾ വികസന പദ്ധതി ഉണ്ടായിരിക്കണം.
- ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള മൂല്യങ്ങൾക്ക് അനുസൃതമായതും കുട്ടിയുടെ സർവതോമുഖവികസനം ലക്ഷ്യം വെച്ചുള്ളതുമായിരിക്കണം പാഠ്യപദ്ധതി. അത് കുട്ടിയുടെ അറിവ്, കഴിവ്, ബുദ്ധി, കായികവും മാനസികവുമായ കഴിവുകൾ എന്നിവ വളർത്തുന്നതാകണം.
- പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവും ആയിരിക്കണം പഠനബോധനരീതി.
- കുട്ടിയുടെ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവിനെയും മനസ്സിലാക്കിയ കാര്യങ്ങൾ പ്രയോഗിക്കാനുള്ള കഴിവിനെയും സമഗ്രവും നിരന്തരവുമായി വിലയിരുത്തണം.
- 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് ഒരു അധ്യയനവർഷം 800 മണിക്കൂർ ബോധനവും ആറുമുതൽ 8 വരെ ക്ലാസ്സുകളിൽ 1000 മണിക്കൂർ ബോധനവും ഉണ്ടായിരിക്കണം.
- ഒരാഴ്ചയിൽ അധ്യാപകന്റെ പ്രവർത്തനസമയം 45 മണിക്കൂർ ആയിരിക്കും.
- ഓരോ ക്ലാസ്സിനും പഠനബോധനഉപകരണങ്ങളും കളിപ്പാട്ടങ്ങളും സ്പോർട്സിനും ഗയിംസിനും വേണ്ട ഉപകണങ്ങളും ആവശ്യാനുസരണം നൽകണം.

2002 ൽ ഭരണഘടനയോട് ചേർക്കപ്പെട്ട അനുച്ഛേദം 21 എ പ്രകാരം 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം മൗലികാവകാശമാക്കി. ഈ ഭേദഗതിയെത്തുടർന്ന് ഓരോ കുട്ടിക്കും തൃപ്തികരവും ന്യായവുമായ നിലവാരത്തിലുള്ള മുഴുവൻ സമയ പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയാണ് ഈ നിയമം നിർമിച്ചിരിക്കുന്നത്. നിയമത്തിന്റെ താൽപര്യം സാക്ഷാത്ക്കരിക്കണമെങ്കിൽ എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യത്തോടെയാണ് 2013 - 14 മുതൽ പാഠ്യപദ്ധതി പരിഷ്ക്കരണം ആരംഭിച്ചിരിക്കുന്നത്.

### ദേശീയ അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി ചട്ടക്കൂട് - 2009

(National Curriculum Framework for Teacher Education) (NCFTE - 2009)

സാർവത്രിക പ്രാഥമികവിദ്യാഭ്യാസം എന്ന ഭരണഘടനാലക്ഷ്യത്തിന് അടിവരയിട്ടുകൊണ്ടുള്ള രാഷ്ട്രീയതീരുമാനമായിരുന്നു കുട്ടികളുടെ വിദ്യാഭ്യാസ അവകാശം നിയമം 2009. ഈ നിയമത്തിന്റെ ലക്ഷ്യം കൈവരിക്കണമെങ്കിൽ വരും വർഷങ്ങളിൽ യോഗ്യതയും പരിശീലനവും ലഭിച്ച ആവശ്യമായത്ര അധ്യാപകർ വേണം. അധ്യാപക പരിശീലനത്തിന്റെ ദൈർഘ്യം, അവരുടെ അറിവ്, ബോധനശാസ്ത്രപരമായ നൈപുണികൾ, തൊഴിലിനോടുള്ള പ്രതിബദ്ധത, സമകാലികപ്രശ്നങ്ങളോടുള്ള സംവേദനശീലം എന്നിവയെല്ലാം അധ്യാപനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഇത്തരമൊരു സാഹചര്യത്തിൽ നിലവിലുള്ള അധ്യാപകവിദ്യാഭ്യസത്തിന് കാലോചിതമായ പരിഷ്ക്കരണങ്ങൾ വേണമെന്ന് NCFTE 2009 നിർദ്ദേശിക്കുന്നു. ഭാവിയിലേക്ക് ആവശ്യമുള്ള അധ്യാപകർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ, നൈപുണികൾ, മനോഭാവങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഈ രേഖ ചർച്ചചെയ്യുന്നുണ്ട്.

- എലിമെന്ററി അധ്യാപകപരിശീലനത്തിനായി 4 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ യൂണിവേഴ്സിറ്റികളിലും തെരഞ്ഞടുത്ത ഡയറ്റുകളിലും ആരംഭിക്കണം.
- അഭിരുചിയുള്ളവരെ അധ്യാപകപരിശീലനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കണം.
- അധ്യാപകവിദ്യാഭ്യാസത്തിനുള്ള സിലബസ് കോഴ്സിന്റെ രൂപരേഖ എന്നിവ NCTE തയാറാക്കും.
- സ്കൂൾ പാഠ്യപദ്ധതിപരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി അവലോകനം ചെയ്യണം. എന്നിങ്ങനെയുള്ള സുപ്രധാനമായ നിർദ്ദേശങ്ങൾ ഈ രേഖയിലുണ്ട്.

**ഇന്ത്യൻ ഭരണഘടനയും വിദ്യാഭ്യാസവും**

- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education)
- വിദ്യാർഥികളെ ശിക്ഷിക്കാൻ പാടില്ല.
- പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കാൻ കഴിയാതെപോയ കുട്ടിക്ക് അവന്റെ വയസ്സിന് ആനുപാതികമായ ക്ലാസ്സിൽ പ്രവേശം നൽകേണ്ടതാണ്.

ഇങ്ങനെയുള്ള ചില നിയമനിർമാണങ്ങൾ ഭരണഘടനാനിർദ്ദേശങ്ങൾ എന്നിവ അധ്യാപക വിദ്യാർഥികളുടെ മുന്നിൽ അവതരിപ്പിക്കുന്നു. ഈ വ്യവസ്ഥകൾ ഏതിലുള്ളതാണെന്നും ഇവ എപ്രകാരമാണ് കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ ഉറപ്പാക്കുന്നതെന്നും കണ്ടെത്തി അവതരിപ്പിക്കട്ടെ. ഗ്രൂപ്പുകളായി വിവരശേഖരണം നടത്തുകയും കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുകയുമാണ് വേണ്ടത്.

**ഇന്ത്യൻ ഭരണഘടന**

ഇന്ത്യഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതരജനാധിപത്യറിപ്പബ്ലിക്ക് ആണെന്നു ഭരണഘടന പ്രഖ്യാപിക്കുന്നുണ്ട്. എല്ലാ പൗരന്മാരുടെയും മൗലികാവകാശങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുതകുന്ന നീതിന്യായപരവും ഭരണപരവുമായ വ്യവസ്ഥകൾ ഏർപ്പെടുത്താൻ ഭരണകൂടത്തിന് അത് കർശന നിർദ്ദേശങ്ങൾ നൽകുന്നു. വ്യക്തികളുടെയും സമൂഹത്തിന്റെയും അവകാശങ്ങളും രാഷ്ട്രത്തിന്റെ സോഷ്യലിസ്റ്റ് ലക്ഷ്യങ്ങളും സാക്ഷാത്കരിക്കണമെങ്കിൽ എല്ലാ പൗരന്മാർക്കും വിദ്യാഭ്യാസം ലഭിക്കണം. അതുകൊണ്ട് നമ്മുടെ ഭരണഘടനയിലെ ചില വകുപ്പുകൾ വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്.

- ഭരണഘടനയുടെ 45 -ാം വകുപ്പ് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തക്കുറിച്ച് പയുന്നുണ്ട്. ഭരണഘടന നിലവിൽ വന്ന് 10 വർഷത്തനുള്ളിൽ 14 വയസുവരെയുള്ള എല്ലാവർക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം അത് ലക്ഷ്യമാക്കുന്നു.
- മതത്തെയോ ഭാഷയെയോ അടിസ്ഥാനമാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടെ ഇഷ്ടാനുസരണം വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനും അവകാശമുണ്ട്.
- ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ പ്രാഥമികവിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കുണ്ട്.

- മതസ്വാതന്ത്ര്യമുണ്ടെങ്കിലും ഗവൺമെന്റ് നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ യാതൊരു വിധത്തിലുമുള്ള മതബോധനവും പാടില്ല.
- പട്ടികജാതിക്കാർ, പട്ടികവർഗക്കാർ എന്നിവരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ താൽപര്യം കാണിക്കാൻ ഭരണഘടനയുടെ 46-ാം വകുപ്പ് സംസ്ഥാനങ്ങളെ ഉപദേശിക്കുന്നു.
- 1976 ലെ 42-ാം ഭരണഘടനാഭേദഗതിയനുസരിച്ച് വിദ്യാഭ്യാസം കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും കൂട്ടുത്തരവാദിത്വമുള്ള വിഷയമാക്കി കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി.

The Persons with Disablities (PWD) Act 1996 ൽ 18 വയസ്സുവരെയുള്ള പ്രത്യേകപരിഗണനയർഹിക്കുന്ന കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു.

## അനുബന്ധം

### Time line - Sample

| | |
|---|---|
| 1964 - 66 | കോത്താരി കമ്മീഷൻ |
| 1952 | സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻ (മുതലിയാർ കമ്മീഷൻ) |
| 1948 | യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മീഷൻ |
| 1944 | സാർജന്റ് റിപ്പോർട്ട് കമ്മീഷൻ |
| 1937 | സക്കിർഹുസൈൻ കമ്മീഷൻ |
| 1936 - 37 | അബട്ട് ആന്റ് വുഡ് റിപ്പോർട്ട് |
| 1929 | ഹാർട്ടോഗ് കമ്മീഷൻ |
| 1913 | വിദ്യാഭ്യാസത്തെ സംബന്ധിച്ച ഗവൺമെന്റ് റസല്യൂഷൻ |
| 1902 | യൂണിവേഴ്സിറ്റി കമ്മീഷൻ |
| 1882 | ഹണ്ടർ കമ്മീഷൻ |
| 1954 | വുഡ്സ് ഡെസ്പാച്ച് |
| 1835 | മെക്കാളെയുടെ മിനിട്സ് |

**റഫറൻസ്**


1. History of Education in India - B. N Dash, *Dominant publishers and distributors, Delhi*
2. The History of education in Modern India 1857 - 2007, Suresh Chandra Gosh - Orient Blackswam pvt.Ltd, Hydrabad
3. ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ - *തായാട്ട് ശങ്കരൻ. കെ.എസ്.ടി.എ*
4. വിദ്യാഭ്യാസം ഭാരതത്തിൽ - *ഡോ. ടി. കെ മുഹമ്മദ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്*
5. കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ. - *പി. ഭാസ്കരനുണ്ണി, കേരള സാഹിത്യ അക്കാഡമി*
6. കേരളം വിദ്യാഭ്യാസത്തിന്റെ പടവുകൾ - *ശാസ്ത്രസാഹിത്യപിഷത്ത് - 2009*
7. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള കുട്ടികളുടെ അവകാശ ആക്റ്റും കേരളചട്ടങ്ങളും - *സുകുമാർ ബുക്സ്റ്റാൾ തിരുവനന്തപുരം*
8. Learning without Burden - *Report of the National Advisory Committee appointed by the Ministry of Human Resource Development.*
9. National Curriculum Framework - 2005
10. കേരളപാഠ്യപദ്ധതി ചട്ടക്കൂട് - 2007. എസ്.സി.ഇ.ആർ.റ്റി കേരള
11. National Curriculum for Teacher Education - 2009.
12. National Policy on Education -1986 (With modifications undertaken in 1992)

# യൂണിറ്റ് - 4

# വിദ്യാലയം ഒരു സാമൂഹികസ്ഥാപനം

## (എ) വിദ്യാലയത്തിനുണ്ടായിരിക്കേണ്ട ഭൗതിക/അക്കാദമിക/വൈകാരികാന്തരീക്ഷങ്ങളുടെ സവിശേഷതകൾ

പഠനം ഫലപ്രദമാകണമെങ്കിൽ അതിന് അനുയോജ്യമായ അന്തരീക്ഷം വേണം. നമ്മുടെ വിദ്യാലയങ്ങളിൽ ഇത് എത്രത്തോളമുണ്ട്? തൊട്ടടുത്തുള്ള ഒരു പ്രൈമറി സ്കൂൾ അധ്യാപകവിദ്യാർത്ഥികൾ സന്ദർശിക്കട്ടെ. എന്തൊക്കെയാണ് അവിടെനിന്നും മനസ്സിലാക്കേണ്ടത്?

| • **സ്കൂളിന്റെ ഭൗതികാന്തരീക്ഷം** | **ഉണ്ട്** | **ഇല്ല** |
|---|---|---|
| - ശിശുസൗഹൃദ ഫർണിച്ചറുകൾ<br>- കുടിവെള്ള സൗകര്യം<br>- മൂത്രപ്പുര (ശുചിത്വമുള്ളത്)<br>- പരിസ്ഥിതി സൗഹൃദാന്തരീക്ഷം (തണൽ മരങ്ങൾ, പൂന്തോട്ടം തുടങ്ങിയവ)<br>- അംഗപരിമിതർക്ക് അനുയോജ്യമായ റാമ്പുകൾ, ടോയ്‌ലറ്റ്....<br>-<br>- | | |
| • **അക്കാദമിക അന്തരീക്ഷം**<br>- വിഷയാധിഷ്ഠിത പഠനസൗകര്യങ്ങൾ<br>- ലാബ്<br>- ലൈബ്രറി/ക്ലാസ്‌ലൈബ്രറി<br>- ഐ.ടി ലാബ്<br>- പഠനോപകരണങ്ങൾ<br>- അന്വേഷണാത്മക പ്രവർത്തനങ്ങൾ നടക്കുന്ന ക്ലാസ്മുറി<br>- അധ്യാപികയുമായും പരസ്പരവും ചോദിച്ച് സംശയനിവാരണം നടത്തുന്ന കുട്ടികൾ<br>-<br>- | | |
| • **വൈകാരികാന്തരീക്ഷം**<br>- കുട്ടികൾ തമ്മിലും അധ്യാപകരുമായും ഉള്ള സൗഹൃദം, സ്നേഹം<br>- ആരോഗ്യകരമായ ഇടപെടൽ<br>- വിവേചനരഹിതമായ ക്ലാസുകൾ<br>- നിർഭയമായ ഇടപെടലുകൾ<br>- | | |

പൊതുചർച്ചയിലൂടെ ആവശ്യമായ ആശയങ്ങൾ കൂട്ടിച്ചേർത്ത് ചെക്ക്‌ലിസ്റ്റ് ഉണ്ടാക്കുക. ചെക്ക് ലിസ്റ്റുമായി സ്കൂൾ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ച് കുറിപ്പുകൾ തയ്യാറാക്കുക. ഈ കുറിപ്പുകൾ അവതരിപ്പിച്ചുകൊണ്ടുള്ള ചർച്ചകൾ നടത്തി ആശയങ്ങൾ ക്രോഡീകരിക്കാവുന്നതാണ്.

## ബി) രക്ഷിതാവ്, സമൂഹം, അധ്യാപകർ എന്നിവർക്ക് പഠനപ്രക്രിയയിലുള്ള പങ്ക്

പൊതുചർച്ച, വായന എന്നീ പ്രക്രിയയിലൂടെ ഈ മേഖലയെക്കുറിച്ചുള്ള ആശയങ്ങൾ ക്രോഡീകരിച്ചു കുറിപ്പു തയ്യാറാക്കുക. ഒന്നാം സെമസ്റ്ററിലെ P2 ലെ രണ്ടാമത്തെ യൂണിറ്റിൽ അധ്യാപനം, അധ്യാപനനൈപുണി എന്ന ഭാഗത്ത് അധ്യാപകനുണ്ടായിരിക്കേണ്ട കഴിവുകൾ പ്രതിപാദിച്ചിട്ടുണ്ട്. അതു പരിശോധിക്കുക.

♣ അധ്യാപകൻ

- കുട്ടിക്കു വേണ്ട അക്കാദമികവും വൈകാരികവുമായ അന്തരീക്ഷം ഒരുക്കുക.
- ഒരു സഹരക്ഷാകർത്താവിനെപ്പോലെ കുട്ടിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- സമൂഹത്തോടും തൊഴിലിനോടും പ്രതിബദ്ധത കാണിക്കുക.
- കുട്ടിയെ പ്രോത്സാഹിപ്പിക്കുക
- 
- 

♣ രക്ഷിതാവ്

- വീട്ടിൽ പഠനത്തിന് പറ്റിയ അന്തരീക്ഷം ഒരുക്കുക.
- പഠനത്തിന് ആവശ്യമായ പിന്തുണ നൽകുക.
- അധ്യാപകർ, സ്കൂൾ എന്നിവയുമായി നിരന്തരബന്ധം സ്ഥാപിക്കുക
- വിദ്യാലയവുമായി സഹകരിക്കുക, വിദ്യാലയത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക.

♣ സമൂഹം

- വിദ്യാലയവുമായി സഹകരിച്ചു പ്രവർത്തിക്കുക
- വിദ്യാലയത്തിലെ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുക. വിദ്യാലയത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയുക.
- കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുക.
- 

വിദ്യാലയം ഒരു സാമൂഹികസ്ഥാപനമായതിനാൽ രക്ഷിതാവ്, സമൂഹം, അധ്യാപകർ- ഈ മൂന്നു പേരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്. ഇങ്ങനെ പ്രവർത്തിക്കുമ്പോൾ മാത്രമേ കുട്ടികളുടെ പഠനത്തിനു യോജിച്ച അന്തരീക്ഷം ഉണ്ടാവുകയുള്ളൂ. പൊതുചർച്ചയിലെ ആശയങ്ങൾ ക്രോഡീകരിച്ച് കുറിപ്പു തയ്യാറാക്കുക.

### സി) പഠിതാവിനെ സ്വാധീനിക്കുന്ന സാമൂഹിക സാഹചര്യങ്ങൾ

ഒന്നാം യൂണിറ്റിൽ പഠിതാവിനെ സ്വാധീനിക്കുന്ന സാമൂഹികസാഹചര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അതു പരിശോധിക്കുക.

### ഡി) പാഠ്യപദ്ധതിയുടെ പ്രാദേശിക അനുരൂപീകരണം

S1P2 ലെ 'പാഠ്യപദ്ധതി പഠനബോധന പ്രക്രിയയുടെ അടിസ്ഥാനം' എന്ന യൂണിറ്റിലെ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ആശയങ്ങൾ പരിഗണിക്കുക. പാഠ്യപദ്ധതിക്ക് പ്രാദേശിക അനുരൂപീകരണം നടത്തുന്നത് എന്തിനാണ്? ദേശീയതലത്തിലോ സംസ്ഥാനത്തിലോ ആണ് പാഠ്യപദ്ധതിയും പാഠപുസ്തകവും തയ്യാറാക്കുന്നത്. ഇവയിലെ അനുഭവങ്ങളും ഉള്ളടക്കവും എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സ്വന്തമാണെന്നു തോന്നിക്കൊള്ളണമെന്നില്ല. നമ്മുടെ ഭരണഘടന ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്, വിദ്യാഭ്യാസഅവകാശ നിയമം മുതലായ എല്ലാ അടിസ്ഥാന രേഖകളും വിവക്ഷിക്കുന്നത് എല്ലാവർക്കും അവരുടെ സ്വന്തം ഭാഷയിൽ, അവരുടെ സ്വന്തം അനുഭവങ്ങൾ ഉൾപ്പെടുത്തിയ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും ലഭിക്കണമെന്നാണ്. ദേശീയതലത്തിൽ തയ്യാറാക്കിയ. പാഠപുസ്തകത്തിൽ ഉത്സവത്തെ പരിചയപ്പെടുത്തുന്നതിനു വേണ്ടി ഹോളിയെക്കുറിച്ച് പ്രതിപാദിക്കുന്നു എന്നു വിചാരിക്കുക. ഹോളി കേരളത്തിൽ പരിചിതമായ ഉത്സവമല്ല. അതുപോലെ ഓരോ പ്രദേശത്തും ഓരോ ജനവിഭാഗത്തിനും ഉള്ള ആചാരങ്ങളും വിശ്വാസങ്ങളും ഭക്ഷണരീതികളും പെരുമാറ്റരീതികളും വ്യത്യസ്തമാണ്. ഇവയെയൊന്നും പ്രതിനിധാനം ചെയ്യാത്ത പാഠ്യപദ്ധതിയും പാഠപുസ്തകവും ആ പ്രദേശത്തെ കുട്ടികൾക്ക് അന്യമായേ തോന്നൂ. ആയതിനാൽ പഠിതാക്കളുടെ സംസ്കാരത്തിനും അനുഭവപരിസരത്തിനും അനുയോജ്യമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുമാണ് ഉണ്ടാകേണ്ടത്.

- നിലവിലുള്ള പാഠപുസ്തകങ്ങൾ വയനാട്ടിലും അട്ടപ്പാടിയിലും ഇടുക്കിയിലുമുള്ള ആദിവാസി വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്നത് എപ്രകാരമായിരിക്കും? ചർച്ച ചെയ്യുക.
- 
- 

അധ്യാപക വിദ്യാർത്ഥികൾ ചെറുഗ്രൂപ്പുകളായി നിലവിലുള്ള പാഠപുസ്തകങ്ങൾ പരിശോധിക്കുക.

- പുസ്തകത്തിലെ ആശയങ്ങൾ
- പ്രവർത്തനങ്ങൾ
- 

സ്വന്തം പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വേണ്ടി ഇവയിൽ അനുരൂപീകരണം നടത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ ആവശ്യമായ അനുരൂപീകരണതന്ത്രങ്ങൾ നിർദ്ദേശിക്കുക.

പാഠ്യപദ്ധതിയുടെ അനുരൂപീകരണം ഏതു ഘട്ടം വരെ വേണം? ഉയർന്ന ക്ലാസുകളിൽ ഇത് ആവശ്യമുണ്ടോ? ചർച്ച ചെയ്യുക.

### ഇ) പഠനം, വിദ്യാലയം എന്നിവയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടുന്ന ആശയങ്ങൾ

1993–1994 ലെ എം.എൽ.എൽ പാഠപുസ്തകങ്ങൾ, 1997 ലെ പ്രൈമറി പാഠ്യപദ്ധതി പരിഷ്ക്കരണം എന്നിവ മുതൽ കേരളത്തിൽ അഞ്ചുവർഷം കൂടുമ്പോൾ പാഠ്യപദ്ധതി പരിഷ്ക്കരണം നടന്നു വരികയാണ്. ഇവയുടെ ഭാഗമായി ഒട്ടേറെ പുതിയ ആശയങ്ങൾ നമുക്ക് പരിചിത

മായിത്തീർന്നിട്ടുണ്ട്. ഈ ആശയങ്ങൾ അധ്യാപക സമൂഹത്തെയും വിദ്യാലയങ്ങളെയും ഊർജസ്വലമാക്കുന്നതിനു സഹായിക്കുന്നു.

അധ്യാപകനെക്കുറിച്ച് ഒട്ടേറെ ആശയങ്ങൾ അവതരിപ്പിക്കപ്പെടുകയുണ്ടായി. വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് അധ്യാപകനെ നോക്കിക്കാണുന്നതിന് ഇവ സഹായിക്കുന്നു.

- അധ്യാപകൻ ഒരു ഗവേഷകനാണ്. താനൊരുക്കിയ പ്രവർത്തനങ്ങളിലൂടെ കടന്നുപോയ കുട്ടി എവിടെയെത്തി നിൽക്കുന്നു. ഇനി എന്തു പ്രവർത്തനമാണ് തുടർന്നു നൽകേണ്ടത് അതിനുവേണ്ടി എന്തെന്തു സാമഗ്രികളാണ് തയ്യാറാക്കേണ്ടത് എന്ന് നിരന്തരം അന്വേഷിക്കുന്ന ഒരു ഗവേഷകനാണ് അധ്യാപകൻ.
- കുട്ടിയുടെ കൂടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ഒരാളായിരിക്കണം അധ്യാപകൻ. കുട്ടി അറിവു നിർമ്മിക്കുന്നതുപോലെ താനൊരുക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും ഒരു നല്ല അധ്യാപകൻ സ്വയം ചിലതു പഠിക്കുന്നുണ്ട്. അതുകൊണ്ട് അധ്യാപകനെ സഹപഠിതാവ് (co - learner) എന്നു വിളിക്കാവുന്നതാണ്.
- കുട്ടിക്ക് വേണ്ട പഠനസാഹചര്യവും സാമഗ്രികളും ഒരുക്കിക്കൊടുക്കുന്ന ആളാണ് അധ്യാപകൻ. കുട്ടിക്ക് ആവശ്യമായ വിവരങ്ങൾ വിളമ്പിക്കൊടുക്കുന്ന ഒരാളല്ല പുതിയ അധ്യാപകൻ. അദ്ദേഹം പഠനസാഹചര്യം ഒരുക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആണ്.
- അധ്യാപകൻ ജനാധിപത്യസ്വഭാവമുള്ള ആളായിരിക്കണം. എല്ലാ കുട്ടികളെയും പരിഗണിക്കുക, അഭിപ്രായങ്ങളെ പ്രോത്സാഹിപ്പിക്കുക, സഹപഠനത്തെയും സഹവർത്തിത പഠനത്തെയും പിന്തുണയ്ക്കുക, പിന്തുണ ആവശ്യമുള്ളവർക്ക് പിന്തുണ നൽകുക എന്നിവ ചെയ്യുന്ന ഒരു ജനാധിപത്യവാദിയായ സംഘത്തലവനാണ് (Democratic leader)അധ്യാപകൻ.
- കുട്ടിയെ സ്നേഹിക്കുകയും ഒരു രക്ഷിതാവിനെപ്പോലെ പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ആളാണ് അധ്യാപകൻ. കുട്ടിയുടെ വൈകാരികസുരക്ഷിതത്വം വളരെ പ്രധാനമാണ്. വളരുന്ന പ്രായത്തിൽ അധ്യാപകൻ ഒരു വഴികാട്ടിയായി മാറണം. ഇങ്ങനെയുള്ള അധ്യാപകനെ സഹരക്ഷാകർത്താവ് (Mentor) എന്നു വിളിക്കാവുന്നതാണ്.

### സ്കൂൾ കെട്ടിടം ഒരു പഠനസാമഗ്രി (Building as a Learning Aid)

സ്കൂൾ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളെയും ഒരു പഠനസാമഗ്രിയായി ഉപയോഗിക്കാവുന്നതാണ്. കുട്ടികൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന ചിത്രങ്ങൾ, മാപ്പുകൾ, അക്ഷരങ്ങൾ, മഹദ്വചനങ്ങൾ മുതലായവ ആകർഷകമായ രീതിയിൽ വരയ്ക്കാവുന്നതാണ്. അതുപോലെ ഒന്നു, രണ്ടു ക്ലാസ്സുകളിൽ കുട്ടികൾക്ക് യഥേഷ്ടം വരയ്ക്കാനും എഴുതാനും പറ്റിയ രീതിയിൽ ചുമരിൽ തന്നെ ബോർഡുകൾ സജ്ജീകരിക്കാം. ഡിസ്പ്ലേബോർഡുകൾ, പാനലുകൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ ചുമരിൽ സജ്ജീകരിക്കാവുന്നതാണ്. ഇതുകൂടാതെ കെട്ടിടത്തിന്റെ നിർമ്മാണവേളയിൽത്തന്നെ ഗണിതത്തിന്റെയും ശാസ്ത്രത്തിന്റെയും മറ്റും പഠനത്തിനു സഹായകമായ രൂപങ്ങളും മാതൃകകളും കെട്ടിടത്തിൽ ക്രമീകരിക്കാവുന്നതാണ്.

### വിദ്യാലയത്തിന്റെ ജനാധിപത്യവൽക്കരണം

വിദ്യാലയത്തിനകത്തു നടക്കുന്ന ഇടപെടലുകൾ, പരസ്പരബന്ധം, ആശയവിനിമയരീതി, ബോധനരീതി, വിലയിരുത്തൽ, പഠനപ്രവർത്തനങ്ങൾ എന്നിങ്ങനെ എല്ലാറ്റിനെയും ബാധിക്കുന്ന ഒരു കാഴ്ചപ്പാടാണ് വിദ്യാലയത്തിന്റെ ജനാധിപത്യവൽക്കരണം എന്നത്. എല്ലാ കുട്ടികൾക്കും അവരുടെ താൽപ്പര്യമനുസരിച്ച് പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കാനും പഠനത്തിലേർപ്പെടാനും

അവസരം ലഭിക്കേണ്ടതുണ്ട്. ആൺകുട്ടികൾ, പെൺകുട്ടികൾ, പ്രത്യേകപരിഗണനയർഹിക്കുന്നവർ എന്നിവർക്കെല്ലാം ഒരുപോലെ അവസരം ലഭിക്കണം. അധ്യാപകരുമായി നിർഭയമായി ഇടപെടുന്നതിനും സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും എല്ലാവർക്കും കഴിയണം. സഹവർത്തിതപഠനത്തിന് അനുയോജ്യമായ കൊടുക്കൽ വാങ്ങലിന്റേതായ അന്തരീക്ഷം ക്ലാസ്സുമുറികളിൽ ഉണ്ടായിരിക്കണം.

അധ്യാപകവിദ്യാർത്ഥികൾ ഗ്രൂപ്പുകളായി സ്കൂളുകൾ സന്ദർശിക്കുക. വിദ്യാലയത്തിൽ, ജനാധിപത്യപരമായ അന്തരീക്ഷമുണ്ടോ? ഇല്ലെങ്കിൽ എന്തെന്തുമാറ്റമാണ് അവിടെ വരുത്തേണ്ടത്? നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കുറിപ്പു തയ്യാറാക്കുക. സ്കൂൾ നിരീക്ഷണത്തിന് പരിഗണിക്കേണ്ടവ.

- കുട്ടികളുടെ പരസ്പരമുള്ള ഇടപഴകൽ.
- അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ഇടപഴകൽ
- പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം
- പഠനസാമഗ്രികളുടെ ലഭ്യത
- അധ്യാപകർ കുട്ടികൾക്കു നൽകുന്ന പരിഗണന
- ഗ്രൂപ്പു പ്രവർത്തനങ്ങൾക്കകത്തെ കൊടുക്കൽ വാങ്ങലുകൾ
- 
- 

ചർച്ചയിലൂടെ ക്ലാസ്നിരീക്ഷണത്തിനുള്ള സൂചകങ്ങൾ വികസിപ്പിക്കുക, വിവരശേഖരണം നടത്തിയതിനുശേഷം പൊതുചർച്ച നടത്തി നിർദ്ദേശങ്ങൾ തയ്യാറാക്കുക.

**റഫറൻസ്**


1. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യഭൂമിക - *ജെ.ജോസഫ് (ഭാഷാഇൻസ്റ്റിറ്റ്യൂട്ട്)*
2. കേരള പാഠ്യപദ്ധതിച്ചട്ടക്കൂട് 2007 (KCF 2007)
3. ദേശീയ പാഠ്യപദ്ധതിച്ചട്ടക്കൂട് 2005 (NCF 2005)
4. കേരള വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ട് (അശോക് മിത്ര കമ്മീഷൻ റിപ്പോർട്ട്)

- *ശാസ്ത്രസാഹിത്യപരിഷത്ത്*

# യൂണിറ്റ് - 5
# വിദ്യാലയസംവിധാനവും മാനേജ്മെന്റും

### (എ) ഉദ്ദേശ്യങ്ങൾ

1. സമഗ്രവിദ്യാഭ്യാസം, ഫലപ്രദമായ വിദ്യാലയം എന്നീ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്.
2. വിദ്യാലയപ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന വിവിധ സംവിധാനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
3. 'സ്കൂൾതല മോണിറ്ററിംഗ്' എന്ന ആശയം ഉൾക്കൊള്ളുന്നതിനും പ്രായോഗിക മാർഗങ്ങൾ തിരിച്ചറിയുന്നതിന്.
4. സ്കൂൾ പ്രവർത്തനത്തിൽ ഹെഡ്മാസ്റ്ററുടെയും മറ്റു ഘടകങ്ങളുടെയും റോൾ തിരിച്ചറിയുന്നതിന്.

### (ബി) വിഷയമേഖലയുടെ പ്രാധാന്യം

അധ്യാപകന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് വിദ്യാലയത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചും അവയുടെ റോളിനെ കുറിച്ചും വിശദമായി അറിയേണ്ടതുണ്ട്. ഒപ്പം സമഗ്രവിദ്യാഭ്യാസത്തെക്കുറിച്ചും ഫലപ്രദമായ വിദ്യാലയത്തെ സംബന്ധിച്ചും ഉള്ള കാഴ്ചപ്പാടുകൾ വികസിപ്പിക്കേണ്ടതാണ്. വിദ്യാലയമാനേജ്മെന്റ്, വിദ്യാലയസഹായക സംവിധാനങ്ങൾ, സ്കൂൾ, ക്ലാസ് മോണിറ്ററിംഗ്, സ്കൂൾ വികസനപദ്ധതി തുടങ്ങിയ വിവിധങ്ങളായ ആശയങ്ങളെക്കുറിച്ചും അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും ചിന്തിച്ച് ധാരണ രൂപപ്പെടുത്തുകയും തന്റെ റോൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ സജ്ജരാകുകയും വേണം. ഈ യൂണിറ്റ് അതിലേയ്ക്കുള്ള വാതിൽ തുറന്നുവയ്ക്കുന്നു.

### (സി) ഉള്ളടക്കധാരണകൾ

**(എ) സമഗ്രവിദ്യാഭ്യാസം, ഫലപ്രദമായ വിദ്യാലയം, സ്കൂൾ വികസനപദ്ധതി**

- സമഗ്രവിദ്യാഭ്യാസം, ഫലപ്രദമായ വിദ്യാലയം എന്നീ മേഖലകളുമായി ബന്ധപ്പെട്ട ഘടകങ്ങൾ അധ്യാപകവിദ്യാർഥികൾ ഗ്രൂപ്പു ചർച്ച-വഴി കണ്ടെത്തട്ടെ. (വിദ്യാലയമാനേജ്മെന്റ്,, ഭൗതികസാഹചര്യം, അക്കാദമിക മികവ്, സമൂഹപങ്കാളിത്തം, സ്കൂൾ, ക്ലാസ് അന്തരീക്ഷം തുടങ്ങിയ മേഖലകൾ പരിഗണിക്കേണ്ടതാണ്.)
- പൊതുവായി അവതരിപ്പിക്കുന്നു.
- ചർച്ച-ക്രോഡീകരണം

**ഫലപ്രദമായ വിദ്യാലയം**

- വിദ്യാഭ്യാസം സമഗ്രമാകുന്നതെങ്ങനെ?

പൂർണതയിലേക്കുള്ള പ്രയാണമായി വിദ്യാഭ്യാസത്തെ വിഭാവനം ചെയ്യുമ്പോഴാണ് സമഗ്രതയുടെ ദർശനമുണ്ടാകുന്നത്. ശാരീരികവും മാനസികവും ആത്മീയവുമായ ഉദ്ഗ്രഥനവും അവ

യുടെ പരസ്പരപൂരകത്വവും ഒരാളിലുണ്ടാക്കുന്ന വികാസവും സാമൂഹിക ജീവിതത്തിലുള്ള സജീവതയുമാണ് വ്യക്തിയുടെ സമഗ്രതയെന്ന് ഗാന്ധിജി സൂചിപ്പിച്ചിട്ടുണ്ട് ഇതിന് ഓരോ വ്യക്തിയെയും പ്രാപ്തമാക്കുന്ന വിധത്തിൽ വിവിധ ഘടകങ്ങളെ പരിഗണിച്ചുകൊണ്ടു വിനിമയം ചെയ്യുമ്പോഴാണ് വിദ്യാഭ്യാസം സമഗ്രമാകുന്നത്. വ്യക്തി, സമൂഹം ഇവ തമ്മിലുള്ള പരസ്പരപൂരകത്വവും പരസ്പരാശ്രിതത്വവും വർധിക്കുകയും ലയാത്മകമായ വ്യക്തിജീവിതവും സാമൂഹികജീവിതവും ഉണ്ടായിവരികയും ചെയ്യേണ്ടതുണ്ട്. അതേ സമയം വ്യക്തിയുടെയും സമൂഹത്തിന്റെയും നിരന്തരനവീകരണവും ഇവിടെ സാധ്യമാകണം. അതിനുതകുന്ന വിധം വിഷയങ്ങളും കാഴ്ചപ്പാടുകളും ആശയധാരണകളും നൈപുണികളും മൂല്യങ്ങളും മനോഭാവങ്ങളുമൊക്കെ വർധിച്ചുകൊണ്ടേയിരിക്കുന്ന തുടർച്ചയുള്ള ആജീവനാന്തപ്രക്രിയയായി വിദ്യാഭ്യാസം വളരുമ്പോൾ അതിൽ സമഗ്രത അന്തർഭവിക്കുകയാണ്.

- അതിന് ഒരു വിദ്യാലയം എങ്ങനെ സഹാകമാകും? എങ്ങനെ വിദ്യാലയം വികസിക്കണം? വിദ്യാലയ വികസനമാനേജ്മെന്റ് എങ്ങനെയാകണം?

**ഫലപ്രദമായ വിദ്യാലയം - ഘടകങ്ങൾ**




ഫലപ്രദവും കാര്യക്ഷമവുമായ ഒരു വിദ്യാലയം സ്വാഭാവികമായി ഉണ്ടായി വരുന്നതല്ല. മറിച്ച് ചിന്താപരവും ശ്രദ്ധാപൂർവവുമായ വിശകലനവും വിലയിരുത്തലും വഴി വികസിപ്പിച്ചെടുക്കേണ്ടതാണ്. അതിന് ആസൂത്രിതമായ സ്കൂൾ വികസനപദ്ധതി (SDP) ആവശ്യമാണ്.

- സ്കൂൾ വികസനപദ്ധതിയിൽ എന്തൊക്കെഘടകങ്ങൾ പരിഗണിക്കണം.
- സ്കൂൾ വികസനപദ്ധതി രൂപീകരണ പ്രക്രിയകൾ എന്തൊക്കെയായിരിക്കണം.

ഗ്രൂപ്പു ചർച്ചയിലൂടെ പ്രധാന ഘടകങ്ങളെ കണ്ടെത്തുന്നു. സ്കൂളുകളിൽ നിന്ന് ശേഖരിച്ച വികസനരേഖ (SDP) അധ്യാപകവിദ്യാർഥികൾ പരിചയപ്പെടുന്നു. ഗ്രൂപ്പിൽ ഒരു (SDP) സ്വതന്ത്രമായി തയ്യാറാക്കുന്നു.

- $S_1P_2$ – 'പാഠ്യപദ്ധതിയും ബോധനശാസ്ത്രവും' എന്ന പേപ്പറിന്റെ അധ്യാപകസഹായി യിലെ 43, 44 പേജുകൾ പ്രയോജനപ്പെടുത്തി ക്രോഡീകരണം നടത്തേണ്ടതാണ്.

കൂടാതെ ആനുകാലികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു രൂപരേഖ താഴെ ചേർക്കുന്നു.

**വിദ്യാലയ വികസനപദ്ധതി (SDP)**

**ഫോർമാറ്റ്**

- ആമുഖം
- വിഷൻ (നിശ്ചിതകാലയളവ് കഴിയുമ്പോഴേയ്ക്കും 'എന്റെ വിദ്യാലയം' എങ്ങനെ മാറണം എന്ന കാഴ്ചപ്പാട്)
- ഉദ്ദേശ്യങ്ങൾ
- പ്രവർത്തനമേഖലകൾ
- മേഖല തിരിച്ചുള്ള പ്രവർത്തനങ്ങൾ (ദീർഘകാല കാഴ്ചപ്പാടിൽ ലിസ്റ്റ് ചെയ്യണം. അതിൽ നിന്ന് തൻവർഷത്തേക്ക് നടപ്പാക്കാവുന്ന പ്രവർത്തനങ്ങളെയാണ് താഴെപ്പറയുന്ന ഫോർമാറ്റിൽ ക്രമീകരിക്കേണ്ടത്)

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ് | വിലയിരുത്തൽ ഫീഡ്ബാക്ക് | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |

**(ബി) വിദ്യാലയ പിന്തുണാസംവിധാനങ്ങൾ**

- സ്കൂളിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഏതെല്ലാം പിന്തുണാസംവിധാനങ്ങളാണ് വേണ്ടത്?
- പിന്തുണയുടെ രീതി എന്തായിരിക്കണം?



- അധ്യാപകവിദ്യാർഥികൾ ഗ്രൂപ്പുചർച്ചയിലൂടെ വിവിധ പിന്തുണാസംവിധാനങ്ങളെക്കുറിച്ചും അവയുടെ പങ്കിനെക്കുറിച്ചും വിവരശേഖരണം നടത്തി ക്ലാസിൽ പങ്കുവയ്ക്കുന്നു. കൂട്ടിച്ചേർത്ത് വിപുലമാക്കുന്നു.

■ **സഹായകസംവിധാനങ്ങൾ**

- **തദ്ദേശസ്വയംഭരണ സർക്കാരുകൾ (LSG)**

ത്രിതല പഞ്ചായത്തു സംവിധാനം നിലവിൽ വന്നതോടെ പ്രൈമറിവിദ്യാലയങ്ങളുടെ ഭരണപരമായ നിയന്ത്രണം ഗ്രാമപഞ്ചായത്തുകളിലും ഹൈസ്കൂളുകളുടെ നിയന്ത്രണം ജില്ലാപഞ്ചായത്തുകളിലും നിക്ഷിപ്തമായി. പ്രസ്തുത സ്ഥാപനങ്ങളുടെ ശമ്പളം ഒഴികെയുള്ള സാമ്പത്തിക ബാധ്യതകൾ നിർവഹിക്കേണ്ട ചുമതല എൽ.എസ്. ജികൾക്കാണ്. സ്കൂളിന്റെ നല്ല നടത്തിപ്പിനാവശ്യമായ ഭരണപരവും സാമ്പത്തികവുമായ സഹായം നൽകുന്നതോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി മെച്ചപ്പെടുന്നതിനാവശ്യമായ നിർദ്ദേശവും മാർഗദർശനവും നൽകാനും ഇവയ്ക്ക് ഉത്തരവാദിത്തമുണ്ട്.

- **ജാഗ്രതാസമിതി**

ഹയർസെക്കന്ററി, ഹൈസ്കൂൾ, അപ്പർ പ്രൈമറി തലങ്ങളിലെ കുട്ടികളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ മാനസികവും വൈകാരികവുമായ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സമിതിയാണ് 'വിദ്യാലയജാഗ്രതാസമിതി'. സ്കൂൾ കുട്ടികൾക്ക് എതിരെ നടക്കുന്ന ലൈംഗിക ചൂഷണത്തിനെതിരെ ഉണർന്നിരിക്കാൻ ഈ സമിതിയുടെ പ്രവർത്തനത്തിലൂടെ കഴിയുന്നു. കുട്ടികൾക്കിടയിലെ അനഭിലഷണീയ പ്രവണതകളെ വിശേഷിച്ച് ലഹരിയുടെ ഉപയോഗത്തിനെതിരെ ശ്രദ്ധവയ്ക്കാൻ ജാഗ്രതാ സമിതി ലക്ഷ്യമിടുന്നു.

- **സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC)**

വിദ്യാഭ്യാസാവകാശനിയമപ്രകാരം സ്കൂളുകളിൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ട സമിതിയാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി. സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ LSG മെമ്പർ, സ്കൂളിലെ അധ്യാപകരുടെ പ്രതിനിധി, പ്രദേശത്തെ വിദ്യാഭ്യാസവിദഗ്ധരിൽ നിന്നും രക്ഷാകർത്താക്കൾ തീരുമാനിക്കുന്ന ഒരംഗം, സ്കൂൾ ലീഡർ തുടങ്ങിയവർ ഉണ്ടായിരിക്കണം അംഗങ്ങളുടെ ആകെ എണ്ണം 16 മുതൽ 20 വരെയാകാം. കമ്മിറ്റിയിലെ അംഗങ്ങളിൽ 50% വനിതകളായിരിക്കണം.

കമ്മിറ്റി രണ്ടുമാസത്തിലൊരിക്കലെങ്കിലും സ്കൂളിൽ യോഗം ചേരേണ്ടതും തീരുമാനങ്ങളെടുക്കേണ്ടതുമാണ്. കമ്മിറ്റിയുടെ രൂപീകരണം, അംഗങ്ങളുടെ പരിശീലനം തുടങ്ങിയവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

**ചുമതലകൾ**

- വിദ്യാലയപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
- വിദ്യാലയവികസനപദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുക.
- സംസ്ഥാന ഗവൺമെന്റ്, LSG, മറ്റ് ഏജൻസികൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന ധനസഹായം വിനിയോഗിക്കുന്നതിന് മേൽനോട്ടം വഹിക്കുക.
-

**(സി) മോണിറ്ററിംഗ്**

– മോണിറ്ററിംഗിന്റെ ധർമ്മമെന്തെന്ന് അധ്യപകവിദ്യാർഥികൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

- അധ്യാപകൻ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ക്രോഡീകരിക്കുന്നു.

**എന്താണ് മോണിറ്ററിംഗ്**

എന്താണ് സംഭവിക്കുന്നതെന്നും ആസൂത്രണം ചെയ്ത പ്രകാരം എത്രത്തോളം കാര്യങ്ങൾ മുന്നേറിയിട്ടുണ്ട് എന്നു പരിശോധിക്കുന്ന പ്രക്രിയയാണ് മോണിറ്ററിംഗ്.

ശേഖരിക്കുകയും അപഗ്രഥിക്കുകയും വിശകലനം ചെയ്യുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ വിജയകരമാണോ അല്ലയോയെന്ന് വിധി കല്പിക്കുകയാണ് മൂല്യനിർണയം വഴി ചെയ്യുന്നത്.

ഈ രണ്ട് പ്രക്രിയകളും അടുത്തു ബന്ധപ്പെട്ടിരിക്കുന്നവയാണ്. അവയ്ക്ക് താഴെപ്പറയുന്ന ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ കഴിയും.

**Accountability**

Demonstrating the resources are being properly deployed to maintain and improve standard

→ Proving

**Development**

Assisting in formative process of improving teaching and learning through curriculum development

→ Improving

---

SMC

Panchayat Raj institutions

ഹെഡ്മാസ്റ്റർ

**സ്കൂൾതല/ക്ലാസ്തല മോണിറ്ററിംഗ്**

വിദ്യാഭ്യാസ ഓഫീസർമാർ (AEO, DEO, DD)

BRC Staff

ഡയറ്റ് ഫാക്കൽറ്റി

**മോണിറ്ററിംഗ് മേഖലകൾ**

- അക്കാദമികതലം
- ക്ലാസ്മാനേജ്മെന്റ്
- ഭൗതികസാഹചര്യം
- സാമൂഹികബന്ധവും പങ്കാളിത്തവും
- 

### (ഡി) പ്രധാനാധ്യാപകന്റെ റോൾ /ഉണ്ടായിരിക്കേണ്ട ശേഷികൾ

- പ്രധാനാധ്യാപകൻ നല്ല മാനേജർ ആയിരിക്കണം.
- ജനാധിപത്യവാദിയായിരിക്കണം.
- നേതൃത്വഗുണം ഉണ്ടാകണം
- നല്ല ആസൂത്രകനാകണം
- നല്ല അധ്യാപകനാകണം
- നല്ല സുഹൃത്തും വഴികാട്ടിയും
- നല്ല കോ-ഓർഡിനേറ്റർ
- ക്ലാസ്റും മോണിറ്ററിംഗ് നടത്തുന്നയാൾ
- സ്വയം വിലയിരുത്തുന്ന ആൾ
-
-

### ആരാണ് ഒരു നല്ല മാനേജർ

ആസൂത്രണം, ക്രമീകരണം, നിർദ്ദേശം, നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വ്യത്യസ്ത വിഭവങ്ങളെ (man & material) കൂട്ടിയോജിപ്പിച്ച് കാര്യനിർവഹണം നടത്തുന്നയാളാണ് മാനേജർ. മാനേജീരിയൽ റോളിനെ നാലായിതിരിക്കാം.

- Interpersonel role
- Informational role
- Decisional role
- Professional role

### ഹെഡ്മാസ്റ്റർ അക്കാദമികലീഡർ എന്ന നിലയിൽ

വിദ്യാലയത്തിന്റെ മികവ് അവിടത്തെ അക്കാദമിക നേട്ടത്തിന്റെ മികവാണ്. ഈ മികവ് ഉണ്ടാക്കിയെടുക്കുന്നതിൽ ഹെഡ്മാസ്റ്ററുടെ റോൾ വളരെ പ്രധാനപ്പെട്ടതാണ്. ഹെഡ്മാസ്റ്റർ നല്ല അധ്യാപകനായിരിക്കണം. മറ്റധ്യാപകർക്ക് പ്രചോദകനും പ്രോത്സാഹനം നൽകുന്ന ആളുമായിരിക്കണം. അതിന് സഹാധ്യാപകരുമായുള്ള കൂട്ടായ ആസൂത്രണവും ആശയവിനിമയവും അനിവാര്യമാണ്. ആസൂത്രണം ചെയ്ത പ്രകാരമാണോ ക്ലാസ്റൂം പ്രവർത്തനങ്ങൾ നടക്കുന്നതെന്നത് ഉറപ്പാക്കണം. അതിന് ക്ലാസ്റൂം മോണിറ്ററിംഗ്, അത്യാവശ്യമാണ്. അക്കാഡമിക് ലീഡർ എന്ന നിലയിൽ സ്കാളിന്റെ വാർഷിക, പ്രതിമാസ, ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കി വിലയിരുത്തണം.

- എങ്കിൽ ഹെഡ്മാസ്റ്റർ ക്ലാസ് മോണിറ്ററിംഗ് നടത്തുമ്പോൾ എന്തൊക്കെ കാര്യങ്ങൾ പരിഗണിക്കണം.?
- അധ്യാപകവിദ്യാർഥികൾ ഗ്രൂപ്പുചർച്ചയിലൂടെ ആശയങ്ങൾ കണ്ടെത്തുന്നു.
- ക്രോഡീകരിക്കുന്നു.
- ക്ലാസ് മോണിറ്ററിംഗ് ടൂൾ തയ്യാറാക്കുന്നു.

**സാമ്പിൾ ക്ലാസ് മോണിറ്ററിംഗ് ടൂൾ**

| ക്രമ നമ്പർ | സൂചകങ്ങൾ | മെച്ചപ്പെട്ടത് | ശരാശരി | ശരാശരിക്ക് താഴെ |
|---|---|---|---|---|
| 1. | ഫലപ്രദമായ ആസൂത്രണം നടത്തിയിട്ടുണ്ട് | | | |
| 2. | കുട്ടികളെ പഠനത്തിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | | | |
| 3. | സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അവസരമൊരുക്കുന്നു. | | | |
| 4. | അനുയോജ്യമായ പഠനോപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്. | | | |
| 5. | പാഠപുസ്തകത്തോടൊപ്പം മറ്റു സാമഗ്രികളും ഉപയോഗിക്കുന്നു. | | | |
| 6. | ക്ലാസ്റൂം പ്രക്രിയയുടെ ഭാഗമായി കുട്ടിയുടെ ഉല്പന്നങ്ങൾ വികസിച്ചുവരുന്നുണ്ട്. | | | |
| 7. | ബഹുമുഖബുദ്ധി വളർത്താൻ ബോധപൂർവം ശ്രമിക്കുന്നുണ്ട്. | | | |
| • | | | | |
| • | | | | |
| • | | | | |

പ്രവർത്തനമാന്വലിൽ നിർദ്ദേശിച്ച പ്രധാനാധ്യാപകന്റെ റോളുമായി ബന്ധപ്പെട്ട 'As is the headmaster so is the school' എന്ന വിഷയത്തിൽ അധ്യാപക വിദ്യാർഥികൾ സെമിനാർ പ്രബന്ധം തയ്യാറാക്കി സെമിനാർ നടത്തേണ്ടതാണ്.

ഇതിനായി (ഡി) ൽ കൊടുത്ത ആശയങ്ങളെ വിപുലീകരിച്ചാൽ മതിയാകും.

**റഫറൻസ് സാമഗ്രികൾ**


1. Monitoring and Evaluation for school improvement
   (Mazda Jenkin, Jeff Jones and Sue Lord) - *Madhuban Educational Books - Delhi*
2. Managing a Better school
   (David Potter and Graham Powell) - *Heinemann Educational Publishers, Oxford*
3. Administration and Management of Education
   (Dr. S.R. Pandya) - *Himalaya Publishing House - Delhi.*